# അദ്ധ്യായം 6

# മരിച്ചിട്ടും ജീവിക്കുന്നു

നാം പഠനത്തിന്റെ പുതിയൊരു മേഖലയിലേക്ക് പ്രവേശിക്കുകയാണ്. ''ശിക്ഷാവിധി''-യെക്കുറിച്ച് നാം പഠിക്കുകയും നമുക്ക് ദൈവത്തിന്റെ നീതീകര ണത്തിന്റെ ആവശ്യകതയുണ്ടെന്നും നാം കണ്ടു (1:18–3:20). ''നീതീകരണം'' എന്ന് നാം വിളിച്ച അതിന് ശേഷമുള്ള ഭാഗത്തിൽ, മനുഷ്യരെ നീതിമാൻ മാരായി കണക്കിടുന്നതിനുള്ള ദൈവത്തിന്റെ ക്രമീകരണത്തെക്കുറിച്ച് പൗലൊ ാസ് വിശദീകരിച്ചു (3:21–5:21). ഇനി നാം ''വിശുദ്ധീകരണം'' എന്ന വിഭങ്ങസ ത്തിലേക്ക് നീങ്ങുന്നതിന് തയ്യാറായിക്കഴിഞ്ഞു (6:1–7:25).

റോമാ ലേഖനം എഴുതുന്നതിനായി പറഞ്ഞു കൊടുത്തു കൊണ്ടിരുന്ന പ്പോൾ, പൗലൊസിന്റെ മുൻപിൽ ഒരു രേഖാ രൂപം ഇല്ലായിരുന്നു. ഈ കത്തിൽ, പൊടുന്നനവെയുള്ള വിഭജനങ്ങളില്ല. അദ്ദേഹം ഒരു ചിന്തയിൽ നിന്ന് മറ്റൊരു ചിന്തയിലേക്ക് സഞ്ചരിക്കുകയും ചിലപ്പോൾ പുതിയ ഒരു ആശയം ആരംഭിച്ച ശേഷം, മുൻപ് ചർച്ച ചെയ്ത ഭാഗങ്ങളിലേക്ക് മടങ്ങുകയും ചെയ്തു. ഇക്കാരണത്താൽ, വിഭജനങ്ങൾ പരസ്പരം ഒന്ന് മറ്റൊന്നിലേക്ക് വ്യാപിച്ചു കിടക്കു ന്നതായി നമുക്ക് കാണാം. എങ്കിൽത്തന്നെയും, ഈ ലേഖനത്തിന്റെ വ്യത്യസ്ത ഭാഗങ്ങളിൽ പൗലൊസ് ഊന്നിപ്പറയുന്ന ചിന്തകളെ പഠിക്കുന്നത് മൂല്യവത്താണ്.

അദ്ധ്യായങ്ങൾ 6, 7 എന്നിവ, ''വിശുദ്ധീകരണം'' എന്ന വിഷയം സംബ ന്ധിച്ചുള്ള പൗലൊസിന്റെ ദൈവനിശ്വാസീയമായ ചിന്തകളായി നാം വിഭജിച്ച ല്ലോ. എൻഎഎസ്ബി പരിഭാഷയിൽ, ''വിശുദ്ധീകരണം'' എന്ന വാക്ക് ഈ അദ്ധ്യായങ്ങളിൽ രണ്ട് വാക്യങ്ങളിലാണ് പ്രത്യക്ഷപ്പെടുന്നത്:

> ... നിങ്ങളുടെ ജഡത്തിന്റെ ബലഹീനതനിമിത്തം ഞാൻ മാനുഷരീതിയ ിൽ പറയുന്നു. നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്നായി അശുദ്ധിക്കും അധർമ്മത്തിന്നും അടിമകളാക്കി സമർപ്പിച്ചതുപേ ാലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിന്നായി നീതിക്കു അടിമകളാക്കി സമർപ്പിപ്പിൻ (6:19; പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നു).

> എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു (6:22; പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നു).

വിശുദ്ധീകരണം എന്ന വാക്ക് മലയാളത്തിൽ അത്ര സാധാരണമായി ഉപയോഗിക്കപ്പെടുന്ന ഒരു വാക്കല്ല. ἅγιος (hagios) (ഹാഗിയോസ്)-ൽ നിന്ന് ἁγιασμός (hagiasmos) (ഹാഗിയാസ്മോസ്) ഇത് പരിഭാഷപ്പെടുത്തിയിരി ക്കുന്നത്. ഈ വാക്ക് ''വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു'' അല്ലെങ്കിൽ ''വിശുദ്ധം'' ആയി പരിഭാഷപ്പെടുത്താവുന്നതാണ്. 6:19, 22-ൽ ''വിശുദ്ധീ കരണം'' എന്ന

വാക്കിന് പകരമായി ചില തർജ്ജിമകൾ ''വിശുദ്ധി'' (കാണുക കെജെവി; എൻകെജെവി; എൻഐവി) എന്നാണ് നൽകിയിരിക്കുന്നത്.

വിഗ്രഹാരാധന നടത്തുന്ന മതങ്ങളിൽ, *ഹാഗിയോസ്* എന്ന വാക്ക്, ''ദൈവങ്ങൾക്ക്'' സമർപ്പിക്കപ്പെട്ടതിനെ പരാമർശിക്കുന്നതിന ായിട്ടാണ് ഉപയോഗിച്ചിരുന്നത്. ഇത് പിന്നീട് പൊതുവായ ഒരു അർത്ഥം കൽപ്പിക്കപ്പെട്ടു: ''വേർതിരിക്കപ്പെട്ടത് അല്ലെങ്കിൽ നീക്കി വെച്ചത്.'' അതിന ാൽ, സിജെബി ഭാഷാന്തരത്തിൽ, റോമർ 6:19, 22 ഇങ്ങനെ നൽകിയിരിക്കുന്നു: ''വിശുദ്ധമാക്കിത്തീർക്കപ്പെട്ടു കൊണ്ടിരിക്കുന്നത്, ദൈവത്തിനായി നീക്കി വെക്കപ്പെട്ടത്.''

പുതിയ നിയമത്തിൽ ''നീതീകരണം'' (*ഹാഗിയാസ്മോസ്*) ഉപയോഗി ക്കപ്പെട്ടിരിക്കുന്നത് പ്രാഥമികമായും രണ്ട് വിധങ്ങളിലാണ്. ഒന്നാമതായി, ദൈവം നമ്മെ വേർതിരിച്ച്, അവിടുത്തെ സന്താനങ്ങളാ ക്കിത്തീർക്കുന്നു (കാണുക കൊലൊ. 1:13, 14). രക്ഷിക്കപ്പെട്ട എല്ലാവരും, അങ്ങനെ ''വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു''; ഓരോരുത്തരും ഒരു ''വിശുദ്ധൻ/വിശുദ്ധ'' ആയിത്തീർന്നിരിക്കുന്നു (കാണുക റോമർ 1:7; 1 കൊരി. 1:2).

''വിശുദ്ധീകരണം''എന്ന വാക്ക് പുതിയ നിയമത്തിൽ മറ്റൊരു അർത്ഥത്തിലും ഉപയോഗിച്ചിട്ടുണ്ട്. ഒരു വ്യക്തിയുടെ രൂപാന്തരത്തിന്റെ സമയത്ത് നടക്കുന്ന ഒരു ദൈവീക പ്രക്രിയയായി മാത്രമായി പരാമർശിക്കുന്നതിന് സാദ്ധ്യമല്ല; എന്നാൽ ഒരു ജീവിത കാലത്തുടനീളം നടക്കുന്ന ഒരു ദൈനംദിന പ്രക്രിയയായിട്ടും അർത്ഥമാക്കേണ്ടതാണ്. എബ്രായ ലേഖന കർത്താവ് വായനക്കാരെ, ''... .ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല'' (എബ്രാ. 12:14). ക്രൈസ്തവ വിശ്വാസികളായിത്തീരുന്ന സമയത്ത്, പൗലൊസ് അഭിസംബേ ാധന ചെയ്യുന്നവർ, ദൈവത്തിനു വേണ്ടി ''വേർതിരിക്കപ്പെട്ട'' വരായിരുന്നു. ഇപ്പോൾ അവർക്ക് വേർതിരിക്കപ്പെട്ട വ്യക്തികളായി ജീവിക്കേണ്ടതുണ്ട ായിരുന്നു.

നാം രണ്ടാമത്തെ അർത്ഥത്തിലാണ് ''വിശുദ്ധീകരണം'' എന്ന പദം ഉപ യോഗിക്കുന്നത്. റിച്ചാർഡ് റോജേഴ്സ് ഇങ്ങനെ പറഞ്ഞിട്ടുണ്ട്: നീതീകരണം നമ്മുടെ വഴി നേരെയാക്കുന്നത് സംബന്ധിച്ചുള്ളതാണ്; അതേ സമയം വിശുദ്ധീകരണം നേരേയായുള്ള ഒരു ജീവിതം ജീവിക്കുന്നത് സംബന്ധിച്ചാണ്.[1] ആർ. സി ബെൽ അതിനെക്കുറിച്ച് പറയുന്നത് മറ്റൊരു വിധത്തിൽ പറയുന്നു. നീതീകരണം എന്നാൽ ''നമുക്കായി ഉള്ള ഒരു ദൈവീക പ്രവർത്തിയാണ്'' എന്നാൽ വിശുദ്ധീകരണമാകട്ടെ ''നമ്മിലുള്ള ഒരു ദൈവീക പ്രവർത്തിയാണ്.''[2]

റോമാ ലേഖനം 6-ഉം 7-ഉം വിശുദ്ധീകരണത്തിന്റെ തത്വം സ്ഥാപ ിക്കുന്നു. ഈ അദ്ധ്യായങ്ങൾ വിശുദ്ധീകരണം ''എന്തിനായി'' എന്നതിന് ഉത്തരം നൽകുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നു: എന്തുകൊണ്ട് ക്രിസ്തീയ വിശ്വാസികൾ വിശുദ്ധവും വിശുദ്ധീകരണം പ്രാപിക്കപ്പെട്ടതുമായ ഒരു ജീവിതം നയിക്കണം എന്ന് അവ പറയുന്നു. ഈ ലേഖനത്തിൽ പിന്നീട്, അദ്ധ്യായങ്ങൾ 12 മുതൽ 16-ന്റെ അവസാനം വരെയുള്ള ഭാഗങ്ങളിൽ പൗലൊസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നത്, വിശുദ്ധീകരിക്കപ്പെട്ട ഒരു വ്യക്തി എങ്ങനെ ജീവിക്കണം എന്നതിന്റെ പ്രായോഗിക ഉദാഹരണങ്ങൾ നൽകിക്കൊണ്ട്, വിശുദ്ധീകരണത്തിന്റെ പ്രായോഗിക തലമാണ്. ഈ എഴുത്തിന്റെ അവസാന ഭാഗങ്ങൾ ഇങ്ങനെ ആരംഭിക്കുന്നു: ''സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു:

നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും (വിശുദ്ധീകരിക്കപ്പെട്ട) ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ'' (12:1; ഊന്നൽ അധികമായി നൽകിയിരിക്കുന്നു).

## കൃപ - പാപം ചെയ്യുന്നതിനുള്ള ഒരു ലൈസൻസ് അല്ല (6:1-4)

### സ്നാനത്തിലൂടെ പാപത്തോട് മരിച്ചവരായിത്തീരുക (6:1-7)

**[1]ആകയാൽ നാം എന്തു പറയേണ്ടു? കൃപ പെരുകേണ്ടതിന്നു പാപം ചെയ്തു കൊ ണ്ടിരിക്ക എന്നോ? ഒരുനാളും അരുതു. [2]പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ? [3]അല്ല, യേശുക്രിസ്തുവിനേ ാടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ? [4]അങ്ങനെ നാം അവന്റെ മരണ ത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു; ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിന്നു തന്നേ. [5]അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. [6]നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേണ്ട തിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു. [7]അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.**

റോമയിലുള്ളവർക്ക് എഴുതുമ്പോൾ, പൗലൊസ് പലപ്പോഴും തടസ്സ വാദങ്ങൾ മുൻകൂട്ടിക്കണ്ടണ്ടു; പൊതുവെ, യഹൂദന്മാരിൽനിന്നും. ഈ അദ്ധ്യായത്തിൽ, പൗലൊസ് വീണ്ടണ്ടും തടസ്സ വാദങ്ങൾ മുൻകൂട്ടിക്കാണുന്നു, കൂടാതെ പൗലൊസിനെതിരേ ''തടസ്സ വാദമുന്നയിക്കുന്നവർ'' മിക്കവാറും യഹൂദ പശ്ചാത്തല മുള്ളവരുമായിരുന്നു (കാണുക 6:15; 7:7) - എന്നാൽ പൗലൊസ് എഴുതുന്നത് സ്നാനമേറ്റ വിശ്വാസികളെ അഭിസംബോധന ചെ യ്തു കൊണ്ടണ്ടാണ് (6:3–11).

**വാക്യം 1.** ഈ അദ്ധ്യായം ആരംഭിക്കുന്നത് ഒരു ചോദ്യത്തോടെയാണ്: **ആക യാൽ നാം എന്തു പറയേു?** മറ്റൊരു തരത്തിൽ പറഞ്ഞാൽ, ''നാം മുൻപ് പറഞ്ഞ തിനെക്കുറിച്ച് നാം എന്താണ് പറയുക?'' ''പാപം പെരുകിയിടത്ത് കൃപ അത്യന്തം വർദ്ധിച്ചു (5:20)'' എന്ന് അദ്ദേഹം തൊട്ടു മുൻപ് പ്രഖ്യാപിച്ചതേയുള്ളൂ. ഇപ്പോൾ ഇവിടെ അദ്ദേഹം ഒരു പ്രതികരണം പ്രതീക്ഷിക്കുകയാണ്: **കൃപ വർദ്ധിക്കുന്ന തിനായി നാം പാപം ചെയ്തുകൊി രിക്കേണ്ടതുണ്ടോ?** ഈ ചോദ്യത്തിൽ വികല മായ ഒരു യുക്തി ഉണ്ട്. ''പാപം കൃപ വർദ്ധിക്കുന്നതിനായി കാരണമാകു ന്നതെന്നതിനാൽ, കൂടുതൽ പാപത്തിന്റെ അർത്ഥം, കൂടുതൽ കൃപയെന്നതാണ്. കൂടുതൽ കൃപ ഉത്തമമായതിനാൽ, കൂടുതൽ പാപവും നല്ലതാകേണ്ടതാണ്.''

പ്രത്യക്ഷത്തിൽ, ഒന്നാം നൂറ്റാണ്ടിൽ ഇത്തരത്തിലൊരു മനോഭാവം പതിവായി രുന്നു. ''നമ്മുടെ ദൈവത്തിന്റെ കൃപയെ ദുഷ്കാമവൃത്തിക്കു ഹേതുവാക്കി ഏക നാഥനും നമ്മുടെ കർത്താവുമായ യേശുക്രിസ്തുവിനെ നിഷേധിക്കുന്ന അഭക്ത രായ ചില മനുഷ്യർ നുഴഞ്ഞു വന്നിരിക്കുന്നു'' എന്ന് യൂദാ എഴ

ുതി (യൂദാ 4; കാണുക ഗലാ. 5:13). ഡയറ്റ്റിച്ച് ബോൺഹോഫർ, ദൈവീക കരുണയുടെ നേരെ യുള്ള അലക്ഷ്യ സമീപനത്തെ “വില കുറഞ്ഞ കൃപ” എന്ന പ്രയോഗത്തിലൂടെ വിവരിച്ചു.[3] കൃപ വില കുറഞ്ഞതാകുന്നതിന് പകരം, അത് വിലയേറിയതാണ് എന്ന് അദ്ദേഹം എഴുതി: “അനുഗമിക്കുന്നതിനായി നമ്മോട് ആഹ്വാനം ചെയ്യുന്ന തിനാൽ, അത് വിലയേറിയതാണ്” എന്നാൽ “യേശുക്രിസ്തുവിനെ അനുഗമിക്കു ന്നതിനായി അത് നമ്മെ ആഹ്വാനം ചെയ്യുന്നതിനാൽ അത് കൃപയാണ്.”[4]

പൗലൊസിന് എതിരായി ചോദ്യമുന്നയിക്കുന്ന “തടസ്സവാദി”, അനാത്മീകമായ ഒരുജീവിത ശൈലിയെ ന്യായീകരിക്കുന്നതിനായി ശ്രമിക്കുകയായിരുന്നുവോ? ഒരുപക്ഷേ, ഒരുപക്ഷേ അപ്പൊസ്തലനെ അപകീർത്തിപ്പെടുത്തുന്നതിനായി ശ്രമി ക്കുകയായിരുന്നുവെന്നതിനാണ് കൂടുതൽ സാദ്ധ്യത. അദ്ധ്യായം 3-ൽ നാം പൗലൊസ് അപ്പൊസ്തലന്റെ ഈ പൊട്ടിത്തെറി കാണുന്നുണ്ട്: “നല്ലതു വരേണ്ട തിന്നു തീയതുചെയ്ക എന്നു പറയരുതോ? ഞങ്ങൾ അങ്ങനെ പറയുന്നു (ഞങ്ങളെ ക്കുറിച്ച് അപവാദം പറയുന്നതു പോലെയും മറ്റുള്ളവർ ഞങ്ങൾ അങ്ങനെ പറയുന്നു എന്നു പറയുന്നതുപോലെയും) ചിലർ ഞങ്ങളെ ദുഷിച്ചു പറയുന്നുവല്ലോ” (3:8). കൃപയെക്കുറിച്ചുള്ള പൗലൊസിന്റെ ഉപദേശം, പാപം ചെയ്യുന്നതിന് ആളുകളെ പ്രോൽസാഹിപ്പിക്കുന്നു എന്ന് ചിലർ വാദിക്കുന്നു. അത്തരത്തിലുള്ള ന്യായയുക്തി നിരത്തിക്കൊണ്ട്, പൗലൊസിനെ അബദ്ധം പ ഠിപ്പിക്കുന്ന ഒരു അദ്ധ്യാപകനായി അവർ അന്തിമ വിലയിരുത്തൽ നടത്തുന്നു.

**വാക്യം 2.** “കൃപ പെരുകേണ്ടതിന്നു പാപം ചെയ്തുകൊണ്ടിരിക്ക എന്നോ? (6:1) എന്ന ചോദ്യത്തിന് പൗലൊസ് നൽകുന്ന ഉത്തരം എന്താണ്? അത്തരമൊരു ചോദ്യത്തിന്റെ വിവക്ഷ തന്നെ അദ്ദേഹത്തെ നടുക്കിക്കളഞ്ഞു: **“ഒരു നാളുമരുതു!”** ഫിലിപ്സ് പ്രതികരിക്കുന്നത് ഇങ്ങനെയാണ്: “എന്തൊരു ഭയാനകമായ ചിന്ത!”

ക്രിസ്തീയ വിശ്വാസികൾ പാപം ഒഴിവാക്കേണ്ടതിന്റെ ആവശ്യകതയെ ക്കുറിച്ച് പൗലോസ് നിരവധി കാരണങ്ങൾ നിരത്തുന്നുണ്ട്. അതിൽ ആദ്യത്തേത്, “പാപസംബന്ധമായി മരിച്ചു” എന്നതാണ്: **“പാപസംബന്ധമായി മരിച്ചവരായ നാം ഇനി അതിൽ ജീവിക്കുന്നതു എങ്ങനെ?”** “മരണം” എന്ന വാക്കിന്റെ (θάνατος, *thanatos*, *താനാറ്റോസ്*) അർത്ഥം, നാം ഇതിനോടകം തന്നെ ചർച്ച ചെയ്തു കഴിഞ്ഞിട്ടുള്ളതാണല്ലോ (5:12-ലെ കമന്റുകൾ കാണുക). റോമർ 6-ൽ, ശാരീരിക മരണത്തെ യേശുക്രിസ്തുവിലുള്ള ഒരു വ്യക്തിയുടെ പരിവർത്തനത്തോട് താരതമ്യം ചെയ്തു കൊണ്ട്, പൗലൊസ് ഈ പദത്തിന് ആലങ്കാരികമായ ഒരു അർത്ഥം കൽപ്പിക്കുകയാണ്.

പാപസംബന്ധമായി മരിക്കുക എന്ന തത്വത്തെ ചിത്രീകരിച്ച് കാട്ടുന്നതിനായി, നമുക്ക് ഒരു ചത്ത മൃഗത്തെ ഭാവനയിൽ കാണാം. നമുക്ക് ആ മൃഗത്തിന്റെ ഇഷ്ട ഭക്ഷണം അതിന്റെ മൂക്കിന്റെ തൊട്ടു താഴെയായി വെച്ചാലും അത് പ്ര തികരിക്കില്ല. കാരണം, അത് *ചത്തതാണെന്നതു* തന്നെ. ഒരർത്ഥത്തിൽ *നാം* മരിച്ചവരായതിനാൽ, പാപം നമ്മെ ദൈവത്തിൽ നിന്ന് അകറ്റുന്നതിനായി ശ്രമിക്കുമ്പോൾ അതിനോട് പ്രതികരിക്കരുത് എന്നാണ് പൗലൊസ് പറഞ്ഞത്.

മറ്റെല്ലാ ബിംബങ്ങളെപ്പോലെയും, ഈ ചിത്രീകരണവും ഏറെ വലിച്ചു നീട്ടുവാൻ പാടുള്ളതല്ല. ചത്ത ഒരു മൃഗം ഏത് വിധത്തിലുമുള്ള ഒരു പ്രേ രക ഘടകത്തോട് പ്രതികരിക്കുന്നതിന് കഴിവില്ലാത്തതാണ്. എന്നാൽ ഒരു ക്രിസ്തീയ വിശ്വാസി പ്രലോഭനത്തോട് പ്രതികരിക്കുന്നതിന് കഴിവില്ലാത്തയ ാളാണ് എന്ന് പൗലൊസ് അർത്ഥമാക്കുന്നില്ല. മറിച്ച്, തന്റെ ക്രിസ്തീയ

വായനക്കാരോട് പൗലൊസ് പറയുന്നത്, അവർ പാപ സംബന്ധമായി മരിച്ചവരായതിനാൽ, പാപം അവരുടെ മർത്യ ശരീരത്തിൽ വാഴുന്നതിന് അനുവദിക്കരുതെന്നും പാപത്തിന്റെ ആസക്തികളെ അനുസരിക്കരുതെന്നുമാണ്. അവർ അവരുടെ ശരീരത്തിലെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന് സമർപ്പിക്കരുത് (6:11–13). ഈയൊരു സാഹചര്യത്തെ ഇങ്ങനെ പ്രസ്താവിക്കാം: "നാം പാപം സംബന്ധിച്ച് മരിച്ചു; എന്നാൽ പാപം നമുക്കായി മരിച്ചിട്ടില്ല."

ക്രിസ്തീയ വിശ്വാസികൾക്ക് പാപം ചെയ്യുന്നതിന് സാധിക്കില്ല എന്നല്ല, അവർ പാപം ചെയ്യരുത് എന്നാണ് പൗലൊസ് പറയുന്നത്. പാപം നിറഞ്ഞ ഒരു ജീവിത ശൈലി, പാപസംബന്ധമായി മരിച്ചിരിക്കുന്നു എന്ന പുതിയ പദവിയോട് ചേർന്നു പോകുന്നതേയല്ലല്ലോ. ജിം ഹിൽട്ടൺ എഴുതുന്നു: "നിരവധി ക്രിസ്തീയ വിശ്വാസികളും (പാപ സംബന്ധമായി) മരിച്ചവരാണ്. എന്നാൽ അവർക്ക് അത് അറിയില്ല; അക്കാരണത്താലാണ്. അവർ അത് പ്രകടിപ്പിക്കാത്തത്."[5]

പൗലൊസ് ഇത്തരമൊരു അർത്ഥത്തിൽ എന്തു കൊണ്ടാണ് മരണം എന്ന ബിംബം ഉപയോഗിച്ചത്? അദ്ദേഹത്തിന്റെ പ്രാഥമികോദ്ദേശ്യം, യേശുക്രിസ്തുവിന്റെ ക്രൂശു മരണവുമായി സംഭാഷണത്തെ ചേർത്തു നിർത്തുകയെന്നതായിരുന്നു. യേശു പാപികൾക്കായി മരിച്ചതു പോലെ (5:6–8), നാമും പാപം സംബന്ധിച്ച് മരിക്കണം. ഒരു വ്യക്തി കൃപയിലൂടെ രക്ഷിക്കപ്പെടുമ്പോൾ, അയാളുടെ/അവരുടെ ജീവിതത്തിലുണ്ടാകുന്ന നാടകീയമായ പരിവർത്തനത്തെ അടിവരയിട്ട് കാണിക്കുന്നതിന് കൂടിയാകാം പൗലൊസ് ഇത് ഇത്തരത്തിലൊരു ബിംബം ഉപയോഗിച്ചത്. ശാരീരികമായ മരണം മൂലമുണ്ടാകുന്നത്രയും നാടകീയവും ആത്യന്തികവുമായ ഒരു പരിവർത്തനത്തെ വെല്ലുന്ന മറ്റൊരു വ്യതിയാനത്തെക്കുറിച്ച് ചിന്തിക്കുന്നത് വൈഷമ്യമാണ്.

**വാക്യം 3**. ഇത് ഒരു പ്രധാനപ്പെട്ട ചോദ്യം നമ്മുടെ മുൻപിലേക്ക് കൊണ്ടു വരുന്നു: നാം എങ്ങനെ, എപ്പോൾ "പാപ സംബന്ധിയായി മരിക്കുന്നു?" നിരവധി ഘടകങ്ങൾ പരാമർശിക്കപ്പെട്ടേക്കാം. നമ്മുടെ പാപമാണ് യേശുവിനെ ക്രൂശിൽ ആണികളിൽ തൂങ്ങുന്നതിന് കാരണമായത് എന്ന് നാം തിരിച്ചറിയുന്നതോടെ, നമ്മുടെ പരിവർത്തനം സംഭവിച്ച മനോഭാവത്തെക്കുറിച്ച് നമുക്ക് സംസാരിക്കാവുന്നതാണ് (കാണുക 1 കൊരി. 15:3). വിശ്വാസവും പശ്ചാ ത്താപവും ചേർന്ന്, ദൈവീക സ്വഭാവമുള്ള ഒരു ജീവിതം നയിക്കുന്നതിനുള്ള ഒരു ആഗ്രഹം നമ്മിൽ എങ്ങനെ ഉൽപ്പാദിപ്പിക്കുന്നുവെന്ന് നമുക്ക് ചർച്ച ചെയ്യാവുന്നതാണ് (അപ്പൊ. 26:20). ദൈവത്തിന്റെ ആത്മാവ് "ശരീരത്തിന്റെ പ്രവൃത്തികളെ മരിപ്പിക്കുന്നതിന്" (8:13) എങ്ങനെ സഹായിക്കുന്നുവെന്ന് നമുക്ക് പരാമർശിക്കുവാൻ കഴിയും; നമുക്ക് അതിന് കഴിയേണ്ടതുമാണ്.

എങ്കിലും, പൗലൊസിന്റെ മനസ്സിൽ പ്രത്യേകമായി മറ്റെന്തോ ഉണ്ടായിരുന്നു. "പാപ സംബന്ധമായി മരിച്ചിരിക്കുന്നു" എന്ന് എഴുതിയതിന്റെ അർത്ഥം എന്താണ് എന്നതിനെക്കുറിച്ച് അദ്ദേഹം യാതൊരു സംശയത്തിനും ഇട വരുത്തുന്നില്ല. ക്രൂശ് സംബന്ധിച്ചുള്ള നമ്മുടെ ഏറ്റവുമാദ്യത്തെ പ്രതികരണത്തിന്റെ പരമകോടിയിലേക്ക് അദ്ദേഹം പെട്ടെന്ന് തന്നെ നീങ്ങുന്നു: – സ്നാനം. ജോൺ ആർ. സ്കോട്ടിന്റെ നിരീക്ഷണം ഇങ്ങനെയാണ്: "നമ്മുടെ പാപ സംബന്ധിയായി മരിച്ചിരിക്കുന്ന നാം, യേശുവിനോട് അവി

ടുത്തെ മരണത്തിൽ ഏകീഭവിക്കുന്നത് നമ്മുടെ സ്നാനത്തിലൂടെയാണ്."[6]

ഈ ലേഖനത്തിൽ, "സ്നാനം", "സ്നാനപ്പെടുത്തുക" എന്നീ വാക്കുകൾ പ്രത്യക്ഷപ്പെടുന്നത് 6:3, 4-ൽ മാത്രമാണ്.βάπτισμα (*baptisma*) (ബാപ്ടിസ്മ) എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് "സ്നാനം" എന്ന് പരിഭാഷപ്പെടുത്താവുന്ന വാക്ക് ഉൽഭവിക്കുന്നത്. അതേ സമയം, "സ്നാനപ്പെടുത്തുക" എന്ന് പരിഭാഷപ്പെടുത്താവുന്ന വാക്ക് ഉൽഭവിക്കുന്നത് βαπτίζω (*baptizō*) (ബാപ്ടിസോ)-ൽ നിന്നുമാണ്. ഈ രണ്ട് പദങ്ങളുടെയും മൂലപദം, മുങ്ങുക എന്ന് അർത്ഥം നൽകുന്ന βάπτω (*baptō*) (ബാപ്റ്റോ) എന്ന പദമാണ്. ബാപ്ടിസോ എന്ന പദത്തിന്റെ അർത്ഥം "മുങ്ങുക, നിമഞ്ജനം ചെയ്യുക" എന്നും ബാപ്ടിസ്മ എന്നതിന്റെ അർത്ഥം, "നിമഞ്ജനം" എന്നുമാണ്.[7] ആദിമ സഭയുടെ, സ്നാനത്തിന്റെ മാർഗ്ഗം നിമഞ്ജനം ആയിരുന്നുവെന്നതിനോട് ചരിത്രകാരൻമാർ യോജിക്കുന്നുണ്ട്. അതിനാൽ, സിജെബി 6:3, 4 പരിഭാഷപ്പെടുത്തുന്നത് ഈ വിധത്തിലാണ്: "യേശുക്രിസ്തുവിൽ നിമഞ്ജനം ചെയ്തിട്ടുള്ള നാം മ്ശിഹ (യേശു), അവന്റെ മരണത്തിലേക്ക് നിമഞ്ജനം ചെയ്യപ്പെട്ടിരിക്കുന്നു എന്ന് നിങ്ങൾക്ക് അറിയില്ലേ? (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

ഇത് സ്നാനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ശക്തിമത്തായ ഒരു വചനഭാഗമായതിനാൽ, ഏതാനും എഴുത്തുകാർ ഇതിനെ "ആത്മ സ്നാനം" അഥവാ "ആത്മാവിലുള്ള" സ്നാനത്തെക്കുറിച്ച് പരാമർശിക്കുന്ന ഒരു ഭാഗമായി വ്യാഖ്യാനിക്കുന്നു. എങ്കിലും, കീർത്തി നേടിയിട്ടുള്ള പണ്ഡിതൻമാർ, പൗലൊസ് അർത്ഥമാക്കിയത്, "മഹത്തായ ദൗത്യ'-ത്തിന്റെ ജല സ്നാനം തന്നെയായിരുന്നുവെന്ന് അംഗീകരിക്കുന്നു. ഉദാഹരണമായി, ഡഗ്ലസ് ജെ. മൂ എഴുതുന്നത്, "ബാപ്ടിസോ" എന്ന ക്രിയയാണ് പൗലൊസ് സാധാരണയായി ക്രിസ്തീയ ജല സ്നാനത്തെ പരാമർശിക്കുന്നതിനായി ഉപയോഗിച്ചിരുന്നത് ... കൂടുതലായി, വാക്യം 4-ലെ "സ്നാനം" എന്ന് അർത്ഥം വരുന്ന വാക്ക് (ഗ്രീക്ക്, ബാപ്ടിസ്മ) എപ്പോഴും ഇതേ അർത്ഥമാണ് നൽകുന്നത്.[8] "സ്നാനം നടക്കുന്ന ഘടകത്തിന്റെ പരാമർശമില്ലാതെ, "സ്നാനം, സ്നാനപ്പെടുക" എന്നീ പ്രയോഗങ്ങൾ ഉണ്ടാകുമ്പോഴെല്ലാം, അത് ജല സ്നാനത്തെ പരാമർശിക്കുന്നു" എന്നും സ്കോട്ട് കൂട്ടിച്ചേർത്തു.[9] അങ്ങനെ, ഈ വചന ഭാഗത്തിൽ"സ്നാനപ്പെട്ടു" എന്ന് അർത്ഥം വരുന്ന പദത്തിലേക്ക് ഭാഷാന്തരം ചെയ്യാമെന്ന് മാത്രമല്ല, നമുക്ക് ന്യായാനുക്തമായി "(വെള്ളത്തിൽ)" എന്നും ചേർക്കാവുന്നതാണ്.

ഈയൊരു ഘട്ടത്തിൽ, ജല സ്നാനത്തെക്കുറിച്ച് പൗലൊസ് സംസാരിക്കുന്നത് ചില എഴുത്തുകാരെ അത്ഭുതപ്പെടുത്തുന്നുണ്ട്. ഒരാൾ പറയുന്നു, "യേശു ക്രിസ്തുവിൽ *വിശ്വസിച്ച* നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്നിരി ക്കുന്നു' എന്നും "നമ്മുടെ *വിശ്വാസത്തിലൂടെ* അവനോടുകൂടെ കുഴിച്ചിടപ്പെട്ടിരി ക്കുന്നു' എന്നും അദ്ദേഹം പറയുമായിരുന്നു എന്നാണ് നാം പ്രതീക്ഷിച്ചിരി ക്കുക."[10] അദ്ധ്യായങ്ങൾ 1 മുതൽ 5-ന്റെ സമാപനം വരെ, "വിശ്വാസത്താൽ മാത്രം" എന്ന് "വിശ്വാസത്തെ" വ്യാഖ്യാനിച്ചവർക്ക്, സ്നാനം ഇവിടെ അവതരിപ്പിക്ക പ്പെടുന്നത് അത്ഭുതമുണർത്തുന്നതു തന്നെയാണ്. രക്ഷിക്കുന്ന വിശ്വാസത്തിൽ അനുസരണവും ഉൾപ്പെടുന്നു (1:5; 16:26) എന്ന് മനസ്സിലാക്കിയവർക്ക്, വിശ്വാസ ത്തിന്റെ ഒരു പ്രകടനമായി സ്നാനത്തെക്കുറിച്ച് പൗലൊസ് സംസാരിക്കുമെന്നത് അത്ഭുതപ്പെടുത്തുന്നതല്ല. മഹത്തായ ദൗത്യം ഭരമേൽപ്പിക്കുന്ന അവസരത്തിൽ, യേശു വിശ്വാസവും

സ്നാനവും രക്ഷയും ഒരുമിച്ച് ബന്ധിപ്പിച്ചു: ''വിശ്വസിക്കയും സ്നാനം ഏൽക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (മർക്കൊസ് 16:16).

ദൈവത്താൽ നൽകപ്പെട്ടിട്ടുളള കൽപ്പനയായ സ്നാനം എന്ന വിഷയത്തെ ക്കുറിച്ച്, വചനാധിഷ്ഠിതമായ, അനുയുക്തമായ നിലപാട് സ്വീകരിക്കുന്നതിന് പകരം അങ്ങേയറ്റത്തോളം പോയതാണ്, സ്നാനത്തെ ചുറ്റിപ്പറ്റി ഇന്ന് നില നിൽ ക്കുന്ന വിവാദങ്ങളുടെ ഏറെയും കാരണം. ചിലർ ഇങ്ങേയറ്റത്തോളം പോയി, സ്നാനത്തെ വിശ്വാസത്തിൽ നിന്ന് വേറിട്ടതും മാറി നിൽക്കുന്നതുമായ ''ഒരു കൂദാശ'' - പങ്കെടുക്കുന്ന വ്യക്തിക്ക് കൃപ കൊണ്ടു വരുമെന്ന് പഠിപ്പിക്കുന്ന ഒരു അനുഷ്ഠാനം - ആക്കിത്തീർത്തു. അവർ വിശ്വസിക്കുന്നത് അവർക്ക് ശിശു ക്കളെ ''സ്നാനപ്പെടുത്തുവാൻ'' കഴിയുമെന്നും ''ലിംബോ (സ്വർഗ്ഗത്തിനും നരക ത്തിനും ഇടയിലുളള സ്ഥലം)''-യിലേക്ക് പോകുന്നതിൽ നിന്ന് ശിശുക്കളുടെ ആത്മാക്കളെ രക്ഷിക്കുവാൻ സാധിക്കുമെന്നുമാണ്. മറ്റുളളവർ അങ്ങേയറ്റ ത്തോളം പേ ായി, സ്നാനത്തെ ഒരു ചിഹ്നം എന്നതിനേക്കാളുപരി അൽപ്പം കൂടുതലായി കരുതുന്നു. വ്യത്യസ്ത സഭാ വിഭാഗങ്ങളെ പ്രതിനിധീകരിക്കുന്ന പ്രസംഗകർ, സ്നാനത്തെ പലപ്പോഴും, ''ആന്തരികമായ ശുദ്ധീകരണത്തിന്റെ ഒരു ബാഹ്യ അടയാളം'' എന്ന് പരാമർശിക്കാറുണ്ട്. രണ്ട് അറ്റങ്ങളിൽ നിൽക്കുന്ന ഇവ യുടെ മദ്ധ്യത്തിലാണ് ദൈവ വചനാധിഷ്ഠിതമായ സ്നാനത്തിന്റെ നില: *വിശ്വാസത്തിന്റെ* പ്രകടനവും (ആ വിശ്വാസം കൂടാതെ നിഷ്ഫലമായ ഒരു പ്രകടനം) ദൈവം നൽകിയിട്ടുളള, രക്ഷയ്ക്കായുളള ഒരു വ്യവസ്ഥയും. ദൈവ വചനാധിഷ്ഠിതമായ സ്നാനത്തിൽ എന്തൊക്കെ ഉൾപ്പെടുന്നുവെന്ന് റോമർ 6:3, 4-നേക്കാൾ സുന്ദരമായി മറ്റൊരു വചനഭാഗവും പ്രസ്താവിക്കുന്നില്ല.

ഈ വചനഭാഗം ആരംഭിക്കുന്നത്, ... **നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു എന്നു നിങ്ങൾ അറിയുന്നില്ലയോ?** എന്നാണ്. പൗലൊസ് ഒരിക്കലും റോമയിലേക്ക് പോയിട്ടുണ്ടായിരുന്നില്ല (1:13). എന്നാൽ റോമയിലെ ക്രിസ്തീയ വിശ്വാസികൾ സ്നാനം സ്വീകരിച്ചവരാണെന്ന് പൗലൊസ് കണക്കാക്കുകയാണ്. യേശുവിൽ വിശ്വസിച്ചവരുടെ ഒരു സാധാരണമായ പ്രതികരണമായിരുന്നു സ്നാനം എന്ന് ഇത് സൂചിപ്പിക്കുന്നു. എഫ്. എഫ്. ബ്രൂസ് ഇങ്ങനെ അന്തിമ വിലയിരുത്തൽ നടത്തുന്നു, ''പൗലൊസിന്റെ കത്തുകളിലെ സ്നാനത്തെക്കുറിച്ചുളള ഈ വചന ഭാഗവും മറ്റ് പരാമർശങ്ങളും, ക്രിസ്തീയ ജീവിതത്തിലെ 'ഐച്ഛികമായ ഒരു അധിക' ഭാഗമായി പൗലൊസ് കരുതിയിരുന്നില്ല എന്നത് സ്പഷ്ടമാണ്.[11] പുതിയ നിയമ കാലഘട്ടത്തിൽ, ''സ്നാനമേൽക്കാത്ത ഒരു ക്രിസ്തീയ വിശ്വാസി'' എന്നൊരാൾ ഉണ്ടായിരുന്നില്ല.[12]

''നാം എല്ലാവരും ... സ്നാനം ഏറ്റിരിക്കുന്നു'' എന്ന് പരാമർശിച്ചു കൊണ്ട് (അധികമായ ഊന്നൽ നൽകിയിരിക്കുന്നു), അത്തരത്തിൽ സ്നാനമേറ്റവരുടെ കൂട്ടത്തിൽ പൗലൊസും തന്നെത്തന്നെ ഉൾപ്പെടുത്തുന്നു. മുപ്പതോ അതിലേ റയോ വർഷങ്ങൾക്ക് മുൻപ്, അനന്യാസ് എന്നൊരു ക്രിസ്തീയ വിശ്വാസി അദ്ദേഹത്തോട് പറഞ്ഞു: ''ഇനി താമസിക്കുന്നതു എന്തു? എഴുന്നേറ്റു അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിന്റെ പാപങ്ങളെ കഴുകിക്കളക എന്നു പറഞ്ഞു'' (അപ്പൊ. പ്രവ. 22:16). ആ സമയത്ത്, ''അവൻ എഴുന്നേറ്റു, സ്നാനം ഏറ്റു'' (അപ്പൊ. പ്രവ. 9:18).

പൗലൊസ് പറഞ്ഞു, യേശുക്രിസ്തുവിൽ ''നാം എല്ലാവരും ... സ്നാനം

ഏറ്റിരിക്കുന്നു.'' ''**ക്രിസ്തുവിൽ**'' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്, യേശു ക്രിസ്തുവിനോട് വ്യക്തിഗതമായ ഒരു ബന്ധം സ്ഥാപിക്കുകയെന്നതാണ് (കാണുക യോഹ. 15:5).[13] ഗലാത്യയിലുള്ള ക്രിസ്തീയ വിശ്വാസികളോട് പൗലൊസ് പറഞ്ഞു, ''ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു'' (ഗലാ. 3:27). യേശുക്രിസ്തുവിനോടുള്ള വ്യക്തിഗതവും, രക്ഷിക്കുന്നതുമായ ഈ ബന്ധമാണ് റോമർ 6 ലേഖനത്തിലുടനീളം ഊന്നിപ്പറഞ്ഞിരിക്കുന്നത്:

''അല്ല, യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റവരായ നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാകുവാൻ സ്നാനം ഏറ്റിരിക്കുന്നു'' (6;3);
''സ്നാനത്താൽ അവനോടു *കൂടെ* കുഴിച്ചിടപ്പെട്ടു'' (6:4);
''*അവനോട്* ഏകീഭവിച്ചരായി'' (6:5);
''അവനോടു *കൂടെ* ക്രൂശിക്കപ്പെട്ടു'' (6:6);

''ക്രിസ്തുവിനോട് *കൂടെ* മരിച്ചു ... അവനോടു *കൂടെ* ജീവിക്കും'' (6:8). വില്യം ബാർക്ലേ അത് ഇങ്ങനെ സ്വന്തം വാക്കുകളിലൂടെ പ്രകടിപ്പിക്കുന്നു: ''നാം വായുവിനുള്ളിൽ ആയിരിക്കുകയും വായു നമ്മുടെ ഉള്ളിലായിരിക്കുകയും ചെയ്യാത്ത പക്ഷം നമുക്ക് ജീവിക്കാൻ കഴിയില്ല; (അതേ പോലെ) നാം ക്രിസ്തുവിലായിരിക്കുകയും ക്രിസ്തു നമ്മിൽ ആയിരിക്കുകയും ചെയ്യാത്ത പക്ഷം (കാണുക കൊലൊ. 1:27), നമുക്ക് ദൈവത്തിന്റെ ജീവൻ നയിക്കുന്നതിന് സാധിക്കില്ല.''[14]

വാക്യം 3 വരെ, പൗലൊസ് പറയുന്നത് അദ്ദേഹത്തിന്റെ വായനക്കാർക്ക് അതിനോടകം അറിയാവുന്ന വസ്തുതകൾ തന്നെയാണ്. അദ്ദേഹം തന്റെ വാചകം പൂർത്തീകരിക്കുമ്പോൾ, അവർ അതേ വരെ ചിന്തിക്കാത്ത ഒന്നിനെക്കുറിച്ചാണ് അദ്ദേഹം പറയുന്നത്: യേശുക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏൽക്കു ന്നവർ, നാം എല്ലാവരും **അവന്റെ മരണത്തിനോട് അനുരൂ പപ്പെടുന്നതിനാണ് സ്നാനം** ഏൽക്കുന്നത്. ഇത്തരത്തിൽ, പൗലൊസ് എപ്പോൾ, എങ്ങനെയാണ് ഈ ക്രിസ്തീയ വിശ്വാസികൾ ''പാപസംബന്ധമായി മരിച്ചത്'' എന്ന് ചർച്ച ആരംഭിക്കുന്നു. അവർ സ്നാനം ഏറ്റപ്പോൾ, അവർ യേശുവിന്റെ മരണത്തിലും അതിന്റെ പരിണിത ഫലങ്ങളിലും പങ്കു ചേരുകയാണ്.

1 കൊരി. 15-ൽ സുവിശേഷത്തിന്റെ ഹൃദയം എന്നത് യേശുക്രിസ്തുവിന്റെ മരണവും അടക്കവും പുനരുത്ഥാനവുമാണെന്ന് പൗലൊസ് എഴുതി:

എന്നാൽ സഹോദരന്മാരേ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നിങ്ങൾക്കു ലഭിച്ചതും നിങ്ങൾ നില്ക്കുന്നതും ...

നിങ്ങൾ വിശ്വസിച്ചതും വൃഥാവല്ലെന്നു വരികിൽ നിങ്ങൾ രക്ഷിക്കപ്പെടുന്നതുമായ സുവിശേഷം നിങ്ങൾ പിടിച്ചുകൊണ്ടാൽ ഞാൻ ഇന്നവിധം നിങ്ങളോടു സുവിശേഷി ച്ചിരിക്കുന്നു എന്നു നിങ്ങളെ ഓർപ്പിക്കുന്നു. ക്രിസ്തു നമ്മുടെ പാപ ങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു. തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും

പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചുതന്നുവല്ലോ (1 കൊരി. 15: 1–4).

റോമർ 6–ൽ നമ്മുടെ സ്നാനം, ഫലത്തിൽ, ആ സുപ്രധാന നിമിഷങ്ങളുടെ ഒരു പുനരാവിഷ്കാരമാണ് എന്ന് പൗലൊസ് കാണിക്കുകയാണ്. ഒന്നാമതായി, നാം യേശുവിന്റെ മരണത്തിൽ പങ്കാളികളായിത്തീരുന്നു. നാം പാപത്തിൽ മരിച്ചവരായിരുന്നു (എഫെ. 2:1). എന്നാൽ സ്നാനത്തിൽ നാം പാപ സംബന്ധമായി മരിച്ചവരായിത്തീരുന്നു. പൗലൊസ് 6:6–ൽ പറയുന്നു: ''നമ്മുടെ പഴയ മനുഷ്യൻ അവനോട് കൂടെ ക്രൂശിക്കപ്പെട്ടു.''

**വാക്യം 4.** യേശു ക്രൂശിൽ മരിക്കുകയും അടക്കപ്പെടുകയും ചെയ്തു. പൗലൊസ് ഇത്തരത്തിലൊരു താരതമ്യം നടത്തുന്നു: **അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്താൽ അവനോടുകൂടെ കുഴിച്ചിടപ്പെട്ടു.** ജലത്തിലെ നമ്മുടെ നിമഞ്ജനം, ഒരു അടക്കത്തോട് ബന്ധപ്പെടുത്താമെന്ന് മിക്കവാറും എഴുത്തുകാർ അംഗീകരിക്കുന്നുണ്ട്. ജെയിംസ് മാക്നൈറ്റ് എഴുതി ''സ്നാനത്തിൽ ... സ്നാനപ്പെടുന്ന വ്യക്തി ജലത്തിനടിയിൽ കുഴിച്ചിടുന്നു.''[15] തളിക്കലിലൂടെ മാമോദീസ നടത്തുന്നവർ പോലും, ''തളിക്കൽ അതിൽത്തന്നെ'' കുഴിച്ചിടലിന്റെ പ്രതീകാത്മകത്വത്തോട് യോജിക്കുന്നില്ല എന്ന് സമ്മതിക്കും.[16]

സ്നാനത്തിൽ ജലത്തിൽ നാം കുഴിച്ചിടപ്പെടുമ്പോൾ, പാപ സംബന്ധമായി മരിക്കുന്നു എന്ന പ്രക്രിയ പൂർത്തീകരിക്കപ്പെടുന്നു. ഈ ജലത്തിലുള്ള അടക്കം, **മരണത്തിന്** പങ്കാളിയാകുന്നതിനാണ് എന്ന് പൗലോസ് ഊന്നിപ്പറയുമ്പോൾ, നാം ചെയ്യുന്നതും ക്രിസ്തു ചെയ്തതും പരസ്പരമുള്ള അടുത്ത ബന്ധം അദ്ദേഹം അടിവരയിട്ട് സൂചിപ്പിക്കുകയാണ്. ''അവിടുത്തേക്ക് സംഭവിച്ചതെല്ലാം നമുക്ക് സംഭവിക്കുന്നതായി പരിഗണിക്കാവുന്നതാണ്.''[17]

മൂന്നാം ദിവസം ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റു. അങ്ങനെ, പൗലൊസ് തുടരുന്നു, **ക്രിസ്തു മരിച്ചിട്ടു പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേതിന്നു തന്നേ.** ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റതു പോലെ, ''ജല കുഴിമാടത്തിൽ'' നിന്ന് നാമും ഉയിർത്തെഴുന്നേറ്റു. ''സ്നാനത്തിൽ നിങ്ങൾ അവനോടുകൂടെ അടക്കപ്പെടുകയും അവനെ മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തെഴുന്നേല്പിച്ച ദൈവത്തിന്റെ വ്യാപാരശക്തിയിലുള്ള വിശ്വാസത്താൽ അവനോടുകൂടെ നിങ്ങളും ഉയിർത്തെഴുന്നേൽക്കയും ചെയ്തു'' (കൊലൊ. 2:12).

റോമർ 6–ൽ പൗലൊസ് പഠിപ്പിച്ചതിനെക്കുറിച്ച് ആൻഡേഴ്സ് നൈഗ്രെൻ ഇങ്ങനെയാണ് അഭിപ്രായം പ്രകടിപ്പിക്കുന്നത്: ''സ്നാനം സ്വീകരിക്കുന്ന വ്യക്തി ജലത്തിൽ നിമഞ്ജനം ചെയ്യപ്പെടുമ്പോൾ, ആ പ്രവർത്തി ''ക്രിസ്തുവിനോട് കൂടെ' കുഴിച്ചിടപ്പെടുന്നതിനെ ദ്യോതിപ്പിക്കുന്നു. അയാൾ ജലത്തിൽ നിന്ന് പുറത്തു വരുമ്പോൾ, ''ക്രിസ്തുവിനോട് കൂടെ' യുള്ള ഉയിർത്തെഴുന്നേൽപ്പ് അത് വ്യഞ്ജിപ്പിക്കുന്നു.'' എന്നാൽ, പൗലൊസിന്റെ ഈ സ്നാനം സംബന്ധിച്ചുള്ള പഠിപ്പിക്കലിനെ വെറുമൊരു പ്രതീകാത്മകമായ പ്രവർത്തിയായി തെറ്റായി വ്യാഖ്യാനിക്കുന്നതിന് എതിരായി നൈഗ്രെൻ മുന്നറിയിപ്പ് നൽകുന്നുണ്ട്: ''സ്നാനം പ്രതീകവൽക്കരിക്കുന്നത് യഥാർത്ഥത്തിൽ സംഭവിക്കുന്നതുമാണ്, കൃത്യമായും സ്നാനത്തിലൂടെ തന്നെ ...

നാം മുൻപ് ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളായിരുന്നില്ല; എന്നാൽ സ്നാനത്തിലൂടെ നാം അങ്ങനെയായിത്തീരുകയും ശിരസ്സിനോട് വേർതിരിക്കപ്പെടാൻ കഴിയാത്ത വിധത്തിലായിത്തീരുകയും ചെയ്യുന്നു.''[18]

മുൻപ് പരാമർശിച്ചതു പോലെ, 6:3, 4 സ്നാനത്തെക്കുറിച്ചുള്ളതും രക്ഷയ്ക്കായുള്ള ദൈവീക സംവിധാനത്തിൽ അതിനുള്ള സ്ഥാനത്തെക്കുറിച്ചുള്ളതുമായ ശക്തമായ ഒരു വചന ഭാഗമാണ്. മിക്ക വ്യാഖ്യാതാക്കൾക്കും ഈ വചന ഭാഗത്തിന്റെ ശക്തിയെ നിഷേധിക്കുന്നതിന് സാധിക്കില്ല. വിശ്വാസത്തിന്റെ പ്രതികരണത്തിന്റെ ഒരു അത്യന്താപേക്ഷിതമായ ഘടകമാണ് സ്നാനം എന്ന് പറയുന്നതിന് അവർക്ക് മടി കാട്ടുന്നുവെങ്കിലും പലരും അത് അങ്ങനെ തന്നെയാണെന്ന് ഏറെക്കുറെ സമ്മതിക്കുന്നുണ്ട്:

മൂ പറഞ്ഞു: ''ഒരു വലിയ അനുഭവത്തിന്റെ ഒരു ഘടകമായി പുതിയ നിയമം സ്നാനത്തെ അവതരിപ്പിക്കുന്നു; ഇതിനെ (ജെയിംസ് ഡി. ജി.) ഡൺ ''മാനസാന്തരാനുഭവത്തിന് ആരംഭം കുറിക്കൽ' എന്ന് വിളിക്കുന്നു.''[19]

ബ്രൂസ് ഇങ്ങനെ എഴുതുന്നു, ''ക്രിസ്തുവിലുള്ള വിശ്വാസവും സ്നാനവും തീർച്ചയായും മുഴുവനായുമുള്ള ഒരു അനുഭവത്തിന്റെ ഭാഗങ്ങളായ രണ്ട് വ്യത്യസ്ത അനുഭവങ്ങളാണ്''[20]

വാൾട്ടർ ഡബ്ലിയു. വെസ്സൽ രേഖപ്പെടുത്തി: ''പുതിയ നിയമ കാലങ്ങളിൽ, ഒന്നിന്റെ തന്നെ ഭാഗമാണ് എന്ന് പരിഗണിക്കുന്ന വിധത്തിൽ, സ്നാനം മാനസാന്തരാനുഭവത്തെ തൊട്ടു പിന്നിലായി അനുഗമിച്ചിരുന്നു.''[21]

എന്നാൽ, നാം പഠിക്കുന്ന വചന ഭാഗത്തിൽ, പൗലൊസ് ഉദ്ദേശിക്കുന്നത് സ്നാനത്തിന്റെ അത്യന്താപേക്ഷിതമായ സ്വഭാവത്തെക്കുറിച്ച് എന്തെങ്കിലും തെളിയിക്കുന്നതിനല്ല. അദ്ദേഹത്തിന്റെ ലേഖനത്തിന്റെ യഥാർത്ഥ വായനക്കാർ ആരും തന്നെ, സ്നാനത്തിന്റെ ആവശ്യകതയെക്കുറിച്ച് ചോദ്യം ചെയ്തില്ല. നമ്മുടെ പാപങ്ങൾ കഴുകപ്പെട്ടു കഴിഞ്ഞിരിക്കുന്നു എന്ന അറിവ്, വിശുദ്ധിയുള്ള ഒരു ജീവിതം നയിക്കുന്നതിന് നമുക്ക് പ്രേരകമാകണം എന്നായിരുന്നു പൗലൊസിന്റെ ഉദ്ദേശ്യം. സ്നാനത്തിൽ നാം ജലത്തിൽ നിന്ന് എഴുന്നേൽക്കുന്നത് ''ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിനാണ്'' (പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നു). ''നടക്കുക'' എന്നത്, ക്രൈസ്തവ ജീവിതത്തിന്റെ സവിശേഷതയായിരിക്കേണ്ട, സ്ഥിരതയുള്ളതും അസാമാന്യതകൾ ഒന്നുമില്ലാത്തതുമായ പുരോഗതിയെക്കുറിച്ചുള്ള ഉപമാരൂപത്തിലുള്ള ഒരു പ്രയോഗമാണ് ''നടക്കുക'' എന്നത്.[22]

നമുക്ക് ''ജീവന്റെ പുതുക്കം'' ഉള്ളതു കൊണ്ട്, നാം അങ്ങനെ തന്നെ പ്രവർത്തിക്കേണ്ടതാണ്. എൻഇബി പറയുന്നത്, ജീവിതത്തിന്റെ പുതു വഴികളിൽ നമ്മുടെ കാലടി വെക്കുക'' എന്നതാണ്. കൊലോസ്യരുടെ സ്നാനത്തെക്കുറിച്ച് പൗലൊസ് എഴുതുന്നത്,

> അതിനാൽ, ആകയാൽ നിങ്ങൾ ക്രിസ്തുവിനോടുകൂടെ ഉയിർത്തെഴുന്നേറ്റിരിക്കുന്നു എങ്കിൽ ക്രിസ്തുദൈവത്തിന്റെ വലത്തുഭാഗത്തു ഇരിക്കുന്നിടമായ ഉയരത്തിലുള്ളതു അന്വേഷിപ്പിൻ. ഭൂമിയിലുള്ളതല്ല ഉയരത്തിലുള്ളതു തന്നേ ചിന്തിപ്പിൻ. നിങ്ങൾ മരിച്ചു നിങ്ങളുടെ ജീവൻ ക്രിസ്തുവിനോടുകൂടെ ദൈവത്തിൽ മറഞ്ഞിരിക്കുന്നു (കൊലൊ. 3:1–3).

**വാക്യം 5. അവന്റെ മരണത്തിന്റെ സാദൃശ്യത്തോടു നാം ഏകീഭവിച്ച വരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും.** ഈ അർത്ഥതലത്തിൽ, ''എങ്കിൽ'' എന്ന വാക്കിന്, ''ആയതിനാൽ'' എന്ന അർത്ഥമാണുള്ളത്. ''ഏകീഭവിക്കുക'' എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദം (σύμφυτος, *സംഫുട്ടുസ്*), σύν (സൺ, ''ഒപ്പം''), φύω (ഫുവോ, ''വളരുക'') എന്നീ രണ്ട് പദങ്ങളുടെ സംയോജനമാണ്. ''ഒരുമിച്ച് വളർന്നത്''[23] അല്ലെങ്കിൽ ''ഒരുമിച്ച് നട്ടത്'' (കെജെവി) എന്നാണ് ഇതിന് അർത്ഥം. ജലത്തിൽ നിമഞ്ജനം ചെയ്യപ്പെടുന്നത്, ഭൂമിക്കടിയിൽ ഒരു വിത്ത് കുഴിച്ചിടുന്നതുമായി പൗലൊസ് താരതമ്യം ചെയ്യുന്നു. ഒരു വിത്തിൽ നിന്ന് ജീവൻ ഉൽപ്പാദിതമാകുന്നതിന്, ആ വിത്ത് ''ചാകേണ്ട'' താണ് (യോഹ. 12:24; 1 കൊരി. 15:36).

നമ്മുടെ ''കുഴിച്ചിടപ്പെടലി'' ന് മൂല്യമുണ്ട് കാരണം, നാം ''*അവന്റെ* (യേശുവിന്റെ) മരണത്തിന്റെ സാദൃശ്യത്തോട് ഏകീഭവിച്ചവരാണ്'' (പ്രത്യേക മായ ഊന്നൽ നൽകിയിരിക്കുന്നു). ഇങ്ങനെയാണെങ്കിൽ, ''പുനരുത്ഥാനത്തിന്റെ സാദൃശ്യ ത്തോടും ഏകീഭവിക്കും.''[24] ക്രിസ്തു മരിച്ചവരിൽ നിന്ന് ഉയിർത്തെഴുന്നേറ്റ പ്പോൾ, ചില കാര്യങ്ങൾ മരണത്തിന് മുൻപത്തേ പോലെയായിരുന്നു. യേശു കർത്താവിന്റെ കൈകളിൽ ആണിപ്പാടുകളും വിലാപ്പുറത്ത് കുന്തംകൊണ്ട് ഏറ്റ കുത്തിന്റെ മുറിവും ഉണ്ടായിരുന്നു (കാണുക യോഹ. 20:27). എന്നാൽ മറ്റ് ചിലവ യിൽ വ്യത്യാസമുണ്ടായിരുന്നു. അവിടുന്ന് ഒരു പുതിയ ജീവന ിലേക്ക് ഉയിർ ത്തെഴുന്നേറ്റിരുന്നു; മരണത്തിന് യേശുവിന് മുകളിൽ യാതൊരു പ്രഭാവവുമുണ്ടാ യിരുന്നില്ല (റോമർ 6:9). അതേ പോലെ തന്നെ, നാം സ്നാന മെന്ന ശവക്കുഴിയിൽ നിന്ന് ഉയിർത്തെഴുന്നേൽക്കുമ്പോൾ, ചില കാര്യങ്ങൾ അതേ പോലെ തന്നെ തുടരും: ഉദാഹരണമായി, നാം അതേ വ്യക്തികളായി തന്നെ കാണപ്പെടും. എന്നാൽ ചിലവയ്ക്ക് മാറ്റമുണ്ടാകും: നമുക്ക് ക്രിസ്തേശുവിൽ ഒരു പുതിയ ജീവൻ ലഭിക്കും!

**വാക്യം 6**. പൗലൊസ് ഈ വാക്കുകളിലൂടെ ആ ചിന്തകൾ പിന്തുടർന്നു: **നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം വരേതിന്നു നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറി യുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നു മോചനം പ്രാപിച്ചിരിക്കുന്നു.** നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിൽ ക്രൂശിക്കപ്പെട്ടു (കാണുക ഗലാ. 2:20). ''പഴയ സ്വത്വം'' എന്ന അർത്ഥം വരുന്ന ഇംഗ്ലീഷ് ഭാഷാന്തരത്തിന് പകരമായി, ഗ്രീക്ക് വചനഭാഗം ആക്ഷരികാർത്ഥത്തിൽ, ''പഴയ മനുഷ്യൻ'' (παλαιός, ἄνθρωπος, പാലായിയോസ് ... ആന്ത്രോപ്സ്) എന്ന് തന്നെയാണ് പറയുന്നത് (കാണുക കെജെവി). ''പഴയ സ്വത്വം (മനുഷ്യൻ) എന്ന പ്രയോഗത്തിലൂടെ പൗലൊസ് ഉദ്ദേശിച്ചത് എന്താണെന്ന് ചിലർക്ക് ചിന്താക്കുഴപ്പമുണ്ടാക്കിയിരുന്നു; എന്നാൽ അപ്പൊസ്തലൻ, ഫലത്തിൽ, വാക്യം 8-ൽ ഈ പ്രയോഗത്തെ നിർവചിച്ചു. വാക്യം 6-ലെയും 8-ലെയും സമാനതകൾ ശ്രദ്ധിക്കുക.

> ''*നമ്മുടെ പഴയ മനുഷ്യൻ* അവനോടു കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു'' (6:6).
> ''*നാം* ക്രിസ്തുവിനോടു കൂടെ മരിച്ചിരിക്കുന്നു'' (6:8).

''നമ്മുടെ പഴയ മനുഷ്യൻ'' നാം ഒരു വിശ്വാസി ആയിത്തീരുന്നതിന് മുൻപ ുള്ള നമ്മെ ആണ് പരാമർശിക്കുന്നത്. എൻഇബി ഇതിനെ ''നാം ഒരിക്കൽ ആയിരുന്ന മനുഷ്യൻ'' എന്ന് പരാമർശിക്കുന്നു. സ്റ്റോട്ട് ഇതിനെക്കുറിച്ച്

ഇങ്ങനെ എഴുതി: “ക്രിസ്തുവിന്റെയൊപ്പം ക്രൂശിക്കപ്പെട്ടത്. ... മാനസാന്തരാനുഭവത്തിലെത്തുന്നതിന് മുൻപുള്ള നാം മുഴുവനായും.”[25] ഒരു ക്രിസ്തീയ വിശ്വാസിക്ക്, അയാളുടെ/അവരുടെ ജീവിതത്തിൽ ഉണ്ടാകുന്ന സംഭവങ്ങളെ, “ബിസി” (ക്രിസ്തുവിന് മുൻപ്) അല്ലെങ്കിൽ “എഡി” (ക്രിസ്തുവിന് ശേഷം) എന്നിങ്ങനെ തിരിക്കാം.[26]

“പഴയ മനുഷ്യൻ” യേശുവിനോടു കൂടെ *ക്രൂശിക്കപ്പെട്ടിരിക്കുന്നു* - ക്രൂശിനോട് ചേർത്ത് ആണിയടിക്കപ്പെട്ടിരിക്കുന്നു, മരണശിക്ഷ നൽകിയിരിക്കുന്നു, മരണത്തിനായി ഏൽപ്പിക്കപ്പെട്ടിരിക്കുന്നു! ചിലർ തങ്ങളുടെ കഴുത്തിലണിഞ്ഞിരിക്കുന്ന ആഭരണങ്ങളിൽ ക്രൂശ് ധരിക്കുന്നതിലോ കെട്ടിടങ്ങൾക്ക് മുകളിൽ ക്രൂശ് സ്ഥാപിക്കുന്നതിലോ ആഹ്ലാദിക്കുന്നു. ആഭരണങ്ങളിലോ കെട്ടിടങ്ങൾക്ക് മുകളിലോ ക്രൂശ് പ്രദർശിപ്പിക്കുന്നതല്ല ദൈവം ആഗ്രഹിക്കുന്ന പ്രതികരണം, മറിച്ച് ക്രൂശ് ഹൃദയത്തിൽ പ്രതിഷ്ഠിക്കുകയാണ് - പാപത്തിന്റെ “പഴയ മനുഷ്യനെ മരണത്തിനേൽപ്പി ക്കുകയാണ്!”[27]

നാം ഇനി പാപത്തിന്നു അടിമപ്പെടാതവണ്ണം പാപശരീരത്തിന്നു നീക്കം *വരേണ്ടതിന്നു* നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു എന്നു നാം അറിയുന്നു (ഊന്നൽ നൽകിയിരിക്കുന്നു). ശരീരം (σῶμα, *sōma* സോമ) എന്ന വാക്ക് അടുത്ത ഏതാനും അദ്ധ്യായങ്ങളിൽ പ്രമുഖമായി പ്രത്യക്ഷ പ്പെടുന്ന ഒരു വാക്കാണ് (കാണുക 6:6, 12; 7:4, 24; 8:10, 11, 13, 23). അതിനാൽ നമുക്ക് വചനം പരിശോധിക്കുന്നതിനായി ഇടയിലായി നിൽക്കേണ്ടതുണ്ട്.

നമ്മുടെ ഭൗതീക ശരീരം അതിൽത്തന്നെ *നൻമ നിറഞ്ഞതോ ദുഷ്ടത നിറഞ്ഞതോ* അല്ല. അത് ഉപയോഗിക്കപ്പെടേണ്ട ഒരു ഉപാധി മാത്രമാണ്. അത് “അവബോധ ത്തിന്റെയും പ്രകടിപ്പിക്കലിന്റെയും മാദ്ധ്യമം.” ശരീരത്തിന്റെ പഞ്ചേന്ദ്രിയങ്ങളിലൂ ടെയാണ് നമ്മുടെ ചുറ്റുമുള്ള ലോകത്തെക്കുറിച്ച് നമുക്ക് അവബോധം ലഭിക്കു ന്നത്. കൂടാതെ, ശരീരത്തിന്റെ പ്രവർത്തനങ്ങളിലൂടെയാണ് (സംഭാഷണം, ആംഗ്യവി ക്ഷേപങ്ങൾ, മുഖഭാവങ്ങൾ) നമുക്ക് എങ്ങനെ തോന്നുന്നുവെന്ന് ഒപ്പം/അല്ലെങ്കിൽ അവർ എന്ത് അറിയണമെന്ന് നാം ആഗ്രഹിക്കുന്നുവെന്ന് നാം പ്രകടിപ്പിക്കുന്നത്.

നമ്മുടെ ശരീരത്തെ *നൻമയുടെ* ഒരു ഉപാധിയായി നമുക്ക് ഉപയോഗിക്കുവാൻ കഴിയും. വാക്യം 13-ൽ പൗലൊസ് തന്റെ വായനക്കാർക്കു മുൻപിൽ, അവരുടെ ശരീരങ്ങൾ “നീതിയുടെ ആയുധങ്ങളായി” സമർപ്പിക്കുന്നതിനായി ഒരു ആഹ്വാനമുയർത്തുകയാണ്. റോമാ ലേഖനത്തിന്റെ പിന്നീടൊരു ഭാഗത്ത് അപ്പൊസ്തലൻ ഇങ്ങനെ എഴുതുന്നു, “സഹോദരന്മാരേ, ഞാൻ ദൈവത്തിന്റെ മനസ്സലിവു ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നതു: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിന്നു പ്രസാദവുമുള്ള യാഗമായി സമർപ്പിപ്പിൻ” (12:1).

ശരീരം *ദുഷ്ടതയ്ക്കായുള്ള* ഒരു ഉപാധിയായും ഉപയോഗിക്കാവുന്നതാണ്. അതിന്റെ അവയവങ്ങളെ “അനീതിയുടെ ആയുധങ്ങളായി” ഉപയോഗിക്കുവാനും കഴിയും (6:13). ശരീരം (ജഡം) മിക്കപ്പോഴും പ്രലോഭനത്തെ അതിജീവിക്കുന്ന തിൽ ഏറ്റവും ദുർബലമാ ണെന്ന് തിരുവചനം പറയുന്നു (കാണുക 7:5). പിശാചിന്റെ അതിശക്തമായ ആക്രമണങ്ങൾക്ക് അത് വീണ്ടും വീണ്ടും ഇരയായിത്തീരുന്നു. അതിനാൽ, റോമാ ലേഖനത്തിൽ, ദുഷ്ടതയുടെ ഒരു ഉപക രണമായി ഉപയോഗി ക്കപ്പെടുന്നതായി ആശയം

പ്രതിഫലിക്കുന്ന പ്രയോഗങ്ങളു മായി ''ശരീരം'' എന്ന വാക്ക് തുടർച്ചയായി ബന്ധപ്പെട്ടിരിക്കുന്നു (കാണുക 7:24). വാക്യം 6-ലെ ''പാപശരീരം'' എന്ന പ്രയോഗം ഈയൊരു അർത്ഥത്തിലുള്ള താണ്. അതായത്, നാം പാപം ചെയ്യുന്നതിനുപയോഗിക്കുന്ന ശരീരം.

ദൈവത്തിന്റെ ആത്മാവിന്റെ സഹായത്തോടെ ശരീരത്തിന്റെ പ്രവർത്തി കളെ മരിപ്പിക്കാം എന്ന് 8:13-ൽ പൗലൊസ് പറയുന്നു. ഇവിടെ, എങ്കിലും, നമ്മുടെ പഴയ മനുഷ്യൻ ക്രിസ്തുവിൽ ക്രൂശിക്കപ്പെട്ടിരിക്കുന്നുവെന്നും അതിലൂടെ നമ്മുടെ പാപ ശരീരത്തിന് ''നീക്കം വരുത്താം'' എന്നും ഊന്നിപ്പറയുക മാത്രമാണ് അദ്ദേഹം ഇവിടെ ചെയ്യുന്നത്. ''നീക്കം വരുത്താം'' എന്ന് അർത്ഥം വരുന്ന പദം ഉൽഭവിക്കു ന്നത്, κατά *kata*, (*കട്ടാ*, ''താഴേക്ക്''), ἀργός *argos*, (*അര്ഗോസ്* ''നിർജ്ജീവം'' എന്നീ രണ്ട് പദങ്ങൾ സംയോജിപ്പിച്ചുള്ള ഒരു പദമായ καταργέω (*katargeō*) (*കട്ടാർജിയോ*)-ൽ നിന്നാണ്. അതിന്റെ ആക്ഷരികാർത്ഥം, ''നിർജ്ജീവമാക്കിത്തീർക്കുക'' എന്നാണ്. എൻഎൽടി പറയുന്നത്, ''പാപത്തിന് നമ്മുടെ ജീവിതത്തിൽ ശക്തി നഷ്ടപ്പെടുന്നതിന് നാം ക്രിസ്തുവിനോട് കൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു'' എന്നാണ്.

ചിലർ കരുതുന്നത്, തങ്ങളുടെ ശാരീരികമായ ഇച്ഛകൾക്ക് മുകളിൽ അവർക്ക് അൽപ്പ മാത്രമായി അല്ലെങ്കിൽ അൽപ്പം പോലുമോ നിയന്ത്രണമില്ല എന്നാണ്. യേശുക്രിസ്തുവിലൂടെ, അത്തരം തീവ്ര ആസക്തികൾ നിർജ്ജീവ മാക്കിത്തീർക്കാമെന്നും അവ നമ്മെ കീഴ്പ്പെടുത്തുന്നതിനുള്ള അവയുടെ ശക്തിയെ നശിപ്പിച്ചു കളയാമെന്നുമാണ്.

യേശുമൂലം പാപത്തോടുള്ള നമ്മുടെ അടിമത്വം അവസാനിപ്പിക്കപ്പെട്ടിരി ക്കുന്നു. നമ്മുടെ പാപ ശരീരം സ്തംഭിതമാക്കപ്പെട്ടിരിക്കുന്നു, ''അതിനാൽ നാം ഇനി പാപത്തിന്റെ അടിമകളായിത്തീരില്ല.'' അമേരിക്കയിൽ, ജനുവരി 1, 1863-ൽ വിമോചന വിളംബരം നടത്തപ്പെട്ടു; പിന്നീട്, ഡിസംബർ 18, 1865-ൽ അടിമത്തം നിർത്തൽ ചെയ്തു കൊണ്ട് യുഎസ് ഭരണഘടനയുടെ പതിമൂന്നാം ഭേദഗതി ഔദ്യോഗികമായി നടപ്പിലാക്കപ്പെട്ടു. ആയിരത്തി എണ്ണൂറ് വർഷങ്ങൾക്ക് മുൻപ്, ക്രിസ്തു ഫലത്തിൽ തന്റെ സ്വന്തം രക്തത്താൽ നമ്മുടെ *ആത്മീയ* ''വിമോചന വിളംബര'' ത്തിൽ ഒപ്പു വെച്ചു.

**വാക്യം 7.** പാപം ഒരു രാജാവിനെപ്പോലെ വാഴുന്നതായി (5:21) പൗലൊസ് പരാമർശിച്ചുവെങ്കിലും, പാപത്തിന് മുൻപിൽ ഇനി മേൽ മുട്ടു മടക്കേണ്ടതില്ല എന്ന് അദ്ദേഹം പറഞ്ഞു. **മരിച്ചവൻ പാപത്തിൽ നിന്ന് മോചനം പ്രാപിച്ചിരി ക്കുന്നതിനാൽ**, അതിന്റെ ക്ഷണം സ്വീകരിക്കേണ്ടതില്ല. ''നീതീകരിക്കപ്പെ ട്ടിരിക്കുന്നു'' എന്ന വാക്കിൽ നിന്നാണ് ''മോചനം പ്രാപിക്കുക'' δικαιόω (*dikaioō*) എന്ന പദം പതിവായി ഭാഷാന്തരം ചെയ്യപ്പെട്ടിരിക്കുന്നത്. കോടതി യിൽ ''നീതീകരിക്കപ്പെട്ടിരിക്കുന്ന'' വ്യക്തിയെ (''കുറ്റം ചെയ്തിട്ടില്ല'' എന്ന് കാണപ്പെടുന്നയാൾ) സ്വതന്ത്രനാക്കുന്നു.

പുതിയ നിയമ കാലഘട്ടങ്ങളിൽ, മിക്ക അടിമകൾക്കും ദാസ്യത്തിൽ നിന്ന് സ്വതന്ത്രമാക്കപ്പെടുന്നതിനുള്ള ഏക മാർഗ്ഗം അവരുടെ മരണമായിരുന്നു. സ്ന ാനം സ്വീകരിക്കുമ്പോൾ, നാം പാപ സംബന്ധമായി മരിക്കുന്നു (6:2-4); ഇത് നമ്മെ പാപത്തിൽ നിന്ന് സ്വതന്ത്രമാക്കുന്നു (6:7). മരണം എല്ലാ ഉത്തരവാദിത്വ ങ്ങളേയും റദ്ദാക്കുന്നുവെന്ന് റബ്ബിമാർ പഠിപ്പിച്ചു.[28] നാം പാപ സംബന്ധമായി മരിക്കുമ്പോൾ, നമുക്ക് പാപത്തെ സേവിക്കുന്നതിനുള്ള ഉത്തരവാദിത്വം പിന്നീടില്ല.

യുഎസ്-ൽ അടിമകളെ വിമുക്തരാക്കിയപ്പോൾ, ചിലർ അിമകളായി

ത്തന്നെ ജീവിക്കുന്നത് തുടർന്നു. ''അവർക്ക് സ്വതന്ത്രരാകാം എന്ന് ഒന്നുകിൽ അവർ വിശ്വസിച്ചില്ല അല്ലെങ്കിൽ സ്വാതന്ത്ര്യത്തെക്കുറിച്ച് ചിന്തിക്കുന്നതിന് സാധിക്കാത്തിടത്തോളം അവർ അടിമത്തവുമായി പൊരുത്തപ്പെട്ടു പോയി.''[29] ദു:ഖകരമായി, ഇന്ന് ചിലർ അടിമത്വത്തിൽ നിന്ന് വിടുതൽ നേടിയെങ്കിലും ഇപ്പോഴും അവർ അടിമത്വത്തിൽ തന്നെ ജീവിക്കുന്നു. ക്രിസ്തീയ വിശ്വാസികൾ ഇനിയൊരിക്കലും പാപത്തിന്റെ അടിമകളല്ല എന്നും ഇനിയൊരിക്കലും ''പാപത്തെ സേവിക്കേണ്ട'' തില്ല എന്നും എല്ലാ ക്രിസ്തീയ വിശ്വാസികളും ഓർമ്മിക്കണമെന്ന് പൗലൊസ് ആഗ്രഹിക്കുന്നു (6:6; കെജെവി).

## പാപ സംബന്ധമായി മരിച്ചു, ക്രിസ്തുവിനായി ജീവിക്കുന്നു (6:8-11)

**8നാം ക്രിസ്തുവിനോടുകൂടെ മരിച്ചു എങ്കിൽ അവനോടുകൂടെ ജീവിക്കും എന്നു വിശ്വസിക്കുന്നു. 9ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ. 10അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു; അവൻ ജീവിക്കുന്നതോ ദൈവത്തിന്നു ജീവിക്കുന്നു. 11അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നും ക്രിസ്തുയേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ.**

1 മുതൽ 7 വരെയുള്ള വാക്യങ്ങളിൽ ഊന്നൽ നൽകിയിരിക്കുന്നത്, പാപ സംബന്ധമായി *മരിക്കുന്നതിനെ*ക്കുറിച്ചാണ്. വാക്യങ്ങൾ 8 മുതൽ 11 വരെയുള്ള വാക്യങ്ങൾ പാപസംബന്ധമായി മരിക്കുന്നതിനെക്കുറിച്ച് പരാമർശിക്കുന്നുവെങ്കിലും ഊന്നൽ നൽകുന്നത് ദൈവത്തിന് ജീവിക്കുന്നതിനെക്കുറിച്ചാണ്.

**വാക്യം 8.** ''യേശുവിന്റെ മരണത്തിനോട് ചേരുവാൻ സ്നാനം ഏറ്റപ്പോൾ നാം **ക്രിസ്തുവിൽ മരിച്ചിരിക്കുന്നു** (6:3). ''ജീവന്റെ പുതുക്കത്തിൽ'' നടക്കുന്നതിന് ജല ശവക്കുഴിയിൽ നിന്ന് ഉയിർത്തെഴുന്നേറ്റതിനാൽ, **നാമും അവന്റെ ഒപ്പം ജീവിക്കുമെന്ന് നാം വിശ്വസിക്കുന്നു** (6:4).

**വാക്യം 9. ക്രിസ്തു മരിച്ചിട്ടു ഉയിർത്തെഴുന്നേറ്റിരിക്കയാൽ ഇനി മരിക്കയില്ല; മരണത്തിന്നു അവന്റെമേൽ ഇനി കർത്തൃത്വമില്ല എന്നു നാം അറിയുന്നുവല്ലോ.** നൂറ്റാണ്ടുകളായി ഒട്ടനവധി വ്യക്തികൾ, മരണത്തിൽ നിന്ന് മടങ്ങി വന്നിട്ടുണ്ട്. എന്നാൽ, ക്രിസ്തു മാത്രമേ ''ഇനിയൊരിക്കലും മരിക്കാത്ത വിധത്തിൽ'' ഉയിർത്തെഴുന്നേറ്റിട്ടുള്ളു. പുനരുത്ഥാനത്തെ ത്തുടർന്ന്, യേശു നാൽപ്പത് ദിവസങ്ങളുടെ ഒരു കാലയളവിലേക്ക് തന്റെ ശിഷ്യൻമാർക്ക് പ്രത്യക്ഷനായി (അപ്പൊ. പ്രവ. 1:3). അതിന് ശേഷം യേശു തന്റെ പിതാവിന്റെ സിംഹാസനത്തിലേക്ക് കയറിപ്പോയി (അപ്പൊ. പ്രവ. 1:9; 2:33; 34).

അതിന്റെ ഫലമായി, **മരണത്തിന് അവന്റെ മേൽ കർത്തൃത്വമില്ല**. ക്രിസ്തു ഭൂമിയിലേക്ക് എത്തിയപ്പോൾ, അവിടുന്ന് ''മനുഷ്യ സാദൃശ്യത്തിലാണ്'' എത്തിയത് (ഫിലി. 2:7); അവിടുന്ന് ''ജഡമായിത്തീർന്നു'' (യോഹ. 1:14). അതിനാൽ, യേശു ജഡത്തിന്റെ ബലഹീനതകൾക്കും പരിമിതികൾക്കും വിധേയമായിരുന്നു - മരണം ഉൾപ്പടെ. ''മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ'' (ഫിലി. 2:8) യേശുവിനെ കൊണ്ടു വന്നു. എങ്കിലും, അവിടുന്ന് മരണത്തിൽ നിന്ന് ഉയിർത്തെഴുന്നേറ്റു, ''അവിടുത്തെ സ്പ

ർശിക്കുന്നതിനുള്ള മരണത്തിന്റെ ശക്തി സമാപിച്ചു'' (ഫിലിപ്സ്).

**വാക്യം 10.** ഈ വചനം യേശുവിന്റെ മരണവും അവിടുത്തെ ഉയിർത്തെഴുന്നേറ്റ ജീവിതവും പരസ്പരമുള്ള വൈരുദ്ധ്യം ഈ വാക്യം അവതരിപ്പിക്കുന്നു. ആദ്യമായി, **അവൻ മരിച്ചതു പാപസംബന്ധമായി ഒരിക്കലായിട്ടു മരിച്ചു**. യേശു പാപരഹിതനായിരുന്നുവെന്നതും അവിടുന്ന് മരിച്ചത് നമ്മുടെ പാപങ്ങൾക്ക് വേണ്ടിയായിരുന്നുവെന്നതും നിസ്തർക്കമാണല്ലോ (2 കൊരി. 5:21; എബ്രാ. 4;15; 1 പത്രോസ്. 2:22). എങ്കിൽ പിന്നെ, അവിടുന്ന് ''പാപസംബന്ധമായി മരിച്ചു'' എന്ന് എങ്ങനെ പറയുവാൻ കഴിയും? ഈ പ്രയോഗത്തിന്റെ അർത്ഥം, യേശു മരിച്ചത് ''പാപം എന്ന വിഷയം സംബന്ധിച്ച്'' ആണ് എന്നായിരിക്കുവാൻ സാദ്ധ്യതയുണ്ട്. ലിയോൺ മോറിസ് ഈയൊരു കാഴ്ചപ്പാട് അംഗീകരിക്കു ന്നുണ്ട്. ''നമ്മുടെ പാപങ്ങളെ കൈകാര്യം ചെയ്യുക എന്നതു കൊണ്ട് ഉദ്ദേശിച്ചത്, ഈ പാപ ലോകത്തിലേക്ക് വരികയും പാപത്തെ നീക്കിക്കളയുന്ന ഒരു മരണത്തിലൂടെ കടന്നു പോകുകയും ചെയ്യുക എന്നതായിരുന്നു. ആ മരണം ... പാപത്തിന്റെ മണ്ഡലത്തിൽ ക്രിസ്തുവിന്റെ അസ്തിത്വത്തിന്റെ സമാപനമായിരുന്നു. പാപം എന്ന വിഷയവുമായുള്ള ബന്ധത്തിന്റെ മരണമാ യിരുന്നു അത്.''[30]

''ഒരിക്കലായിട്ട്'' എന്നത് ഭാഷാന്തരം ചെയ്തിരിക്കുന്നത് ἅπαξ (*hapax*), (ഹാപാക്സ്, ''ഒരിക്കൽ'')-ൽ നിന്നും അതിന് പിന്തുണ നൽകുന്ന ἐπί (*epi*), (എപി, ''ആയി'')-ൽ നിന്നും വരുന്ന ἐφάπαξ (*ephapax*) (എഫാപാക്സ്) എന്ന പദത്തിൽ നിന്നാണ്. എഫാപാക്സ് എന്ന പദം അർത്ഥമാക്കുന്നത് ''എന്നെന്നേക്കും ഒരിക്കലായി'' ചെയ്യുന്നത് എന്നാണ് - അതായത്, അനന്തമായി സാധുതയുള്ളത്, ആവർത്തിക്കേണ്ട ആവശ്യകതയില്ലാത്തത്.''[31] ഈ പദത്തിന് ലളിതമായി നൽകാവുന്ന അർത്ഥം, കർത്താവിന് വീണ്ടും ഒരിക്കൽ മരണത്തിലൂടെ കടന്നു പോകേണ്ടി വരില്ല എന്നാണ്. എബ്രായർ 7:27-ലെ അതേ അർത്ഥ തലത്തിൽ തന്നെയാണ് ഇത് ഉപയോഗിച്ചിരിക്കുന്നത് എന്നതിനാണ് കൂടുതൽ സാദ്ധ്യത. മൃഗബലികൾ വീണ്ടും വീണ്ടും അർപ്പിക്കേണ്ട ആവശ്യകതയുണ്ടായിരുന്നു എന്നാൽ യേശുവിന്റെ ബലിദാനം ഒരിക്കലായി എന്നെന്നേക്കുമായി മാത്രം നടത്തേണ്ടിയതായിരുന്നുവെന്ന് എബ്രായ ലേഖന കർത്താവ് പറഞ്ഞു. അത് എല്ലാ മനുഷ്യർക്കായും എല്ലാ കാലത്തേക്കുമുള്ളതായിരുന്നു (കാണുക എബ്രാ. 9:24-28).

പൗലൊസ് കൂട്ടിച്ചേർക്കുന്നു, **അവൻ ജീവിക്കുന്നതോ ദൈവത്തിന് ജീവിക്കുന്നു**. ''മരണ'' ത്തിന്റെ മൂല ആശയം വേർപാടാണ് എന്നതിനാൽ, ''ജീവിതം'' ഒരു സംഗമം ആയി നാം കരുതിയേക്കാം: ആത്മീയ ജീവിതം ഉണ്ടായിരിക്കുകയെന്നത് ദൈവത്തോട് അടുത്തായിരിക്കുകയെന്നതാണ് (കാണുക യോഹ. 17:3). അങ്ങനെ എബി വാക്യം 10-ന്റെ അവസാന ഭാഗം ഇങ്ങനെയാണ് രേഖപ്പെടുത്തുന്നത് ''അവൻ ദൈവത്തിലേക്ക് ജീവിക്കുന്നു - അവിടുത്തേതുമായുള്ള ഉടയാത്ത കൂട്ടായ്മയിൽ.'' യേശു മരിച്ചത് മനുഷ്യർക്ക് ഗുണകരമായിത്തീരുന്നതിനാണ്, എന്നാൽ അവിടുന്ന് ഇപ്പോൾ തന്റെ പിതാവിന്റെ ഒപ്പവും അവിടുത്തെ മഹിമയ്ക്കായും ജീവിക്കുന്നു.

**വാക്യം 11.** യേശുവിന്റെ ഉദാഹരണം മുൻ നിർത്തിക്കൊണ്ട്, പൗലൊസ് പറഞ്ഞു, **അവ്വണ്ണം നിങ്ങളും പാപ സംബന്ധമായി മരിച്ചവർ എന്നും ക്രിസ്തു യേശുവിൽ ദൈവത്തിന്നു ജീവിക്കുന്നവർ എന്നും നിങ്ങളെത്തന്നേ എണ്ണുവിൻ**. ''എണ്ണുക'' എന്നർത്ഥം വരുന്ന പദം ഭാഷാന്തരം ചെയ്തിരിക്കുന്നത് അദ്ധ്യായം 4-ൽ മുഖ്യ മായി പ്രത്യക്ഷപ്പെടുന്ന, കണക്കുകൂട്ടൽ നടത്തുന്നത് സംബന്ധിച്ച

പ്രയോഗമായ λογίζομαι (*logizomai*) (ലോഗിസൊമായ്) എന്ന വാക്കിൽ നിന്നാണ്. ചില സത്യങ്ങൾ മനസ്സിൽ "കുറിച്ചിടുന്നതിനായി" പൗലൊസ് തന്റെ വായനക്കാരോട് ആവശ്യപ്പെടുകയാണ്. ചില വസ്തുതകൾ വെറുതേ അറിയുന്നതു കൊണ്ട് മാത്രം പര്യാപ്തമാകുന്നില്ല. അവർ ആ വസ്തുതകളെക്കുറിച്ച്പര്യാലോചന നടത്തുകയും അവയുടെ പൂർണ്ണ മായ വിവക്ഷ എന്താണെന്ന് ശ്രദ്ധാപൂർവ്വം ഗ്രഹിക്കുകയും ചെയ്യേണ്ടതുണ്ട്.

തന്റെ വായനക്കാർ രണ്ട് സുപ്രധാന സത്യങ്ങളെക്കുറിച്ച് ചിന്തിക്കണ മെന്നാണ് പൗലൊസ് ആഗ്രഹിക്കുന്നത്. ഒന്നാമതായി, അവർ യഥാർത്ഥത്തിൽ "പാപ സംബന്ധമായി മരിച്ച"വരാണ്. അവർ സ്നാനമേറ്റപ്പോൾ അവർ പാപ സംബന്ധമായി മരിക്കപ്പെട്ടു (6:2-4); എന്നാൽ ആ യാഥാർത്ഥ്യത്തിന്റെ വ്യഞ്ജിതാർത്ഥങ്ങൾ അവർ ഗ്രഹിച്ചിട്ടുണ്ടായിരിക്കില്ല. എങ്കിൽത്തന്നെയും, അവർ തങ്ങൾ സ്വയം പാപ സംബന്ധമായി മരിച്ചവരായി കണക്കാക്കുകയല്ല മറിച്ച്, "ക്രിസ്തേശുവിൽ ദൈവത്തിന് ജീവിക്കുന്നവർ" (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു) ആണ് എന്ന് പരിഗണിക്കേണ്ടതാണ്. ഇത്തരത്തിലൊരു ഗാഢ ബന്ധം നമ്മുടെ സൃഷ്ടിതാവുമായി പുലർത്തുക എന്നത് അത്യധികം അസാധാരണമായ അനുഗ്രഹമാണ്. അതേ സമയം തന്നെ, അത് ഗൗരവ പൂർണ്ണമായ ഒരു ഉത്തരവാദിത്വം നമ്മിൽ ഭരമേൽപ്പിക്കുന്നു. "അവിടുന്നുമായി ഉടയാത്ത ഒരു കൂട്ടായ്മയിലായിത്തീർന്നു കൊണ്ടുള്ള ഒരു ജീവിതം നയിക്കുന്നതിന്, നമ്മുടെ കഴിവിന്റെ പരമാവധി അവിടുത്തെ പൂർണ്ണ ഇഷ്ടം നിർവ്വഹിക്കുന്നതിനായി നാം സ്വയം സമർപ്പിക്കേണ്ടതുണ്ട്.

## പാപത്തിന് കർത്തൃത്വം നടത്തുവാൻ കഴിയില്ല (6:12-14)

**12ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുതു, 13നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന്നു സമർപ്പിച്ചുകൊൾവിൻ. 14നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപെക്കത്രേ അധീനരാകയാൽ പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ.**

റോമാ ലേഖനം 6-ാം അദ്ധ്യായത്തിന്റെ ആദ്യ ഭാഗത്ത്, പൗലൊസ് പ്രസ്താവ നകൾ നടത്തി (സൂചനാപരമായ ഭാവത്തോടെ); ഇപ്പോൾ അദ്ദേഹം ഇവിടെ ആജ്ഞകൾ നൽകുകയാണ് (ആദേശകമായ ഭാവത്തോടെ). ഉത്തമ പുരുഷനാ യാണ് അദ്ദേഹം ആദ്യം സംസാരിച്ചിരുന്നത് ("നാം", "നമ്മൾ"). ഇവിടെ, അദ്ദേഹം മദ്ധ്യമ പുരുഷനിലേക്ക് മാറുന്നു ("നിങ്ങൾ"). ഇവിടെ അദ്ദേഹത്തിന്റെ ഊന്നൽ അറിയിക്കുക മാത്രമല്ല, അനുശാസനം നടത്തുക കൂടിയാണ്.

**വാക്യം 12.** മൂന്നാം വിഭാഗത്തിലുള്ള വചന ഭാഗം ആരംഭിക്കുന്നത് **ആകയാൽ** എന്ന പദപ്രയോഗത്തോടു കൂടിയാണ്. അദ്ദേഹം ഇതേ വരെ പറഞ്ഞിട്ടുണ്ടായിരുന്നവയിൽ നിന്ന് പ്രായോഗികമായ ഒരു നിർണ്ണയം നടത്തുന്നതിന് അദ്ദേഹം ഇവിടെ തയ്യാറാകുകയാണ്. തന്റെ വായനക്കാർ, പാപ സംബന്ധമായി മരിച്ചവർ *ആയതിനാൽ*, അവർ സ്നാനത്തിൽ നിന്ന്

ക്രിസ്തുവിന്റെ പുതിയ ജീവനിലേക്ക് ഉയർത്തപ്പെട്ടവർ *ആയതിനാൽ*, അവർ ഒരു നിശ്ചിത വിധത്തിൽ വർത്തിക്കേണ്ടവരാണ്.

''ആകയാൽ'', പൗലൊസ് പറഞ്ഞു, **പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുത്**. ജെയിംസ് ആർ. എഡ്വേർഡ്സിന്റെ അഭിപ്രായത്തിൽ, ''റോമർക്ക് എഴുതിയ ലേഖനത്തിലെ ആദ്യത്തെ ധാർമ്മിക ഉദ്ബോധനം.''[32] വിശുദ്ധ ജീവിതം നയിക്കുന്നതിന് ശക്തമായ വിവക്ഷയുള്ള വചനങ്ങൾ (കാണുക 2:5–10) നാം കണ്ടിട്ടുണ്ട്. എന്നാൽ, ദൈവം തന്റെ വിശ്വാസികളിൽ നിന്ന് എന്താണ് പ്രതീക്ഷിക്കുന്നത് എന്ന് സംബന്ധിച്ച് നേരിട്ടുള്ള ആദ്യത്തെ നിർദ്ദേശമാണ് ഇവ.

ക്രിസ്തീയ വിശ്വാസികൾ ''ഇനി പാപത്തിന് അടിമപ്പെടാതവണ്ണം'' (6:6) ''പാപത്തിൽ നിന്ന് മോചനം പ്രാപിച്ചിരിക്കുന്നു'' എന്ന വസ്തുതയിലേക്ക് പൗലൊസ് നമ്മുടെ ശ്രദ്ധ ക്ഷണിച്ചിരുന്നു (6:7). ഇനി മുതൽ പാപം ഒരു ഭീഷണിയാകുകയില്ല എന്നൊരു തോന്നൽ ഇത് സൃഷ്ടിച്ചേക്കാമായിരിക്കാം – എന്നാൽ കാര്യങ്ങൾ അങ്ങനെയല്ല. അടിമത്വത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട ഒരു അടിമയ്ക്ക് തുടർന്നും ഒരു അടിമയായിത്തന്നെ കഴിഞ്ഞു കൂടാം; അതേ പോലെ പാപത്തിന്റെ ദാസ്യത്തിൽ നിന്ന് മോചനം നേടിയ ഒരു വ്യക്തിക്ക് അപ്പോഴും പാപത്തിന്റെ അടിമയായി കഴിഞ്ഞു കൂടാം. പൗലൊസ്, ഫലത്തിൽ തന്റെ വായനക്കാരെ ഇങ്ങനെ പ്രബോധിപ്പിക്കുകയാണ്, ''അങ്ങനെ ഒരിക്കലും സംഭവിക്കുന്നതിന് അനുവദിക്കരുത്!''

പാപത്തേക്കാൾ ദൈവത്തെ സേവിക്കുന്നതിന് നമ്മുടെ ശരീരങ്ങളെ ഉപയോഗിക്കുന്നതിനെക്കുറിച്ച് പൗലൊസ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. ''ആകയാൽ പാപം നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറു ഇനി വാഴരുത്.'' ''മർത്യം'' എന്ന് അർത്ഥമാക്കുന്ന പദം വരുന്നത്, ''മരണത്തിന് അധീനമായത്'' എന്ന് അർത്ഥം നൽകുന്ന നെറ്റോസ് (θνητός (*thnētos*) വാക്കിൽ നിന്നാണ്.[33] ''നാം ജനിക്കുന്ന നിമിഷം മുതൽ നാം മരിക്കുന്നതിന് ആരംഭിക്കുക യാണ്'' എന്ന് പറയാറുണ്ട്. ''മർത്യം'' എന്ന പദം, നമ്മുടെ ശരീരം എന്തായാലും നശിച്ചു പോകുന്നതായതുകൊണ്ട്, ശരീരത്തിന്റെ അഭിലാഷങ്ങളും (അതിന്റെ മോഹങ്ങളും) പൂർത്തീകരിക്കുന്നത് അർത്ഥശൂന്യമാണ് എന്ന് സൂചിപ്പിച്ചേക്കാം.

തന്റെ വായനക്കാർ ''മോഹങ്ങളെ (ശരീരത്തിന്റെ) അനുസരിക്കുന്നതിന്'' പൗലൊസ് ആഗ്രഹിച്ചില്ല. ''മോഹങ്ങൾ''എന്ന് അർത്ഥം നൽകുന്ന പദത്തിന്റെ ഉദ്ഭവം എപീതുമിയ (ലുഷ ശൂൗശമ) എന്ന വാക്കിൽ നിന്നാണ്. ''ഹൃദയം ലക്ഷ്യം വെച്ചിരിക്കുന്നത്'' എന്നാണ് ഇതിന്റെ അർത്ഥം. നല്ലതായാലും ചീത്തയായാലും ശക്തമായ ആഗ്രഹങ്ങളെ ഈ പദം അർത്ഥമാക്കുന്നു ണ്ടെങ്കിലും സാധാരണയായി ദുഷ്ടത നിറഞ്ഞ ആഗ്രഹങ്ങളെയാണ് (''മോഹങ്ങൾ'') ഇത് കുറിക്കുന്നത്.

ദൈവം നമ്മുടെ ശരീരങ്ങളെ സ്വാഭാവികമായ ആഗ്രഹങ്ങളോടു കൂടെ തന്നെയാണ് സൃഷ്ടിച്ചത്; ഭക്ഷണത്തിനായുള്ള ആഗ്രഹങ്ങൾ പോലെയു ള്ളവ. ഇത്തരം ആഗ്രഹങ്ങൾ ദൈവം നമ്മുടെ ഉള്ളിൽ രൂപപ്പെ ടുത്തിയിട്ടുള്ളത് നമ്മുടെ സ്വന്തം ഗുണത്തിനായും ദൈവികോദ്ദേശ്യങ്ങൾ കൈവരിക്കുന്നതിന് വേണ്ടിയുമാണ്. എങ്കിൽത്തന്നെയും, എല്ലാ ദൈവീക ദാനങ്ങളെയുംപോലെ ഈ ആഗ്രഹങ്ങളും ദുരുപയോഗിക്കപ്പെടുകയും അവ ചൂഷണം ചെയ്യപ്പെടുകയും ചെയ്യാവുന്നതാണ്. നമ്മുടെ ആഗ്രഹങ്ങൾ

തെറ്റായ വഴികളിലൂടെ, ദൈവം ദ്വേഷിക്കുന്ന മാർഗ്ഗ ങ്ങളിലൂടെ തൃപ്തി പ്പെടുത്തുന്നതിന് സാത്താൻ നമ്മെ നിരന്തരം പ്രേരിപ്പിക്കുന്നു. ''ഓരോരുത്തൻ പരീക്ഷിക്കപ്പെടുന്നതു സ്വന്തമോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടു കയാൽ ആകുന്നു (യാക്കൊബ് 1:14) എന്ന് യാക്കോബ് എഴുതി.

**വാക്യം 13**. പൗലൊസ് തന്റെ ആഹ്വാനത്തോട് കൂട്ടിച്ചേർക്കുന്നു, നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപത്തിന്നു സമർപ്പിക്കയും അരുതു. ''സമർപ്പിക്കുക'' എന്ന് അർത്ഥം വരുന്ന വാക്കിന്റെ ഉദ്ഭവം പാരിസ്റ്റൊനോ παρίστάνω (*paristanō*) എന്ന വാക്കിൽ നിന്നാണ്. പാരിസ്റ്റെമി παρίστημι (*paristēmi*) എന്നതിന്റെ ഒരു വകഭേദമാണ് ഇത്. ഈ പദം പാര, ''അടുത്ത്'' (ുമൃമ), ഹിസ്റ്റെമി, ''നിൽക്കുക'' (ശമ്ലെ വോശ) എന്നിങ്ങനെ രണ്ട് പദങ്ങളുടെ സംയോജിത രൂപമാണ്. ''അടുത്തായി വെക്കുക, ഒരാളുടെ അധീനതയിൽ ഏൽപ്പിക്കുക'' എന്ന് അർത്ഥം വരുന്നു.[34] ഈ അർത്ഥത്തിൽ പാരിസ്റ്റെനോ എന്ന വാക്ക് ഒരുപക്ഷേ ബലിദാനപ രമായ ഒരു ഭാഷയായി മനസ്സിലാക്കേണ്ടതാണ് (കാണുക 12:1 ''സമർപ്പിക്കുക'' എന്ന അർത്ഥം കൂടാതെ, ഈ വാക്ക് ''നിവേദിക്കുക,'' ''പ്രതിഷ്ഠിക്കുക,'' അല്ലെങ്കിൽ ''ഉഴിഞ്ഞു വെക്കുക'' എന്നിങ്ങനെയും പരിഭാഷപ്പെടുത്താ വുന്നതാണ്. ''നിങ്ങളുടെ ശരീരത്തിലെ അവയവങ്ങൾ''കണ്ണുകൾ, കാതുകൾ, വായ, കൈകൾ, കാൽ എന്നിവ പോലെയുള്ള നിങ്ങളുടെ ഭൗതീക ശാരീരിക അവയവങ്ങളാണ്. ഇവയിലോരോന്നും ദുഷ്ടതയ്ക്കായി പ്രതിഷ്ഠിക്കപ്പെടാവു ന്നതാണ്.

നമ്മുടെ ശരീരം കൊണ്ട് മാത്രമേ നമുക്ക് പാപം ചെയ്യാൻ കഴിയുകയുള്ളു എന്ന് നാം കരുതരുത്. എന്നാൽ പാപകരമായ പ്രവർത്തികളുടെ ഉത്ഭവ സ്ഥാനം നമ്മുടെ ഹൃദയങ്ങളാണ് (ലൂക്കൊസ് 6:45). എഡ്വേർഡ്സ് അതിന ാൽ ഇങ്ങനെ അഭിപ്രായപ്പെടുന്നു, ''വാക്യം 13-ലെ പരാമർശം നമ്മുടെ ഭൗതീക ശരീരം മാത്രമായി പരിമിതപ്പെടേണ്ടതില്ല, കാരണം അതിൽ തീർച്ചയായും എല്ലാ മാനുഷിക നിപുണതകളും ശേഷികളും ആലങ്കാരിക അർത്ഥത്തിൽ ഉൾപ്പെടുന്നു.''[35] എബി പരിഭാഷയിൽ, ''ശാരീരികാവയവങ്ങളും (കഴിവുകളും)'' എന്ന് പരാമർശിക്കു ന്നുണ്ട്. സിജെബിയിലാകട്ടെ ഇങ്ങനെ ഭാഷാന്തരം നൽകുന്നു: ''ദുഷ്ടതയുടെ ഉപകരണങ്ങളായി നിങ്ങളുടെ സ്വയത്തിന്റെ ഏതെങ്കിലും ഭാഗം സമർപ്പിക്കരുത്'' (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു).

''ആയുധങ്ങൾ'' എന്ന തർജ്ജമ നൽകുന്ന വാക്കിന്റെ ഉത്ഭവം, ''ഉപ കരണം'' എന്ന് അർത്ഥം നൽകാവുന്ന ഹോപ്ലോൺ (ീുഹീി)-ന്റെ ബഹുവചന രൂപമാണ്. പുതിയ നിയമത്തിൽ ഈ പദത്തെ ''ആയുധങ്ങൾ'' അല്ലെങ്കിൽ ''വെടിക്കോപ്പ്'' എന്നാണ് സാധാരണയായി പരിഭാഷപ്പെടു ത്തിയിട്ടുള്ളത് (13:12; യോഹ. 18:3; 2 കൊരി. 6:7; 10:4). വൈൻ അഭിപ്രായപ്പെ ടുന്നത് ''ഈ രൂപകം ഒരു പക്ഷേ സേനയുമായി ബന്ധപ്പെട്ടതാകാം'' എന്നാണ്.[36] മറ്റെല്ലായിടത്തും, നാം ഒരു ആത്മീയ പോരാട്ടത്തിലാണ് എന്ന് പൗലൊസ് ഊന്നൽ നൽകുന്നു (എഫെ. 6:10-17). ആ പോരാട്ടത്തിൽ ഒന്നുകിൽ നാം കർത്താവിന്റെ പക്ഷത്തായിരിക്കും. അല്ലെങ്കിൽ സാത്താന്റെ പക്ഷത്തായിരിക്കും. നമ്മുടെ ശരീരങ്ങൾ (ഒപ്പം നമ്മുടെ എല്ലാ കഴിവുകളും) നമുക്ക് ദുഷ്ടതയ്ക്കായി സമർപ്പിച്ചിട്ടുള്ള ആയുധങ്ങളായി ഉപയോഗിക്കാം അല്ലെങ്കിൽ നൻമയ്ക്കായി സമർപ്പിച്ചിട്ടുള്ള ആയുധങ്ങളായി ഉപയോഗിക്കാം.

ദുഷ്ടത പ്രവർത്തിക്കുന്നതിൽ നിന്ന് ഒഴിഞ്ഞിരിക്കുന്നതു കൊണ്ടു മാത്രം മതിയാകുന്നില്ല; നാം നൻമ പ്രവർത്തിക്കേണ്ടതുമുണ്ട്. ‘‘പൂന്തോട്ടത്തിൽ നിന്ന് കളകൾ പറിച്ചു കളഞ്ഞതു കൊണ്ട് മാത്രം മതിയാകുന്നില്ല; നാം പൂക്കളോ പച്ചക്കറികളോ നട്ടു പിടിപ്പിക്കേണ്ടതുമുണ്ട്.’’ അതിനാൽ പൗലൊസ് പറയുന്നു: നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി (ഉപകരണങ്ങളായി) പാപത്തിന്നു സമർപ്പിക്കയും അരുതു. നിങ്ങളെത്തന്നേ മരിച്ചിട്ടു ജീവിക്കുന്നവരായും നിങ്ങളുടെ അവയവങ്ങളെ നീതിയുടെ ആയുധങ്ങളായും ദൈവത്തിന്നു സമർപ്പിച്ചുകൊൾവിൻ (പ്രതിഷ്ഠിക്കുവിൻ). ടിഇവി തർജ്ജമ ഇങ്ങനെയാണ് ‘‘നീതിയുടെ ഉദ്ദേശ്യങ്ങൾക്കായി നിങ്ങളുടെ മുഴുവൻ സ്വത്വത്തെയും അവിടുത്തെ മുൻപിൽ അടിയറ വെക്കുക.’’

തന്റെ ഇഷ്ടം ഭൂമിയിൽ നിവർത്തിക്കുന്നതിനായി ദൈവം മനുഷ്യരുടെ ശരീരങ്ങളെ ഉപയോഗിക്കുന്നുവെന്ന് ബാർക്ലേ നിരീക്ഷിക്കുന്നു.37 ഒരു വാക്ക് സംസാരിക്കണമെങ്കിൽ, അവിടുന്ന് ഒരു മനുഷ്യനിലൂടെ സംസാരിക്കുന്നു. ഒരു പ്രവർത്തി ചെയ്യുന്നതിന് ആഗ്രഹിക്കുന്നുവെങ്കിൽ, അവിടുന്ന് ഒരു വ്യക്തിയിലൂടെ അത് ചെയ്തെടുക്കുന്നു. നിരാശയിലിരിക്കുന്ന ഒരു വ്യക്തിയുടെ നിരാശ മാറ്റുന്നതിന് അവിടുന്ന് ഒരു വ്യക്തിയിലൂടെ പ്രോൽസാഹന വാക്കുകൾ പകരുന്നു. ദൈവത്തിന്റെ ഇഷ്ടം ഈ ഭൂമിയിൽ നിവർത്തിക്കുന്നതിന് ഉപയോഗിക്കാവുന്ന തരത്തിലുള്ള ആളുകളായിത്തീരുന്നതിന് പൗലൊസ് തന്റെ വായനക്കാരെ (നാം ഉൾപ്പടെ) പ്രേരിപ്പിക്കുകയായിരുന്നു.

തന്റെ വായനക്കാരെ ‘‘മരണത്തിൽ നിന്ന് ജീവിക്കുന്നവർ’’ ആയി പരാമർശിക്കുമ്പോൾ, അപ്പൊസ്തലൻ ശക്തമായ ഒരു പ്രചോദനം കൂടി ഉൾപ്പെടുത്തി. ഫിലിപ്സ് ഭാഷാന്തരം ഇങ്ങനെ എഴുതുന്നു: ‘‘സുനിശ്ചിതമായ മരണത്തിൽ നിന്ന് രക്ഷപെടുത്തപ്പെട്ട മനുഷ്യരെപ്പോലെ.’’ സുനിശ്ചിതമായ ശാരീരികമായ മരണത്തിൽ നിന്ന് രക്ഷപെടുത്തപ്പെട്ട ഒരാളുടെ സ്വാഭാവികമായ പ്രതികരണം, രക്ഷപെടുത്തിയ വ്യക്തിയോട് തന്റെ കൃതജ്ഞത പ്രകടിപ്പിക്കുകയാണ്. ഇതേപോലെ, സുനിശ്ചിതമായ ആത്മീയ മരണത്തിൽ നിന്ന് രക്ഷിക്കപ്പെട്ടവർ, ദൈവത്തോടുള്ള തങ്ങളുടെ കൃതജ്ഞത, അവിടുത്തെ വേലക്കായി തങ്ങളെത്തന്നെ സമർപ്പിച്ചു കൊണ്ട് പ്രദർശിപ്പിക്കും.

**വാക്യം 14.** 1 മുതൽ 13 വരെയുള്ള വാക്യങ്ങളിലെ ചർച്ച സംക്ഷേപിച്ചുകൊണ്ടു ള്ളതും വാക്യം 1-ലെ ചോദ്യത്തിന് ഉത്തരം നൽകിക്കൊണ്ടുള്ളതും 6:15–23-ൽ കാണപ്പെടുന്ന വിവരണങ്ങളിലേക്കുള്ള ഒരു പരിവർത്തനമായി വർത്തിക്കുന്ന തുമായ ഒരു പ്രസ്താവനയിലൂടെയാണ് പൗലൊസ് ഈ ഭാഗം സമാപിപ്പിക്കുന്നത്. ഈ പ്രസ്താവന ഈ വാക്കുകളിലൂടെ ആരംഭിക്കുന്നു: **പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ**. ഒരു ക്രിസ്തീയ വിശ്വാസിയുടെ ജീവിതത്തിൽ പാപത്തിന് നിയന്ത്രണം ഏറ്റെടുക്കുന്നതിന് അസാദ്ധ്യമാണെന്ന് ‘‘നടത്തുക യില്ലല്ലോ’’ എന്ന വാക്ക് അർത്ഥമാക്കുന്നില്ല. അത്തരമൊരു വ്യാഖ്യാനം, ദൈവ മക്കളെ പാപം ചെയ്യാതിരിക്കാനായി പ്രോൽസാഹിപ്പിക്കുന്നതിനായി എഴുതിയ ഈ വചനഭാഗത്തിന്റെ പ്രഭാവം കെടുത്തിക്കളയും.

ഭാവി കാലത്തിലുള്ള പ്രയോഗം ഒരു കൽപ്പന പുറപ്പെടുവിക്കുന്നതിനായി ഉപയോഗിക്കാം.38 മറ്റൊരു തരത്തിൽ പറഞ്ഞാൽ, നിങ്ങൾ ഒരാളോട് പറഞ്ഞേക്കാം: ‘‘നിങ്ങൾ അങ്ങനെ ചെയ്യരുത്’’; നിങ്ങൾ യഥാർത്ഥത്തിൽ ഉദ്ദേശിക്കുന്നത് ‘‘നിങ്ങൾക്ക് അങ്ങനെ ചെയ്യാം, എന്നാൽ ചെയ്താൽ നിങ്ങൾ

പ്രശ്നത്തിലാകും!'' എന്നാണ്. ഉദാഹരണമായി, ദൈവം ആദാമിനോട് പറഞ്ഞു, ''എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നരുത്; തിന്നുന്ന നാളിൽ നീ മരിക്കും'' (ഉൽ. 2:17; പ്രത്യേകമായ ഊന്നൽ നൽകിയിരിക്കുന്നു). തീർച്ചയായും, ആദാമിന് പഴം കഴിക്കുന്നതിന് സാധിക്കുമായിരുന്നു; അവൻ അങ്ങനെ ചെയ്യുകയും ചെയ്തു - അവന് അതിന്റെ പരിണിതഫലങ്ങൾ അനുഭവിക്കേണ്ടി വരികയും ചെയ്തു.

''പാപം നിങ്ങളുടെ മേൽ വാഴരുത്'' എന്ന് പൗലൊസ് പറഞ്ഞപ്പോൾ, അദ്ദേഹം തന്റെ വായനക്കാർക്ക് ഒരു വസ്തുതയുടെ ഉറപ്പ് നൽകുകയായിരുന്നു: അവർക്ക് പാപത്തിന്റെ മുകളിൽ വിജയം നൽകിയിട്ടുള്ളതിനാൽ, അവരുടെ മേൽ പാപം വാഴേണ്ട ആവശ്യമില്ല. പാപം ഒരിക്കലും അവരുടെ ജീവിതത്തിന് മുകളിൽ ആധിപത്യമുറപ്പിക്കുന്നതിന് അനുവദിക്കരുത് എന്നും അദ്ദേഹം ഉദ്ബോധിപ്പിക്കുകയായിരുന്നു. ജിം മക്ഗുയിഗൻ എഴുതി: ''പാപം നിങ്ങളുടെ മേൽ വാഴരുത്'' എന്നത്, ഒരു ഉറപ്പ് മാത്രമല്ല, അത് പോരാട്ടത്തിനായുള്ള ഒരു ആഹ്വാനം (കൂടി) ആണ്.''[39] സിഇവി ഭാഷാന്തരം ഇങ്ങനെ എഴുതുന്നു, ''പാപം നിങ്ങളുടെ ജീവിതത്തെ ഭരിച്ചു കൊണ്ടിരിക്കു ന്നതിന് അനുവദിക്കരുത്.''

ഈ ഭാഗത്തിന്റെ അവസാനത്തോടടുത്ത്, തന്റെ വായനക്കാരോട് പാപം എന്തു കൊണ്ട് അവരുടെ യജമാനൻ ആയിരിക്കരുത് എന്ന് പൗലോസ് പറയുന്നു: **നിങ്ങൾ ന്യായപ്രമാണത്തിന്നല്ല, കൃപക്കത്രെ അധീനരാകയാൽ** പാപം നിങ്ങളിൽ കർത്തൃത്വം നടത്തുകയില്ലല്ലോ. ചിലർ ഈ വാക്കുകളെ അതിന്റെ അർത്ഥ തലത്തിൽ നിന്ന് മാറ്റി ഉപയോഗിക്കുകയും അവ അവരുടെ ജീവിതത്തിന്റെ ആപ്തവാക്യമാക്കിത്തീർക്കുകയും ചെയ്തിട്ടുണ്ട്: ''ഞങ്ങൾ ന്യായപ്രമാണത്തിൻ കീഴിലല്ല, കൃപയുടെ കീഴിലാണ്!'' നാം ''ന്യായപ്രമാണത്തിൻ കീഴിലല്ല'' എന്ന് പൗലൊസ് പറഞ്ഞപ്പോൾ, അദ്ദേഹം ''ക്രിസ്തീയ വിശ്വാസികൾക്ക്, പാലിക്കു ന്നതിനുള്ള ഉത്തരവാദിത്വമുള്ള കൽപ്പനകളൊന്നുമില്ല'' എന്ന് അദ്ദേഹം പറയുകയായിരുന്നില്ല'' എന്ന് മൂ ചൂണ്ടിക്കാണിക്കുന്നു.[40] മറിച്ച്, ഇവിടെ ''ന്യായപ്രമാണം'' ഇവിടെ ഉപയോഗിച്ചിരിക്കുന്നത് ''ഒരു ന്യായപ്രമാണ വ്യവസ്ഥയുടെ'' അർത്ഥത്തിലാണ്. സമാനമായി, ഈ വാക്യത്തിലെ ''കൃപ'' പരാമർശിക്കുന്നത് ''ഒരു കൃപാ വ്യവസ്ഥ''യേയാണ്. ഒരു നിയമ വ്യവസ്ഥയിൽ, നിയമം തികവോടെ പാലിക്കുന്നതിലൂടെ രക്ഷ കൈവരിക്കുന്നു. എന്നാൽ, കൃപാ വ്യവസ്ഥയിൽ രക്ഷ ദൈവത്തിന്റെ ദാനമാണ്.

ന്യായപ്രമാണ വ്യവസ്ഥയ്ക്ക് കീഴിൽ, പാപത്തിന്റെ ആധിപത്യത്തിന് കീഴിലാകാതെയിരിക്കുന്നത് ദുഷ്കരമാണ്, കാരണം വിടുതലിന് ഒരു മാർഗ്ഗവുമില്ലെന്നതു തന്നെ. ബെൽ ഇങ്ങനെ എഴുതി: ''നിയമത്തിന് പ്രജകളെയും അടിമക ളെയും സൃഷ്ടിക്കുവാൻ കഴിയും എന്നാൽ അതിന് ഹൃദയത്തെ മൃദുവാക്കു ന്നതിനും ദുർവാശി കാട്ടുന്ന ഇച്ഛകളെ തകർക്കുന്നതിനും കൃതജ്ഞതയും സ്നേഹവും ഉളവാക്കുന്നതിനും കഴിയില്ല.''[41] ഏറ്റവും പ്രധാനമായി നിയമത്തിന് പാപിയെ നീതീകരിക്കുന്നതിന് സാധിക്കില്ല. നിയമത്തിന് ചെയ്യുവാൻ കഴിയാ ത്തതെല്ലാം കൃപയ്ക്ക് ചെയ്യുന്നതിന് സാധിക്കും. കൃപാ വ്യവസ്ഥയ്ക്ക് കീഴിൽ, ഒരാൾക്ക് പാപത്തിൽ നിന്ന് മോചനം പ്രാപിക്കുന്നതിന് കഴിയും. നിയമത്തിന് ഒരിക്കലും കഴിയാത്ത വിധത്തിൽ കൃപ, പാപത്തിന്റെ സ്വാധീനം തകർക്കുന്നു. അങ്ങനെ, വാക്യം 1-ൽ പരോക്ഷമായി

ഉയർന്ന ആരോപണ ത്തിന് നമുക്ക് ഒരു മറുപടി ഉണ്ടാകുന്നു: പാപത്തെ പ്രോത്സാഹി പ്പിക്കുന്നതിന് പകരം, കൃപ യഥാർത്ഥത്തിൽ പാപത്തെ നിരുത്സാഹ പ്പെടുത്തുകയാണ്.

## നിയമത്തിൽ നിന്നുള്ള സ്വാതന്ത്ര്യം - പാപം ചെയ്യാനുള്ള ഒരു അനുവാദമല്ല (6:15-23)

### നീതിയുടെ ദാസൻമാർ (6:15-19)

**15എന്നാൽ എന്തു? ന്യായപ്രമാണത്തിന്നല്ല കൃപക്കത്രെ അധീനരാകയാൽ നാം പാപം ചെയ്ക എന്നോ? ഒരുനാളും അരുതു. 16നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നേ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പേ ാരു കയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ? ഒന്നുകിൽ മരണത്തിന്നായി പാപത്തിന്റെ ദാസന്മാർ, അല്ലെങ്കിൽ നീതിക്കായി അനുസരണ ത്തിന്റെ ദാസന്മാർ തന്നേ. 17എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരു ന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശരൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു. 18പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതുകൊണ്ടു ദൈവത്തിന്നു സ്തോത്രം. 19നിങ്ങളുടെ ജഡത്തിന്റെ ബലഹീനതനിമിത്തം ഞാൻ മാനുഷരീതിയിൽ പറയുന്നു. നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്നായി അശു ദ്ധിക്കും അധർമ്മത്തിന്നും അടിമകളാക്കി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിന്നായി നീതിക്കു അടിമകളാക്കി സമർപ്പിപ്പിൻ.**

**വാക്യം 15.** വാക്യം 14-ലെ തന്റെ പഠിപ്പിക്കലിനോട് ഒരു എതിർപ്പ് പൗലൊസ് പ്രതീക്ഷിച്ചു: **എന്നാൽ എന്തു? ന്യായപ്രമാണത്തിന്നല്ല[42] കൃപെക്കത്രെ അധീനരാ കയാൽ നാം പാപം ചെയ്ക എന്നോ?** വ്യക്തമായും, ചില ആളുകൾ ഈ നിഗ മനത്തിലെത്തിച്ചേർന്നിട്ടുണ്ട്. തങ്ങൾ ഏതെങ്കിലുമൊരു നിയമ വ്യവസ്ഥയുടെ കീഴിലല്ലെങ്കിൽ, ഏതെങ്കിലും വിധത്തിലുള്ള നിയമം പാലിക്കുന്നതിന് തങ്ങൾക്ക് ഉത്തരവാദിത്വമില്ലെന്ന് അവർ കരുതുന്നു. "ഞങ്ങൾ ആഗ്രഹിക്കുന്നതെല്ലാം ചെയ്യുന്നതിന് ഞങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്, പാപമയമായ ഒരു ജീവിതം ജീവിക്കുന്നതുൾപ്പടെ", എന്ന് പറയുന്നതുപേ ാ ലയാണ് അവർ ജീവിതം നയിക്കുന്നത്. ഇത്തരത്തിലൊരു അഭിപ്ര ായത്തോട് പൗലൊസിന്റെ പ്രതികരണം നടുക്കുന്ന ഒരു പ്രഖ്യാപനമായിരുന്നു: **ഒരു നാളും അരുത്!** വാക്യം 1-ൽ സമാനമായ ഒരു ചോദ്യം പൗലൊസ് ഉന്നയിക്കുകയും വാക്യം 2-ൽ ഇതേ വിധത്തിൽ തന്നെ പ്രതികരിക്കുകയും ചെയ്തിരുന്നു.

1-ഉം 15-ഉം വാക്യങ്ങളിൽ പൗലൊസ് പാപത്തെക്കുറിച്ച് ചോദിക്കുന്ന ചോദ്യങ്ങൾ അൽപ്പം വ്യത്യസ്തമായിരിക്കുന്നു എന്ന് ഏതാനും എഴുത്തുകാർ കരുതുന്നു.[43] വാക്യം 1-ൽ പൗലൊസ് ചോദിച്ചു: "കൃപ പെരുകേണ്ടതിന്നു പാപ ം *ചെയ്തുകൊിരിക്ക* എന്നോ?" വാക്യം 15-ലാകട്ടെ അദ്ദേഹം ചോദി ക്കുന്നു: "നാം *പാപം* ചെയ്ക എന്നോ ...?" (പ്രത്യേക ഊന്നൽ നൽകിയിരി ക്കുന്നു). ചിലർ വിശ്വസിക്കുന്നത് വാക്യം 1-ൽ "നാം *പാപം നിറഞ്ഞ ഒരു ജീവിത ശൈലി* തുടരണമോ?" എന്ന് പൗലൊസ് ചോദിക്കുന്നതായും വാക്യം 15-ൽ "*വല്ലപ്പോഴും*

പാപം ചെയ്യുന്നത് ശരിയാണോ?'' എന്ന് അദ്ദേഹം ചോദിക്കു ന്നതായും ചിലർ വിശ്വസിക്കുന്നു. അത്തരത്തിലൊരു വേർതിരിക്കൽ നടത്താമെങ്കിലും ഇല്ലെങ്കിലും, പാപവും പാപം ചെയ്യലും ക്രിസ്തീയ ജീവിതശൈലിക്ക് വിരുദ്ധമാണ് എന്ന് ക്രിസ്തീയ വിശ്വാസികൾ അറിയണമെന്ന് പൗലൊസ് ആഗ്രഹിച്ചു. "പാപം ചെയ്യുന്നതിനുള്ള ഒരു ഒഴിവുകഴിവായി കൃപയുടെ കീഴിലാണ് എന്ന് കരുതുന്നതു തന്നെ, ഒരാൾ യഥാർത്ഥത്തിൽ 'കൃപയുടെ കീഴിൽ' അല്ല എന്നുള്ളതിനുള്ള ഒരു അടയാളമാണ്.''[44]

റോമർ 6-ൽ, നാം ക്രിസ്തീയ വിശ്വാസികൾ എന്തുകൊണ്ട് പാപം ചെയ്യരുത് എന്നതിന് നിരവധി കാരണങ്ങൾ പൗലൊസ് നൽകുന്നുണ്ട്. 6:1-14-ൽ ചൂണ്ടിക്കാട്ടുന്ന കാരണം, ക്രിസ്തുവിന്റെ മരണത്തോട് ചേരുവാൻ നാം സ്നാനം ഏറ്റപ്പോൾ നാം പാപസംബന്ധമായി മരിച്ചിരിക്കുന്നു വന്നതാണ് (6:3). നാം പാപ സംബന്ധമായി മരിച്ചതിനാൽ, അത് നമ്മെ പാപത്തിന്റെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചു (6:7, 9, 14). 6:15-23-ൽ, പൗലൊസ് അടിമത്തത്തെക്കുറിച്ചുള്ള തന്റെ ഉപമ തുടരുകയും അത് കുറേക്കൂടി വിപ ുലീകരിക്കുകയുമാണ്. അദ്ദേഹത്തിന്റെ അടിസ്ഥാനപരമായ വാദം, നാം ഇനി മുതൽ *പാപത്തിന്റെ* അടിമകളല്ലാത്തതിനാലും എന്നാൽ ഇപ്പോൾ *ദൈവത്തിന്റെ* അടിമകളായതിനാലും നാം പാപത്തെ സേവിക്കരുത് എന്നാണ്.

**വാക്യം 16.** പൗലൊസ് ഇങ്ങനെ ചോദിച്ചുകൊണ്ട് ആരംഭിക്കുന്നു, **നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നേ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്നവന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ...?** "അടിമകൾ'' എന്ന വാക്കിന്റെ നിഷേധാത്മക വിവക്ഷ മൂലം, ചില ഭാഷാന്തരങ്ങൾ "ദാസൻമാർ'' (കെജെവി; എഎസ്‌വി) എന്നാണ് നൽകുന്നത്; എന്നാൽ ഗ്രീക്ക് വചനഭാഗത്തിൽ, ഈ വാക്ക് ഡ്യൂലോസ് δοῦλος (*doulos*), അതായത് "അടിമ'' എന്ന പദത്തിന്റെ ബഹുവചന രൂപം തന്നെയാണ്.

ഒന്നാം നൂറ്റാണ്ടിലെ വായനക്കാർക്ക് അടിമത്തം ഏറെ അടുത്ത് പരിചിതമായിരുന്നു. റോമയിലെയും റോമാ സാമ്രാജ്യത്തിലെയും ജനസംഖ്യയിൽ വലിയൊരു ശതമാനം അടിമകളുണ്ടായിരുന്നു. പൗലൊസിന്റെ വായനക്കാരിൽ നിരവധി ആളുകളും, ഒരുപക്ഷേ ഭൂരിഭാഗവും, നിയമപരമായും രാഷ്ട്രീയപരമായും സ്വതന്ത്രരായിരുന്ന പൗരൻമാരായിരുന്നു; എന്നാൽ ആത്മീയമായി ഓരോ വ്യക്തിയും എന്തിനോടെങ്കിലും അടിമയാണ് എന്ന് അവർ അറിയണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. ഓരോ വ്യക്തിയും എന്തെങ്കിലും അനുസരിക്കുന്നു – തന്റെ സ്വന്തം മോഹങ്ങളും ആഗ്രഹങ്ങളുമാണെങ്കിലും. അങ്ങനെ ചെയ്യുമ്പോൾ, അയാൾ അതിനോട് അടിമയായിത്തീരുന്നു.

ഒരു വ്യക്തി **മരണത്തിൽ കലാശിക്കുന്ന പാപത്തിന്റെയോ അല്ലെങ്കിൽ നീതിയിലേക്ക് നയിക്കുന്ന അനുസരണത്തിന്റെയോ അടിമയാണ്** എന്ന് പൗലൊസ് തുടർന്നു പറയുന്നു. ആത്യന്തികമായി, ഒരു വ്യക്തിയുടെ ദാസ്യത്വത്തിന്റെ തിരഞ്ഞെടുപ്പ് രണ്ട് മാർഗ്ഗങ്ങളിലേക്ക് പരിമിതപ്പെടുന്നു: ഒന്നുകിൽ അയാൾക്ക് തന്റെ വിഷയാസക്തികളെ തൃപ്തിപ്പെടുത്തിക്കൊണ്ടിരിക്കുകയും പാപത്തിന് അടിമയായി ജീവിക്കുകയും ചെയ്യാം, അല്ലെങ്കിൽ അയാൾക്ക് ദൈവത്തെ അനുസരിക്കുകയും (6:17) കർത്താവിന്റെ യജമാനത്വത്തിൻ കീഴിൽ തുടരുകയും ചെയ്യാം.

ചിലർ പ്രതിഷേധിച്ചേക്കാം, "ഞാൻ ആരുടെയും അടിമയല്ല! ഞാൻ സ്വതന്ത്രനാണ്!'' യഹൂദൻമാർ ആ വാദമുന്നയിച്ചപ്പോൾ യേശു അവരോട്

പറഞ്ഞു, ''പാപം ചെയ്യുന്നവർ എല്ലാം പാപത്തിന്റെ ദാസൻമാരാണ്'' (യോഹ. 8:33, 34). ദൈവമില്ലാത്ത ജീവിതം നയിക്കുന്ന അനവധി പേരും അവരുടെ ജീവിതം എത്രത്തോളം പാപത്തിന്റെ അടിമത്തത്തിലാണ് എന്ന് അറിയുന്നില്ല.

എല്ലാവരും ഒരു അടിമയാണ്; ഉന്നയിക്കപ്പെടുന്ന ചോദ്യം, ഒരു വ്യക്തി ആരുടെ അടിമയാണെന്നുളളതാണ്. വാക്യം 16 അനുസരിച്ച്, ഒരാൾ പാപത്തിന്റെ ദാസനാണെങ്കിൽ, അയാൾ ''മരണ'' ത്താൽ - ആത്മീക മരണത്താൽ - ശപിക്കപ്പെടും. ഒരു വ്യക്തി ദൈവത്തെ സേവിക്കുന്നുവെങ്കിൽ, അയാൾ ''നീതിയാൽ'' - ദൈവത്തിന്റെ മുൻപിലെ നീതിയോടെയുളള നിലയാൽ - അനുഗ്രഹിക്കപ്പെടും.

പാപമായാലും ദൈവമായാലും - നാം ഒന്നിനെ അല്ലെങ്കിൽ മറ്റേതിനെ സേവിക്കും. നമുക്ക് രണ്ടിനെയും ഒരേ സമയം സേവിക്കുന്നതിന് സാദ്ധ്യമല്ല. യേശു പറഞ്ഞു, ''രണ്ട് യജമാനൻമാരെ സേവിപ്പാൻ ആർക്കും കഴിയില്ല'' (മത്തായി 6:24). ഇന്ന്, ചിലർ ഒന്നിലേറെ സ്ഥലങ്ങളിൽ ജോലിയെടുക്കുന്നുണ്ട്; അങ്ങനെ അവർ ഒന്നിലെറെ ''യജമാനൻമാരെ'' (തൊഴിലുടമകളെ) സേവിക്കുന്നു. എന്നാൽ, ഒരു ദാസന് (അടിമയ്ക്ക്) ഇത്തരത്തിലുളള ഒരു അവസരം ഉണ്ടായിരുന്നില്ല. അടിമയ്ക്ക് ഉണ്ടായിരുന്നതെല്ലാം - സമയം ഉൾപ്പടെ - അയാളുടെ യജമാനന് സ്വന്തമായിരുന്നു. ജെബി തർജ്ജമയിൽ വാക്യം 16 ഇങ്ങനെ നൽകിയിരിക്കുന്നു, ''നീതിയിലേക്ക് നയിക്കുന്ന അനുസരണത്തിന്റെ ദാസൻമാരായിരിക്കുന്ന അതേ സമയത്ത് തന്നെ നിങ്ങൾക്ക് മരണത്തിലേക്ക് നയിക്കുന്ന പാപത്തിന്റെ അടിമയായിത്തീരുന്നതിന് കഴിയില്ല.''

**വാക്യം 17.** വാക്യം 16-ന്റെ പൊതുവായ തത്വത്തിൽ നിന്ന് പൗലൊസ് നിർദ്ദിഷ്ടമായ തന്റെ വായനക്കാരുടെ ഒരു നിർദ്ദിഷ്ട സാഹചര്യത്തിലേക്ക് നീങ്ങുകയാണ്. അവരുടെ മുൻ ബാദ്ധ്യതയെക്കുറിച്ച് അദ്ദേഹം പറയുന്നു: **എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ ഹൃദയപൂർവ്വം അനുസരിച്ചു പാപത്തിൽനിന്നു സ്വാതന്ത്ര്യം ലഭിച്ചു നീതിക്കു ദാസന്മാരായിത്തീർന്നതുകൊു ദൈവത്തിന്നു സ്തോത്രം.** മുൻകാ ലത്ത്, അവർ ''പാപത്തിന്റെ ദാസൻമാർ'' ആയിരുന്നു; എന്നാൽ അവർ ആരോ ടാണ് കൂറ് പുലർത്തുന്നത് എന്നതിൽ അവർ മാറ്റം കൊണ്ടുവരികയും കർത്താ വിനെ അനുസരിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു. ''അനുസരിച്ചു'' എന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന വാക്ക് *ഹുപോക്കോവു* ὑπακούω (*hupakouō*) ഗ്രീക്കിൽ ഒരു സംയുക്ത പദമാണ്. *അക്കോവു* ἀκούω (*akouō*) ''കേൾക്കുക'', *ഹുപോ* ὑπό (*hupo*), ''കീഴിൽ'' എന്നീ രണ്ട് വാക്കുകളാണിവ. കേൾക്കുന്നതിനോട് ധനാത്മകമാ യുളള പ്രതികരണത്തെയാണ് ഈ വാക്ക് സൂചിപ്പിക്കുന്നത് - അധികാരമുളള ഒരാളോട് വിധേയത്വം പുലർത്തൽ (കാണുക യാക്കൊബ് 1:22) എന്നാണ്.

''രക്ഷ വിശ്വാസത്തിലൂടെ മാത്രം'' എന്ന് പഠിപ്പിക്കുന്നവർ, വാക്യങ്ങൾ 16-ലും 17-ലും പൗലൊസ് അനുസരണത്തിന് നൽകിയിട്ടുളള ഊന്നൽ കാണുമ്പോൾ അലോസരപ്പെട്ടേക്കാം. പ്രത്യേകിച്ചും പാപത്തിൽ നിന്നുളള വിടുതലിന് മുൻപി ലായി അനുസരണം ചേർത്തു വെക്കുമ്പോൾ (6:17, 18). എന്നാൽ, എല്ലാ മനുഷ്യർക്കും ''വിശ്വാസത്തിൽ അനുസരണം വരുത്തേണ്ടതിന്'' (1:5; കാണുക 16:26) ഉളള പൗലൊസിന്റെ ലക്ഷ്യത്തോട് ഇണങ്ങുന്നതാണ് പൗലൊസിന്റെ ഈ വാക്കുകൾ. മൂ ഇങ്ങനെ പറഞ്ഞു: ''വിശ്വാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നതിന് പൗലൊസ് പ്രകടമായും ആഗ്രഹിക്കുന്നു.''[45]

പൗലൊസിന്റെ വായനക്കാർ, "ഹൃദയപൂർവ്വം അനുസരിക്കുന്നവർ" ആയിരുന്നു. "യഹോവയോ ഹൃദയത്തെ നോക്കുന്നു" (1 ശമു. 16:7) എന്ന് ദൈവ വചനം പഠിപ്പിക്കുന്നു. ദൈവ വചനത്തിലുടനീളം, ദൈവത്തിന്റെ ഇഷ്ടം ഹൃദയപൂർവ്വം നിർവ്വഹിക്കുന്നതിന്റെ പ്രാധാന്യത്തെക്കുറിച്ച് ഊന്നിപ്പറയുന്നുണ്ട് (കാണുക ആവ. 10:12; 1 ശമു. 12:20; എഫേ. 6:6). ദൈവം *പൂർണ്ണമായി തികഞ്ഞ* അനുസരണം ആഗ്രഹിക്കുന്നില്ല (കാരണം ഒരാൾക്കും അത് പാലിക്കുന്നതിന് സാധിക്കില്ല), എന്നാൽ ഹൃദയപൂർണ്ണമായ അനുസരണം ദൈവം ആവശ്യപ്പെടുന്നു.

റോമയിലെ വിശ്വാസികൾ, ഏതെങ്കിലും വിധത്തിലുള്ള വൈമനസ്യം കൂടാതെ, "സമർപ്പിക്കപ്പെട്ട ഉപദേശ രൂപത്തെ (അവർ) അനുസരിച്ചു." "രൂപം" എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദം, *ടുപോസ്* τύπος (*tupos*) എന്ന വാക്കിൽ നിന്ന് ഉത്ഭവിക്കുന്ന "തരം" എന്ന പദത്തിൽ നിന്നാണ് (5:14-ന്റെ വ്യാഖ്യാനം കാണുക). *ടുപോസ്* എന്നത്, "രൂപം", "ആകാരം" അല്ലെങ്കിൽ "മാതൃക" എന്നിവ അർത്ഥമാക്കാം. 6:17-ൽ ഇത് "ഉപദേശത്തിന്റെ മാതൃക" എന്ന് ദ്യോതിപ്പിക്കുന്നു.[46] ഇത് സൂചിപ്പിക്കുന്നത് എ.ഡി. 50-കളുടെ അത്രയും പുരാതനമായ കാലയളവിലും കർത്താവിന്റെ സഭയിൽ ഉപദേശത്തിന്റെ ക്രമബദ്ധമായ ഒരു മാതൃക ഉണ്ടായിരുന്നുവെന്നാണ്.

ഈ വചന ഭാഗത്തിൽ, പൗലൊസ് മനസ്സിൽ എഴുതുന്നത് ഏത് "ഉപദേശ രൂപം" ആയിരുന്നു എന്നതിനെക്കുറിച്ച് എഴുത്തുകാർ അനുമാനിക്കുന്നുണ്ട്. മറ്റെല്ലായിടത്തും, പൗലൊസും പ്രചോദിതരായ മറ്റ് സുവിശേഷ ഘോഷകരും പ്രസംഗിച്ച സന്ദേശത്തിന്റെ അകക്കാമ്പിനെക്കുറിച്ച് പൗലൊസ് വ്യക്തത പ്രദർശിപ്പിക്കുന്നുണ്ട്. കൊരിന്ത്യയിലെ സഭയോട് പൗലൊസ് പറയുന്നു: "ക്രൂശിക്കപ്പെട്ടവനായ യേശു ക്രിസ്തുവിനെ അല്ലാതെ മറ്റൊന്നും അറിയാത്തവനായി നിങ്ങളുടെ ഇടയിൽ ഇരിക്കേണം എന്നു ഞാൻ നിർണ്ണയിച്ചു" (1 കൊരി. 2:2). വീണ്ടും, അദ്ദേഹം അവരോട് പറയുന്നു, "ക്രിസ്തു നമ്മുടെ പാപങ്ങൾക്കു വേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു അടക്കപ്പെട്ടു തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റു കേഫാവിന്നും പിന്നെ പന്തിരുവർക്കും പ്രത്യക്ഷനായി എന്നിങ്ങനെ ഞാൻ ഗ്രഹിച്ചതു തന്നേ നിങ്ങൾക്കു ആദ്യമായി ഏല്പിച്ചുതന്നുവല്ലോ" (1 കൊരി. 15: 3, 4). റോമയിലെ വിശ്വാസികൾക്ക് ഏൽപ്പിച്ചു കൊടുത്ത *ഉപദേശ രൂപം*, യേശു അവരുടെ പാപങ്ങൾക്ക് വേണ്ടി മരിച്ചുവെന്നും അവർക്ക് ഒരു പുതുജീവൻ നൽകുന്നതിനായി ഉയിർത്തെഴുന്നേറ്റുവെന്നുമാണ്."[48]

റോമാ ലേഖനത്തിന്റെ 6-ാം അദ്ധ്യായത്തിന്റെ പ്രാരംഭ ഭാഗത്ത് സ്നാനത്തെക്കുറിച്ചുള്ള പൗലൊസിന്റെ ഉപദേശത്തിൽ, ക്രിസ്തുവിന്റെ മരണം, അടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവ കേന്ദ്ര ബിന്ദുക്കളായിരുന്നു. എന്നാൽ, അവർ വാക്യം 4 പിന്നിട്ടു കഴിയുമ്പോൾ, നിരവധി കമന്റേറ്റർമാരും സ്നാനമെന്ന വിഷയത്തെ അവഗണിക്കുന്നതിനാണ് ശ്രമിക്കുന്നത്. എന്നാൽ, ഇവിടെ നമ്മുടെ ചർച്ചയ്ക്ക് വിധേയമാകുന്ന വചന ഭാഗം ഉയർന്നു വരുന്നത് "സ്നാനത്തെക്കുറിച്ചുള്ള ഒരു ചർച്ചയിൽ നിന്നാണ്" എന്ന് ബാർക്ലേ ചൂണ്ടിക്കാട്ടുന്നു.[49] പൗലൊസിന്റെ വായനക്കാർ, സ്നാനം ഏൽക്കപ്പെട്ടവരും "സദ്വർത്തമാന"ത്തിന്റെ "രൂപം" അല്ലെങ്കിൽ "മാതൃക" അനുസരിക്കുന്നവരുമായിരുന്നു. അവർ ക്രിസ്തുവിന്റെ *മരണത്തിൽ* പങ്കാളികളായിത്തീരുന്നതിനായി സ്നാനമേൽക്കുകയും സ്നാന ജലത്തിൽ കർത്താവിനോടു കൂടി *കുഴിച്ചിടപ്പെടുകയും* ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിനായി *ഉയിർക്കപ്പെടുകയും* ചെയ്തു. മാക്നൈറ്റ്, ടുപോസ്-നെ

കാണുന്നത് റോമക്കാർ സ്നാനത്തിലൂടെ എടുത്തു വെക്കപ്പെട്ട ഒരു ''മോൾഡ് (മൂശ)'' ആയിട്ടാണ്. അതിലൂടെ, അവർ ''പുതിയതായി രൂപപ്പെടും.''[50]

''നിങ്ങളെ പഠിപ്പിച്ച ഉപദേശ രൂപത്തെ'' എന്ന പ്രയോഗത്തെക്കുറിച്ച് അൽപ്പം പറയാതിരിക്കുക വയ്യ. ''പഠിപ്പിച്ച്'' എന്ന് അർത്ഥം വരുന്ന ഗ്രീക്ക് പദം, ''ഏൽപ്പിച്ച'' എന്ന് അടിസ്ഥാനപരമായി അർത്ഥം വരുന്ന *പാരാഡിഡോമി* παραδίδωμι, *paradidōmi* എന്ന വാക്കിൽ നിന്നാണ് ഉത്ഭവിക്കുന്നത്. ചില പരിഭാഷകർ, ഈയൊരു പദപ്രയോ ഗത്തെ ''നിങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള ഉപദേശം'' ആയി വ്യാഖ്യാനിക്കുന്നു (കാണുക കെജെവി) - ഇതായിരിക്കാം ഒരുപക്ഷേ ഈ പ്രയോഗം മനസ്സിലാക്കുന്നതിനുള്ള ഏറ്റവും ലളിതമായ മാർഗ്ഗം. എങ്കിലും, ''പഠിപ്പിച്ച/ഭരമേൽപ്പിച്ച'' എന്നതിന്റെ ക്രിയ, കർമ്മണി പ്രയോഗത്തിലായതിനാൽ ഈയൊരു പ്രയോഗത്തെ, മിക്കവരും ''വചനത്തിലേക്ക് ഏൽപ്പിച്ചിട്ടുണ്ടായിരുന്നുവെന്ന് സൂചിപ്പിക്കുന്ന വിധത്തി ലാണ് പരിഭാഷപ്പെടുത്തുന്നത്. എഡ്വേർഡ്സിന്റെ വീക്ഷണം ഇങ്ങനെയാണ്: ''*ഉപദേശ രൂപം* നമ്മുടേതല്ല മറിച്ച് നാം അതിന്റേതാണ് എന്നതാണ് ഇവിടുത്തെ മുഖ്യ വിഷയം.''[51] എൻഇബി ഇതിനെക്കുറിച്ച് ഇങ്ങനെ പരാമർശിക്കുന്നു: ''നമ്മെ അധീനതയിലാക്കി ത്തീർത്തിട്ടുള്ള ഉപദേശം.''

**വാക്യം 18**. പൗലൊസിന്റെ വായനക്കാർ, ''ഹൃദയപൂർവ്വം അനുസരിച്ചപ്പോൾ'' ആയിരുന്നു - അതിന് മുൻപല്ല - *പാപത്തിൽ നിന്ന് വിടുതൽ നേടിയത്*. കെജെവി പരിഭാഷയിൽ, ഈ വസ്തുതയ്ക്ക് ഊന്നൽ നൽകുന്നതിനായി ''*ദെൻ*'' എന്നൊരു വാക്ക് ചേർത്തിട്ടുണ്ട്: ബീയിംഗ് ദെൻ മെയ്ഡ് ഫ്രീ ഫ്രം സിൻ'' (പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു). ഈ വചന ഭാഗത്തിലെ സംഭവഗതികളുടെ ക്രമം താഴെച്ചേർക്കുന്നു:

''പാപത്തിന്റെ ദാസൻമാർ'' (6:17a)
''ഹൃദയപൂർവ്വം അനുസരിച്ചു'' (6:17b)
''പാപത്തിൽനിന്നു സ്വാതന്ത്ര്യം''(6:18a)
''നീതിക്കു ദാസന്മാർ'' (6:18b)

ഇവിടെ പ്രസ്താവിച്ചിരിക്കുന്നത് പൗലൊസ് സ്നാനത്തെക്കുറിച്ച് അദ്ധ്യായത്തിന്റെ പ്രാരംഭ ഭാഗത്ത് പറഞ്ഞവയുമായി ബന്ധപ്പെട്ടിരിക്കുന്നു. ''ജീവന്റെ പുതുക്കത്തിൽ നടക്കുന്ന''(6:4)-തിനായി നാം സ്നാന ജലത്തിൽ നിന്ന് നാം ഉയിർത്തുവെന്നും അതിനാൽ നാം ''(ക്രിസ്തുവിന്റെ) പുനരുത്ഥാനത്തിന്റെ സാദൃശ'' ത്തിലാണെന്നും (6:5), ''പാപശരീരത്തിന്'' ''നീക്കം വന്നു'' (6:6) അദ്ദേഹം ഊന്നിപ്പറഞ്ഞു. തുടർന്ന്, വാക്യം 18-ലെ പോലെ അദ്ദേഹം അതേ പ്രയോഗം തന്നെ ഉപയോഗിക്കുന്നു: നാം, ''പാപത്തിൽ നിന്ന് മോചനം പ്രാപിച്ചിരിക്കുന്നു'' (6:7).

പാപികൾ ഹൃദയപൂർവ്വം അനുസരിച്ചപ്പോൾ, അവർ ''പാപത്തിൽ നിന്ന് മോചനം പ്രാപിച്ചു.'' ഇതിന്റെ അർത്ഥം അവർക്ക് യാതൊരു ബാദ്ധ്യതകളുമില്ലെന്നും ദൈവത്തെയോ മനുഷ്യരെയോ ഭയക്കാതെ അവരാഗ്രഹിക്കുന്നതെല്ലാം അവർക്ക് ചെയ്യാമെന്നുമാണോ? അല്ല! അവർ **നീതിയുടെ ദാസൻമാരായി** ത്തീർന്നിരിക്കുന്നു. പൗലൊസ് പറഞ്ഞു, ''നിങ്ങൾ ദാസന്മാരായി അനുസരിപ്പാൻ നിങ്ങളെത്തന്നേ സമർപ്പിക്കയും നിങ്ങൾ അനുസരിച്ചു പോരുകയും ചെയ്യുന്ന വന്നു ദാസന്മാർ ആകുന്നു എന്നു അറിയുന്നില്ലയോ?'' (6:16). അവർ ദൈവത്തെ ഹൃദയപൂർവ്വം (6:17) അനുസരിച്ചതിനാൽ, അവർ

ഇപ്പോൾ ദൈവത്തിന്റെ അടിമ കളാണ്. അവർ സ്നാനമേറ്റപ്പോൾ അവർ നടത്തിയ പ്രതിജ്ഞ അതായിരുന്നു.

**വാക്യം 19.** നമ്മുടെ വചനഭാഗത്തിന്റെ ഈ ബിന്ദുവിൽ, ക്രിസ്തീയതയെ എന്തുകൊണ്ടാണ് അടിമത്തവുമായി (ദാസത്വം) താരതമ്യം ചെയ്തത് എന്ന് വിശദീകരിക്കുന്നതിനായി പൗലോസ് ഇടയ്ക്ക് നിർത്തുന്നു. നികൃഷ്ടവും അതി ദുരിതം സമ്മാനിക്കുന്നതുമാണ് അടിമത്തം എന്ന് പൗലോസിന് അവബോധമുണ്ടായിരുന്നു. അങ്ങനെ, **നിങ്ങളുടെ ജഡത്തിന്റെ ബലഹീനത മൂലം മാനുഷികമായ പദപ്രയോഗങ്ങളിലൂടെ ഞാൻ സംസാരിക്കുകയാണ്** എന്ന് അദ്ദേഹം ധൃതി കൂട്ടുകയാണ്. മറ്റ തരത്തിൽ പറഞ്ഞാൽ, ‘‘നിങ്ങൾക്ക് പരിചിതമായ ഒരു ചിത്രീകരണം ഞാൻ ഉപയോഗിക്കുകയാണ്. അല്ലാത്ത പക്ഷം, എന്റെ ഉപദേശം നിങ്ങൾ ഗ്രഹിച്ചേക്കില്ല.’’

പൗലൊസ് എന്തുകൊണ്ട് ക്രിസ്തീയ ജീവിതത്തെ അടിമത്തവുമായി താരതമ്യം ചെയ്യുന്നു? സാധാരണയായി നയിക്കപ്പെടുന്ന ക്രിസ്തീയ ജീവിതവും അടിമത്തവുമായി പകലും രാത്രിയുമെന്നപോലെ വ്യത്യാസമുണ്ട്: ദൈവത്തിന്റെ ഒരു അടിമയായിത്തീരുന്നത് സ്വയേച്ഛപ്രകാരമാണ്; അത് നിർബന്ധിതമല്ല. അതേ പോലെ കർത്താവ് സ്വേച്ഛാധിപതിയായ ഒരു യജമാനനല്ല. ഇവിടെ, പ രാമർശിച്ചതു പോലെ, അടിമത്തം എന്ന് ഉപമ പൗലൊസ് ഉപയോഗിച്ചത് അത് എല്ലാവർക്കും സുപരിചിതമായിരുന്നതു കൊണ്ടാണ്; എന്നാൽ ഹാൾഫോർഡ് ലുക്കോക് അധികമായി ഒരു കാരണം കൂടി ചൂണ്ടിക്കാട്ടുന്നു. അദ്ദേഹം എഴുതി: ‘‘ദാസൻ (അടിമ) എന്നത് ശക്തമായ ഒരു പദമാണ്. എന്നാൽ ദൈവത്തോടുള്ള ദാസ്യത്വം ശക്തമായ ഒരു വസ്തുതയാണ്. ക്രിസ്തു ആവശ്യപ്പെടുന്ന, അവിഭാജിതമായ ഒരു ഭക്തി ബന്ധം ചിത്രീകരിക്കുന്നതിനായി ഇതിനേക്കാൾ ശക്തി കുറഞ്ഞ മറ്റൊരു വാക്കിനും കഴിയില്ല.’’[52]

ദൈവത്തെ ‘‘ഹൃദയപൂർവ്വം അനുസരിക്കുന്ന’’തിലൂടെ, പൗലൊസിന്റെ വായനക്കാർ ഫലത്തിൽ, സമ്പൂർണ്ണ ഹൃദയത്തോടെയുള്ള യജമാനഭക്തി പ്രഖ്യാപിച്ചിരുന്നു. അവർ പ്രഖ്യാപിച്ച പ്രതിജ്ഞാബദ്ധതയ്ക്ക് അനുസരണ മായി ജീവിതം നയിക്കുന്നതിന് ഇപ്പോൾ പൗലൊസ് അവരെ പ്രോത്സാഹി പ്പിക്കുകയാണ്: **നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്നായി അശുദ്ധിക്കും അധർമ്മത്തിന്നും അടിമകളാക്കി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിന്നായി നീതിക്കു അടിമകളാക്കി സമർപ്പി പ്പിൻ.** മുൻകാലങ്ങളിൽ, പാപത്തിന്റെ അടിമകളെന്ന നിലയിൽ, അവർ അവരുടെ ശരീരങ്ങൾ സമർപ്പിക്കുകയും അവർ ആയിരുന്നത് ‘‘അശുദ്ധി’’ (ἀκαθαρσία, *akatharsia* അകാത്താർസ്യ)-യിലും ‘‘അധർമ്മ’’ (ἀνομία, *anomia* അനോമിയ)-ത്തിലും മാത്രമായിരുന്നു. അവരുടെ സമർപ്പണം തീവ്രമായിരുന്നു. ഒരിക്കലും തൃപ്തി വരാതെ അവർ പാപത്തിൽ കൂടുതൽ ആഴങ്ങളിലേക്ക് വീണുകൊണ്ടി രുന്നു. ഇപ്പോൾ ദൈവത്തിന്റെ അടിമകളായിത്തീർന്നവർക്ക് അതേ തീവ്രത യിലുള്ള, അനുരഞ്ജനം കാട്ടാത്ത ഗാഢസ്നേഹം കർത്താവിനോട് ഉണ്ടായിരി ക്കണം എന്നാണ് പൗലൊസ് ഇപ്പോൾ പറയുന്നത്. ‘‘ഇപ്പോൾ നിങ്ങളുടെ അവയവ ങ്ങളെ വിശുദ്ധീകരണത്തിന്നായി നീതിക്കു അടിമകളാക്കി സമർപ്പിപ്പിൻ.’’

വ്യക്തികൾ തങ്ങളുടെ ജീവിതങ്ങളെ പാപത്തിന് സമർപ്പിക്കുമ്പോൾ, അത് ‘‘കൂടുതൽ അധർമ്മത്തിലേക്ക്’’ നയിക്കുന്നു. എന്നാൽ അവർ തങ്ങളെത്തന്നെ നീതിക്ക് അടിമളായി സമർപ്പിക്കുമ്പോൾ, അത് ‘‘വിശുദ്ധീകരണ’’ (ἁγιασμός,

*hagiasmos* ഹാഗിയാസ്മോസ്)-ത്തിലേക്ക് നയിക്കുന്നു. ഈ അദ്ധ്യായത്തിന്റെ (പേജുകൾ 371–73 കാണുക) ആരംഭത്തിൽ ഈ വാക്കിനെക്കുറിച്ച് നാം ചർച്ച ചെയ്തിട്ടുണ്ട്. അത് ''വിശുദ്ധി'' എന്ന് ഭാഷാന്തരം ചെയ്യാവുന്നതും ദൈവത്താൽ ''വേർതിരിക്ക പ്പെട്ടത്'' ആയിത്തീരുന്നതിനെ കുറിക്കുന്നതുമാണ് – ഒരു വിശുദ്ധ ജീവിതം നയി ക്കുന്നതിനായി വേർതിരിക്കപ്പെട്ട, ദൈവത്തിനായി ഉഴിഞ്ഞു വെച്ച ഒരു ജീവിതം.

ദൈവത്താൽ ''വേർതിരിക്കപ്പെട്ട'' *മനുഷ്യരായി സ്വയം വർത്തിക്കുക* യെന്നതാണ് നമ്മുടെ വെല്ലുവിളി. പൗലൊസ് കൊരിന്ത്യരോട് ഇങ്ങനെ പറഞ്ഞു, ''പ്രിയമുള്ളവരേ, ഈ വാഗ്ദത്തങ്ങൾ നമുക്കു ഉള്ളതുകൊണ്ടു നാം ജഡത്തിലെയും ആത്മാവിലെയും സകല കന്മഷവും നീക്കി നമ്മെത്തന്നേ വെടിപ്പാക്കി ദൈവഭയത്തിൽ വിശുദ്ധിയെ തികെച്ചുകൊൾക (2 കൊരി. 7:1). എബ്രായ ലേഖന കർത്താവ് ഇങ്ങനെ പറയുന്നു, ''എല്ലാവരോടും സമാധാനം ആചരിച്ചു ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല'' (എബ്രാ. 12:14). ആരോ ഇങ്ങനെ എഴുതി: ''ക്രിസ്തീയ വെല്ലുവിളിയെന്നത്, നാം എന്താണോ അത് ആയിത്തീരുക യെന്നതാണ്'' (അതായത്, വിശുദ്ധീകരിക്കപ്പെട്ട നിലയിൽ).

### ദൈവത്തിന്റെ അടിമകൾ (6:20-23)

**[20]നിങ്ങൾ പാപത്തിന്നു ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബ ന്ധിച്ചു സ്വതന്ത്രരായിരുന്നുവല്ലോ. [21]നിങ്ങൾക്കു അന്നു എന്തൊരു ഫലം ഉണ്ടായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നേ. അതിന്റെ അവസാനം മരണമല്ലോ. [22]എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്ത്യം നിത്യജീവനും ആകുന്നു. [23]പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.**

**വാക്യം 20.** പൗലൊസ് ചൂണ്ടിക്കാണിക്കുന്നു: നിങ്ങൾ പാപത്തിന്നു ദാസന്മാരായിരുന്നപ്പോൾ നീതിയെ സംബന്ധിച്ചു സ്വതന്ത്രരായിരുന്നുവല്ലോ. നാം പാപത്തിന് അടിമകളായിരിക്കുന്നിടത്തോളം, നമുക്ക് നീതിയെ സേവിക്കു ന്നതിന്, സത്യം പ്രവർത്തിക്കുന്നതിന് പ്രതിബദ്ധതയില്ല. ഇതിന്റെ എതിർ വശവും സത്യമാണ്: നാം ഒരിക്കൽ ദൈവത്തിന്റെ അടിമളായിത്തീർന്നു കഴിഞ്ഞാൽ, നാം പാപം സംബന്ധിച്ച് വിമോചിതരായി ക്കഴിഞ്ഞു; അതിന ാൽ അത് നിർബന്ധിക്കുന്നത് ചെയ്യുവാൻ നമുക്ക് ബാദ്ധ്യതയില്ല.

കർത്താവിനായി തങ്ങളുടെ ജീവിതങ്ങൾ സമർപ്പിക്കുന്നതിന് പൗലൊസ് ക്രിസ്തീയ വിശ്വാസികളെ പ്രോത്സാഹിപ്പിക്കുകയാണ്. കർത്താവിനെ അനുസരി ക്കുന്നതിനായി ഒരിക്കൽ തീരുമാനം എടുത്തതിനാലും അവർ പാപത്തിൽ നിന്ന് മോചിതരായതിനാലും, അവർക്ക് പാപം സംബന്ധിച്ച് പ ിന്നീട് തീരുമാനങ്ങളൊന്നും എടുക്കാനില്ല എന്ന് ചിലർ ചിന്തിച്ചേക്കാം. എന്നാൽ ഓരോ ദിവസവും നിർണ്ണയമെടുക്കുന്നതിനുള്ള ഒരു ദിവസമാണ് എന്നതാണ് യാഥാർ ത്ഥ്യം. നാം ഓരോ ദിവസവും തീരുമാനങ്ങളുടെ നാൽക്കവലയിലെത്തി നിൽക്കു കയും, ''ജീവനിലേക്ക് പോകുന്ന'' ഇടുക്കു വഴിയിലൂടെ യാത്ര തുടര

ണമോ അതോ ''നാശത്തിലേക്ക് പോകുന്ന''വിശാലമായ വഴിയിലേക്ക് തിരിഞ്ഞു യാത്ര തുടരണമോ എന്ന് തീരുമാനമെടുക്കുകയും ചെയ്യുന്നു (മത്താ 7: 13, 14).

**വാക്യം 21.** ക്രിസ്തീയ ജീവിതത്തിന്റെ നാൽക്കവലയിൽ നിൽക്കുമ്പോൾ, ശരിയായ തിരഞ്ഞെടുപ്പ് നടത്തുന്നതിന് നമുക്ക് എന്താണ് പ്രേരകമാകുക? ഓരോ പാതയിലും, ആത്യന്തികമായ ലക്ഷ്യസ്ഥാനം കാണുന്നതിനായി നോക്കുന്നതിന് പൗലൊസ് തന്റെ വായനക്കാരെ (നമ്മെയും) ആഹ്വാനം ചെയ്യുകയാണ്. അദ്ദേഹം ആദ്യം ഇങ്ങനെ ചോദിക്കുന്നു: **നിങ്ങൾക്കു അന്നു എന്തൊരു ഫലം ഉായിരുന്നു? ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നേ.** ''ഫലം'' കാർപോസ് καρπός (*karpos*) എന്ന് പരിഭാഷപ്പെടുത്തിയിട്ടുള്ള ഗ്രീക്ക് പദം, ''ഫ്രൂട്ട് (ഇംഗ്ലീഷിൽ)'' എന്ന വാക്കിനുള്ളതാണ് (കെജെവി കാണുക). എൻഐവി ഇങ്ങനെ പരിഭാഷപ്പെടുത്തുന്നു, ''നിങ്ങൾ എന്ത് നേട്ടമാണ് കൊയ്യുക ...?''

''ഇപ്പോൾ നിങ്ങൾക്കു ലജ്ജ തോന്നുന്നതു തന്നേ'' എന്ന പദം, ഭൂതകാലത്തെ പാപങ്ങളിലേക്കാണ് ചൂണ്ടുന്നത്. കർത്താവിനായി പൂർണ്ണമായി ഹൃദയം സമർപ്പിച്ചിട്ടില്ലാത്ത ക്രിസ്തീയ വിശ്വാസികൾ, അവരുടെ മുൻകാല ജീവിതത്തെ അഭിലാഷത്തോടെ തിരിഞ്ഞു നോക്കുന്നുവെന്നതാണ് ദു:ഖകരമായ വസ്തുതയാണ്. അവർ, മിസ്രയീം ദേശത്തെ അടിമത്തത്തെ മറന്ന്, മുൻ കാലങ്ങളെ ഇഷ്ടത്തോടെ നോക്കിയ യിസ്രായേൽ മക്കളെപ്പോലെയാണ് (സംഖ്യ 11:5). തെരുവിൽ നിന്ന് രക്ഷിച്ചെടുക്കപ്പെട്ടെങ്കിലും താൻ അവിടെയായിരുന്നപ്പോൾ കഴിച്ച കേക്കിന്റെ പൊടിക്കഷണങ്ങളെ ഓർമ്മിച്ചു കൊണ്ടിരിക്കുന്ന – അവ താൻ കണ്ടെത്തിയത് ചവറ്റുകൂനയിലായിരുന്നുവെന്നത് മറന്നു കൊണ്ട് – ഒരു തെരുവ് ബാലനോട് അവരെ താരതമ്യം ചെയ്യുന്നതിന് കഴിയും. എന്നാൽ, പൗലൊസ് ലേഖനം എഴുതുന്നത് ആർക്കാണോ അവർക്ക് അഭിമാനിക്കാവുന്ന വിധത്തിൽ, അവർ മുൻകാലത്തെ പാപകരമായ തങ്ങളുടെ ജീവിതത്തെക്കുറിച്ച് ലജ്ജിക്കുന്നവരായിരുന്നു.

അവരുടെ, പാപകരമായ ജീവിതങ്ങളിൽ നിന്ന് എന്ത് നേട്ടമാണ് ലഭിച്ചതെന്ന് ഗൗരവമായി ആലോചിച്ചു നോക്കുന്നതിന് പൗലൊസ് അവരോട് പറഞ്ഞു. പാപത്തിന്റെ ചില ''നേട്ട''ങ്ങളിതാ: കുറ്റബോധമുള്ള മന:സാക്ഷി, ദൈവം നാം എന്തായിത്തീരണമെന്ന് ആഗ്രഹിക്കുന്നുവോ അത് ആയിത്തീരാത്ത പരാജയം, നാം സ്നേഹിക്കുന്നവരിൽ നിന്നുള്ള അകൽച്ച, ദൈവം നാം ആസ്വദിക്കണമെന്ന് ആഗ്രഹിക്കുന്ന അനുഗ്രഹങ്ങൾ ആസ്വദിക്കുന്നതിന് കഴിയാതെവരൽ. ഏറ്റവും ഭയാനകമായ പരിണിത ഫലം തീർച്ചയായും, ആത്മീയ മരണം തന്നെയാണ്. പൗലൊസ് പറഞ്ഞു, **ആ കാര്യങ്ങളുടെ** (അവർ ഇപ്പോൾ ലജ്ജിക്കുന്നവയുടെ) **പരിണിതഫലം മരണം ആണ്.** ''മരണം'' എന്ന വാക്ക് ഇവിടെ അർത്ഥമാക്കുന്നത്, എല്ലാവർക്കും സംഭവിക്കുന്ന (എബ്രാ. 9:27) ശാരീരികമായ മരണത്തെക്കുറിച്ചല്ല; ചിലപ്പോൾ പാപമില്ലാത്ത ശിശുക്കൾക്കു പോലും. മറിച്ച്, അത് പരാമർശിക്കുന്നത് ദൈവത്തിൽ നിന്നുള്ള വേർപാടായ, ആത്മീയ മരണത്തെക്കുറിച്ചാണ് (യെശ. 59: 1, 2). ഇവിടുത്തെ പശ്ചാത്തലത്തിൽ, അത് ''നിത്യ ജീവന്'' വിരുദ്ധമായതിനാൽ (6:22), വ്യക്തമായും പൗലൊസിന്റെ മനസ്സിലുണ്ടായിരുന്നത് ''നിത്യ മരണം'' തന്നെയായിരുന്നു; അതായത്, നിത്യതയിലുടനീളം ദൈവീക സാന്നിദ്ധ്യത്തിൽ നിന്ന് വേർപെട്ട നിലയിൽ കഴിയുക (2 തെസ്സ. 1:8, 9). പാപം സുഹൃദ്ബന്ധം വാഗ്ദാനം ചെയ്തു കൊണ്ട് നമ്മുടെ അടുത്തെത്തുന്നു. എന്നാൽ അത് യഥാർത്ഥത്തിൽ ഒരു ബദ്ധ ശത്രുവാണ്; അത് സ്വാതന്ത്ര്യം വാഗ്ദാനം ചെയ്യുന്നു, എന്നാൽ അത് അടിമത്തം കൊണ്ടു വരുന്നു; അത് സന്തോഷം വാഗ്ദാനം ചെയ്യുന്നു, എന്നാൽ അത് കുറ്റബോധവും ലജ്ജയും കൊണ്ടു വരുന്നു; അത് ജീവൻ വാഗ്ദാനം

ചെയ്യുന്നു, എന്നാൽ ഒടുവിൽ അത് മരണം കൊണ്ടു വരുന്നു.[53]

**വാക്യം 22.** പാപത്തിന്റെ വഴിയുടെ അന്ത്യം മരണമാണ് (കാണുക മത്തായി 7:13). എങ്കിൽ രണ്ടാമത്തെ വഴിയിലെന്താണ്? പൗലൊസ് തുടരുന്നു: **എന്നാൽ ഇപ്പോൾ പാപത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിച്ചു ദൈവത്തിന്നു ദാസന്മാരായിരിക്കയാൽ നിങ്ങൾക്കു ലഭിക്കുന്ന ഫലം വിശുദ്ധീകരണവും അതിന്റെ അന്തം നിത്യജീവനും ആകുന്നു.** ക്രിസ്തീയ വിശ്വാസി നീതിയുടെ വഴിയിലൂടെയാണ് തന്റെ യാത്ര തുടരുന്നതെന്നതിനാൽ, ആ വിശ്വാസി നയിക്കുന്നത് വിശുദ്ധീകരിക്കപ്പെട്ട (വേർതിരിക്കപ്പെട്ട) ഒരു ജീവിതമാണ്. അതിനാൽ ഒരു ഫലം "നീതീകരണം" ആണ്. എൻഐആർഐവി ഇങ്ങനെ തർജ്ജമ നൽകുന്നു: "നിങ്ങൾക്ക് ലഭിക്കുന്ന ഫലം വിശുദ്ധ ജീവിതമാണ്." ഏറെ പ്രധാനമായി, ആ വഴിയിലൂടെ സഞ്ചരിക്കുന്നത് ആത്യന്തികമായി ജീവനിലേക്ക് നയിക്കും (കാണുക മത്തായി 7:14) – കർത്താവിന്റെ ഒപ്പമുള്ള ജീവിതവും നിത്യതയിലുടനീളം രക്ഷിക്കപ്പെട്ട നിലയും.

**വാക്യം 23.** പാപത്തെ അല്ലെങ്കിൽ ദൈവത്തെ സേവിക്കുന്നതിന്റെ പരിണിത ഫലങ്ങൾ എങ്ങനെയാണ് സംക്ഷേപിക്കുക? വാക്യം 23, റോമാ ലേഖനത്തിലെ ഏറ്റവും സുപരിചിതമായ വാക്യങ്ങളിലൊന്ന് പൗലൊസിന്റെ സംക്ഷേപമാണ്: **പാപത്തിന്റെ ശമ്പളം മരണമത്രേ; ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ.**

നിരവധി ആളുകളും കരുതുന്നത് പാപത്തിന്റെ ശമ്പളത്തിൽ, വിഷയസുഖവും ജനപ്രീതിയും ജീവിത വിജയവുമൊക്കെ ഉൾപ്പെടുന്നുവെന്നാണ്. എന്നാൽ അതല്ല യാഥാർത്ഥ്യമെന്ന് പൗലൊസ് പറയുന്നു. "പാപത്തിന്റെ ശമ്പളം മരണമത്രേ" എന്നത് അർത്ഥമാക്കുന്നത് ആത്മീയ മരണമാണ്. "ശമ്പളം" (ὀψώνια, *opsōnia ഒപ്സോണിയ*) എന്ന് അർത്ഥം വരുന്ന പദം സൂചിപ്പിക്കുന്നത് ചെയ്ത സേവനങ്ങൾക്ക് നൽകുന്ന പ്രതിഫലമാണ്. എഴുത്തുകാർ ചൂണ്ടിക്കാട്ടുന്നത്, പൗലൊസ് വീണ്ടും സൈന്യവുമായി ബന്ധപ്പെട്ട ഒരു ചിത്രരൂപം (6:13-ലെ അഭിപ്രാ യങ്ങൾ കാണുക). ബാർക്ലേ എഴുതി: "*ഒപ്സോണിയ* പട്ടാളക്കാർക്കുള്ള വേതനമാ യിരുന്നു. തന്റെ ശരീരത്തിനേൽക്കാവുന്ന അപകടത്തിന്റെ സാദ്ധ്യത ഏറ്റെടുത്തു കൊണ്ടും നെറ്റിയിലെ വിയർപ്പുകൊണ്ടും ഒരു പട്ടാളക്കാരൻ സമ്പാദിച്ചതും അയാൾ പൂർണ്ണമായി അർഹിക്കുന്നതും ആർക്കും അയാളിൽ നിന്ന് മാറ്റിക്കളയുന്നതിന് കഴിയാത്തതുമായിരുന്നു അത്.[54] പാപമയമായ ഒരു ജീവിതം നയിക്കുന്ന ഒരു വ്യക്തി *അർഹിക്കുന്നതെന്താണ്?* അയാൾ *സമ്പാദിച്ചത്* എന്താണ്? മരണം!

ഇതിന് വിരുദ്ധമായി, പൗലൊസ് പറയുന്നു, "ദൈവത്തിന്റെ കൃപാവരമോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിത്യജീവൻ തന്നേ."[55] പാപം ശമ്പളം നൽകുന്നു, എന്നാൽ ദൈവം "സമ്മാനം" (χάρισμα, *charisma കരിസ്മ*) നൽകുന്നു. വിധേയത്വം പുലർത്തുന്ന ഒരു വിശ്വാസിക്കുള്ള വേതനത്തെക്കുറിച്ച് അല്ലെങ്കിൽ പ്രതിഫലത്തെക്കുറിച്ച് പരാമർശിക്കുന്നതിന് പൗലൊസിന് വിമുഖനായിരുന്നില്ല (1 കൊരി. 3:8; കൊലൊ. 3:24). യഥാർത്ഥത്തിൽ പൗലൊസ് അനുസരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഈ അദ്ധ്യായത്തിൽ ഊന്നിപ്പറയുന്നുണ്ട് (കാണുക 6:16, 17). അനുസരണം നമ്മുടെ വിശ്വാസത്തിന്റെ പ്രദർശനമാണ് (1:5; 16:26). എന്നാൽ, വിശ്വസിക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെ നാം രക്ഷ *സമ്പാദിക്കുകയോ* അതിനായി *യോഗ്യത*

*നേടുകയോ* ചെയ്യുന്നുവെന്നാണോ? ഒരിക്കലും അല്ല. രക്ഷ എപ്പോഴും ഒരു ദാനം - ദൈവത്തിന്റെ ഒരു കൃപാവരമായിരിക്കും, അങ്ങനെ ആയിരുന്നേ മതിയാകൂ. ദൈവത്തിന്റെ വിസ്മയകരമായ ദാനം സ്വീകരിക്കുന്നതിനുള്ള ദൈവ-നിയമിതമായ മാർഗ്ഗമാണ് വിശ്വാസവും അനുസരണവും.

## പ്രയോഗം

### നിങ്ങൾ വിശുദ്ധീകരണം പ്രാപിച്ചുവോ? (അദ്ധ്യായം 6)

''വിശുദ്ധീകരണം'' എന്നത് നാം സാധാരണയായി ഉപയോഗിക്കുന്ന ഒരു പദം അല്ല. നിരവധി വർഷങ്ങൾക്ക് മുൻപ് ഒരു വചന പ്രഘോഷകൻ, സഭയോട് തന്റെ സന്ദേശം പങ്കു വെക്കുന്നതിന് മുൻപായി പ്രാരംഭമായി ഇങ്ങനെ പറഞ്ഞു: ''ഞാൻ ഇന്ന് വിശുദ്ധീകരത്തെക്കുറിച്ച് സംസാരിക്കുവാൻ പോകുകയാണ്. വിശുദ്ധീ കരണം പ്രാപിച്ച എല്ലാവരും ദയവായി എഴുന്നേറ്റു നിന്നാലും.'' അവിടെയുണ്ടാ യിരുന്ന നാനൂറിലേറെപ്പേരിൽ, രണ്ട് വ്യക്തികൾ മാത്രമാണ് എഴുന്നേറ്റത് (ഒരു മൂപ്പനും ഒരു പ്രസംഗകനും). പ്രകടമായും, ഭൂരിഭക്ഷം പേർക്കും തങ്ങൾ വിശുദ്ധീകരണം പ്രാപിച്ചിട്ടുണ്ടോ ഇല്ലയോ എന്ന് ഉറപ്പില്ലായിരുന്നു. യഥാർത്ഥ ത്തിൽ, വിശുദ്ധീകരണം പ്രാപിച്ചവർ എഴുന്നേറ്റു നിൽക്കുന്നതിനായി അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ, അവിടെയു ണ്ടായിരുന്ന എല്ലാ ക്രിസ്തീയ വിശ്വാസി കൾക്കും എഴുന്നേറ്റ് നിൽക്കുന്നതിന് അവകാശമുണ്ടായിരുന്നു.

### ദൈവത്തിന്റെ ചരമകോളം (6:1-11)

യുഎസ്-ൽ ഒരു പ്രാദേശിക വർത്തമാനപ്പത്രത്തിൽ സാധാരണയായി ഒരു ചരമ കോളമുണ്ട്. പ്രാദേശിക സമൂഹത്തിൽ ഏറ്റവും സമീപ കാലത്തുണ്ടായ മരണ വാർത്തകൾ അറിയിക്കുന്നതാണ് ഇത്. വർത്തമാന പത്രത്തിന്റെ, എന്റെ ഭാര്യ വായിക്കുന്ന ഏറ്റവും ആദ്യത്തെ പേജുകളിലൊന്നാണ് ഇത്. ഞങ്ങൾ ടെക്സാസിലെ ക്ലെബേർണിൽ താമസിക്കുന്ന കാലയളവിൽ ഒരു പ്രഭാതത്തിൽ, ഡേവിഡ് റോപർ നിര്യാതനായി എന്നും സംസ്കാരം ഒരു പ്രാദേശിക ക്രിസ്തു സഭയിൽ നടക്കുമെന്നുമുള്ള വാർത്ത എന്റെ ഭാര്യയെ നടുക്കി. അത് തീർച്ചയായും മറ്റൊരു ഡേവിഡ് റോപർ ആയിരുന്നുവെങ്കിലും എന്റെ അതേ പേര് ചരമ കോളത്തിൽ അവൾ കാണിച്ചപ്പോൾ അത് അൽപ്പം സംഭ്രമജനകമായിരുന്നു.

ആലങ്കാരികമായി പറഞ്ഞാൽ, മരണത്തിന് പൗലൊസ് നൽകിയിട്ടുള്ള പ്രത്യേക പ്രാധാന്യം മൂലം 6:1-11-നെ ''ദൈവത്തിന്റെ ചരമ കോളം'' എന്ന് വിശേഷിപ്പിക്കാവുന്നതാണ്.[56] ഈ വാക്യങ്ങളിൽ, അപ്പൊസ്തലൻ ''മരിച്ചു,'' ''മരിക്കപ്പെട്ടിരിക്കുന്നു,'' ''മരണം'' എന്നീ വാക്കുകൾ ആവർത്തിച്ച് ഉപയോഗിക്കുന്നു. തന്റെയും തന്റെ ലേഖനത്തിന്റെ വായനക്കാരുടെയും പേരുകൾ ''ദൈവത്തിന്റെ ചരമ കോളത്തിൽ'' പ്രത്യക്ഷപ്പെട്ടിട്ടുണ്ട് എന്നതിൽ പൗലൊസ് ആഹ്ലാദവാനായിരുന്നു. കാരണം അദ്ദേഹം അടിവരയിട്ട് ചൂണ്ടിക്കാണിച്ചത് *പാപസംബന്ധമായി മരിക്കുന്നതിനായിരുന്നു.*

ഇന്ന്, നമ്മുടെ പേരുകൾ ''ദൈവത്തിന്റെ ചരമ കോള''-ത്തിൽ ഉണ്ടോ എന്ന് നാം നമ്മോടു തന്നെ ചോദിക്കേണ്ടതാണ്. പാപങ്ങൾക്കായി പശ്ചാത്ത പിച്ച ഒരു വിശ്വാസി എന്ന നിലയിൽ. നാം സ്നാനത്തിലൂടെ നാം പാപസംബ ന്ധമായി മരിച്ചിട്ടുണ്ടോ? നാം വചനാധിഷ്ഠിതമായി സ്നാനമേറ്റിട്ടുണ്ടെങ്കിൽ,

ജീവന്റെ പുതുക്കം നൽകിയിട്ടുള്ള ഒരു വ്യക്തിയായി നാം *ജീവിക്കു ന്നുവോ?*

**ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യൻ (6:1-4)**

ദൈവത്തിൽ നിന്ന് അകന്ന്, അധാർമ്മികമായ ഒരു ജീവിതം നയിച്ച അഗസ്റ്റിൻ യേശുക്രിസ്തുവിന്റെ ഒരു വലിയ വിശ്വാസിയായിത്തീർന്നു. അതിലൂടെ അദ്ദേഹത്തിന്റെ ജീവിതം രൂപാന്തരം പ്രാപിച്ചു. ഒരിക്കൽ അദ്ദേഹം തെരുവിലൂടെ നടന്നു പോകുകയായിരുന്നു. രക്ഷയിലേക്ക് വരുന്നതിന് മുൻപ് താൻ വ്യഭിചാരത്തിലേർപ്പെട്ടിരുന്ന ഒരു സ്ത്രീയെ അദ്ദേഹം കണ്ടു മുട്ടി. ആ സ്ത്രീ ലാസ്യഭാവത്തോടെ അദ്ദേഹത്തെ നോക്കി മന്ദസ്മിതം പൊഴിച്ചു. അദ്ദേഹം പ്രതികരിക്കാതിരുന്നപ്പോൾ, ആ സ്ത്രീ മൊഴിഞ്ഞു: "അഗസ്റ്റിൻ ഇത് ഞാനാണ്!" അവരിൽ നിന്ന് നടന്നകലവേ അദ്ദേഹം പ്രതികരിച്ചു: "ഇത് ഞാനല്ല."[57]

**ഏറെ പാപം, ഏറെ കൃപ? (6:1, 2)**

6:1-ൽ പൗലൊസ് ഈ ചോദ്യം ചോദിക്കുന്നു: "കൃപ പെരുകേണ്ടതിന് പാപം ചെയ്തുകൊണ്ടിരിക്ക എന്നോ?" ആളുകൾ ഇങ്ങനെ ന്യായയുക്തികൾ ഉന്നയിക്കാറുണ്ടോ? പ്രത്യക്ഷത്തിൽ അങ്ങനെയായിരിക്കണം. ഇതിന്റെ ശ്രദ്ധേയമായ ഒരു ഉദാഹരണം ഗ്രിഗറി റാസ്പുട്ടിൻ (c. 1872–1916) എന്ന റഷ്യൻ സന്യാസിയാണ്. സാറിന് അലക്സാണ്ട്രയുടെ ഒരു വിശ്വസ്തനായിരുന്നു ഇദ്ദേഹം.[58] ദൈവീകവചനത്തിന് വിരുദ്ധമായ തന്റെ ജീവിതശൈലിയും വിവാദപരവുമായ വ്യവഹാരവും അയാൾ ന്യായീകരിച്ചത് ഇങ്ങനെയാണ്:

> പാപം ചെയ്യുന്നവർക്ക് കൂടുതൽ പാപക്ഷമ ആവശ്യമാണ്.
> ആളുകൾ അനുതപിക്കുമ്പോൾ ദൈവം അവരോട് ക്ഷമിക്കുന്നു.
> അങ്ങനെ ഒരാൾ പാപം ചെയ്യുകയും പിന്നീട് അനുതപിക്കുകയും ചെയ്യുമ്പോൾ, മറ്റുള്ള പാപികളേക്കാൾ കൂടുതലായി ദൈവത്തിന്റെ ക്ഷമിക്കുന്ന കൃപ ആസ്വദിക്കുന്നു.

ഇത്തരം ഉദാഹരണങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ മാത്രമായി ഒതുങ്ങുന്നില്ല. ഇന്ന് നിരവധി പേർ, തങ്ങൾ ചെയ്ത പ്രവർത്തികൾ ദൈവം ക്ഷമിക്കും എന്ന മനോഭാവത്തോടെ വളരെയധികം പാപങ്ങൾ മനഃപൂർവ്വം ചെയ്തുകൂട്ടുന്നു. തന്നോട് ആവേശഭരിതനായി "ഇപ്പോഴിതാ ഞാൻ കൃപ കണ്ടെത്തിയിരിക്കുന്നു!" എന്ന് പറഞ്ഞ സുഹൃത്തിനെപ്പറ്റി ഗ്ലെൻ പേസ് പറയുന്നു. ഈ മനുഷ്യൻ പിന്നീട് തന്റെ ഭാര്യയെ ഉപേക്ഷിച്ചു. അതിനെക്കുറിച്ച് അയാൾ പിന്നീട് പറഞ്ഞത് ഇങ്ങനെയാണ്: "അതെ, ഇത് ഒരു പാപമാണ് എന്ന് ബൈബിൾ പറയുന്നുവെന്ന് എനിക്ക് അറിയാം. എന്നാൽ കൃപ അതിനെ മൂടിക്കളയും."[59]

കൃപ എന്താണെന്ന് എനിക്ക് ഇപ്പോൾതന്നെ പിടികിട്ടിയിരിക്കുന്നു എന്ന് സന്തോഷാധിക്ക്യത്താൽ വിളിച്ചു പറഞ്ഞ ഒരു സുഹൃത്തിനെക്കുറിച്ച് ഗ്ലെൻ പെയ്സ് പറഞ്ഞത് ഇപ്രകാരമാണ്. ആ മനുഷ്യൻ അതുകഴിഞ്ഞ് അവന്റെ ഭാര്യയെ ഉപേക്ഷിച്ചു. അയാൾ ഗ്ലെന്നിനോട് പറഞ്ഞതിങ്ങനെയാണ് "അതെ അതു പാപമാണെന്നെനിക്കറിയാം. പക്ഷേ കൃപ അതിനെ കവിയും".[59]

പൗലൊസിന്റെ മൂർച്ചയേറിയ മറുപടി "ഒരുനാളും അരുത്" (6:2) അത്

പാപത്തോട് തീരെ ഗൗരവമില്ലാത്ത മനസ്ഥിതി പുലർത്തുന്നതിനെതിരായി നമ്മെ താക്കീതു ചെയ്യുന്നു. യേശു ക്രൂശിന്മേൽ നമുക്കായി പെട്ട പാടുകളെ ഓർക്കുമ്പോൾ പാപത്തെ വെറുക്കുവാൻ അത് നമുക്കു കാരണമായിത്തീരേണ്ടതാണ്. ദൈവത്തിന്റെ കൃപയെ വിലകുറച്ച് സാരമില്ലാത്തതായി കരുതുന്ന കുറ്റം നമ്മിലുണ്ടാകാതെയിരിക്കട്ടെ.

**ആ ഉപദേശരൂപം (6:3-6, 17, 18)**

റോമർ 6–ാം അദ്ധ്യായത്തെ ക്രിസ്തീയ സ്നാനത്തിന്റെ സ്ഥാനവും ഉദ്ദേശവും പ്രവർത്തനരീതിയും ഏറ്റവും പരിപൂർണ്ണമായി പുതിയ നിയമത്തിൽ ചർച്ചചെയ്തിരിക്കുന്ന ഭാഗമായി നാം കാണുന്നു.[60] ആ ഭാഗം പാഠത്തിൽ നിന്നും പ്രത്യേകം മാറ്റിയെടുത്തു പഠിക്കുന്നതും അത് നമ്മുടെ ജീവിതത്തിൽ പ്രയോഗിക്കുന്നതും പ്രയോജനകരമായിരിക്കും. പൗലൊസ് റോമിലെ ക്രിസ്ത്യാനികളെ ക്രിസ്തീയ സ്നാനത്തെക്കുറിച്ച് പഠിപ്പിച്ച ഭാഗമാണ്.

1 കൊരിന്ത്യർ 15–ാം അദ്ധ്യായം 1 മുതൽ 4 വരെയുള്ള വാക്യങ്ങളിൽ സുവിശേഷത്തിന്റെ അടിസ്ഥാനമായ മൂന്നുകാര്യങ്ങൾ ഉണ്ടെന്നാണ് പൗലൊസ് പറയുന്നത്. അത് യേശുവിന്റെ മരണം, കബറടക്കം, ഉയിർത്തെഴുന്നേൽപ്പ് എന്നിവയാണ്. അത് ശരിയാണെന്നു മനസ്സിലാക്കുമ്പോൾ സുവിശേഷത്തെ അനുസരിക്കുക എന്നത് ഒരു വിധത്തിൽ വിഷമിപ്പിക്കുന്ന പ്രശ്നമായിതോന്നാം (2 തെസ്സ. 1:8; 1 പത്രൊ. 4:17). *വസ്തുതകളെ* എങ്ങനെയാണ് അനുസരിക്കുന്നത്? റോമർ 6ൽ പൗലൊസ് ഒരു ഉത്തരം നൽകുന്നു.

> എന്നാൽ നിങ്ങൾ പാപത്തിന്റെ ദാസന്മാർ ആയിരുന്നുവെങ്കിലും നിങ്ങളെ പഠിപ്പിച്ച *ഉപദേശരൂപത്തെ* ഹൃദയപൂർവ്വം അനുസരിച്ച്, പാപത്തിൽ നിന്നു സ്വാതന്ത്ര്യം പ്രാപിച്ച് നീതിക്ക് ദാസന്മാരായിത്തീരുന്നതുകൊണ്ട് ദൈവത്തിനു സ്തോത്രം (റോമ. 6:17, 18).

വസ്തുതകളെ അനുസരിക്കുവാൻ സാധിക്കയില്ല എന്നാൽ വസ്തുതകളുടെ രൂപത്തെ അനുസരിക്കാൻ കഴിയും. റോമർ 6:3, 4 വാക്യങ്ങളിൽ അതങ്ങനെ സാധിയ്ക്കുമെന്ന് പറഞ്ഞിരിക്കുന്നു:

> ‘‘അല്ല യേശുക്രിസ്തുവിനോട് ചേരുവാൻ സ്നാനമേറ്റവരായ നാം എല്ലാവരും അവന്റെ *മരണത്തിൽ* പങ്കാളികളാകുവാൻ സ്നാനമേറ്റിരിക്കുന്നു എന്ന് നിങ്ങൾ അറിയുന്നില്ലയോ അങ്ങനെ നാം അവന്റെ മരണത്തിൽ പങ്കാളികളായിത്തീർന്ന സ്നാനത്തിൽ അവനോനോടുകൂടെ *കുഴിച്ചിടപ്പെട്ടു*. ക്രിസ്തു മരിച്ചിട്ട് പിതാവിന്റെ മഹിമയാൽ ജീവിച്ചെഴുന്നേറ്റതുപോലെ നാമും ജീവന്റെ പുതുക്കത്തിൽ നടക്കേണ്ടതിനുതന്നെ.’’

ക്രിസ്തു ക്രൂശിൽ *മരിച്ചതു*പോലെ നാം പാപത്തിന് മരിക്കുന്നു (6:2). നാം യേശുക്രിസ്തുവിൽ വിശ്വസിച്ച് നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിച്ച് നമ്മുടെ കർത്താവിനെ അനുസരിക്കുന്നു. യേശുക്രിസ്തുവിനോടു ചേരുവാൻ നാം സ്നാനം ഏറ്റിരിക്കുന്നു (6:3). ക്രിസ്തു അരിമഥ്യയിലെ യോസേഫിന്റെ പുതിയ കല്ലറയിൽ *അടക്കപ്പെട്ടു*. നാം സ്നാനത്തിന്റെ ജലമായ കല്ലറയിൽ അടക്കപ്പെടുന്നു. (6:4) ശവപ്പെട്ടിയുടെ പുറത്ത് ഒരു കൈനിറയെ മണ്ണുവാരി

ഇട്ടതുകൊണ്ട് ഒരാളുടെ ശരീരം കുഴിച്ചിടപ്പെടുന്നില്ല. നമ്മുടെ തലയിൽ ചില തുള്ളി വെള്ളം ഒഴിച്ചതുകൊണ്ട് നാം അടക്കപ്പെടുന്നില്ല. വേദപുസ്തകത്തിലെ സ്നാനം വെള്ളത്തിൽ നിമഞ്ജനം ചെയ്യുകയെന്നതാണ്.

ക്രിസ്തു കല്ലറയിൽ സ്ഥിരമായി കിടന്നില്ല. അവൻ മൂന്നാം ദിവസം *ഉയർത്തെഴുന്നേല്പിക്കപ്പെട്ടു*. നാമും ജലം കൊണ്ടുള്ള കല്ലറയിൽ നിന്നും ഉയർത്തെഴുന്നേല്ക്കുന്നു. ജിം മാഗിഗൻ അതിനെക്കുറിച്ച് ഇങ്ങനെ പറഞ്ഞു. ‘‘ഒരാൾ സ്നാനപ്പെടുമ്പോൾ വെള്ളത്തിന്റെ ശബ്ദംകേൾക്കുമ്പോഴെല്ലാം എന്റെ മനസ്സിൽ ഞാൻ കേൾക്കുന്നത് കല്ലറയുടെ കല്ല് നീങ്ങപ്പെടുന്ന ശബ്ദ മാണ്.’’[61] ജീവന്റെ പുതുക്കത്തിൽ നടക്കുന്നതിനായിട്ടാണ് നമ്മെ ഉയർപ്പിച്ചി രിക്കുന്നത് (6:4). നാം സ്നാനമേൽക്കുന്നതിനു *മുമ്പേ* അനുഭവിക്കുന്നതിന ുള്ളതല്ല ഈ പുതുജീവൻ. അതിനു *ശേഷമുള്ളതാണ്*. വില്യം എസ്. ബാന സ്ക്കി പറഞ്ഞതിപ്രകാരമാണ്, സ്നാനത്തിൽ ഒരാളും ജീവന്റെ അന്ത്യം എന്ന അടയാളമാകുമ്പോൾ തന്നെ അത് വേറൊരു ജീവിതത്തിന്റെ തുടക്കം കുറി ക്കുന്നു. സ്നാനം കുറിക്കുന്നത് മരണം മാത്രമല്ല പുതുജനനവും ആണ്.[62]

ഞാൻ ആളുകളെ സ്നാനപ്പെടുത്തുമ്പോൾ അവരോട് പറയാറുണ്ട്. യേശുവിന്റെ ശരീരം ശവകുടീരത്തിൽ വച്ചതുപോലെ ഞാൻ നിങ്ങളെ വെള ളത്തിൽ താഴ്ത്തുവാൻ പോകുകയാണ്. പിന്നീട് ക്രിസ്തു മൂന്നാം നാൾ ഉയിർത്തെഴുന്നേറ്റതുപോലെ നിങ്ങളെ വെള്ളത്തിൽ നിന്നും ഉയർത്തുവാന ും പോകുകയാണ്. ഞാൻ നിങ്ങളെ സ്നാനപ്പെടുത്തുമ്പോൾ യേശുവിന്റെ മരണത്തെയും അടക്കത്തെയും ഉയിർത്തെഴുന്നേല്പിനെയും ഹൃദയത്തിൽ ഓർത്തുകൊണ്ടിരിക്കണം.

നാം ക്രിസ്തുവിന്റെ മരണത്തോടും അടക്കത്തോടും പുനരുത്ഥാന ത്തോടും നമ്മുടെ സ്നാനത്തിനുള്ള അടുത്ത ബന്ധം നാം മനസ്സിലാക്കണ മെന്നുള്ളത് പ്രധാനമാണെന്ന് പൗലൊസ് ആഗ്രഹിച്ചു. അടുത്ത രണ്ടു വാക്യ ങ്ങളിലും പൗലൊസ് ഈ ചിന്ത ആവർത്തിച്ച് പ്രസ്താവിക്കുന്നുണ്ട്:

> അവന്റെ മരണത്തിന്റെ സാദൃശത്തോട് നാം ഏകീഭവിച്ചവരായെങ്കിൽ പുനരുത്ഥാനത്തിന്റെ സാദൃശ്യത്തോടും ഏകീഭവിക്കും. നാം ഇനി പാപത്തിന് അടിമപ്പെടാതവണ്ണം പാപശരീരത്തിന് നീക്കം വരേണ്ടതിന് നമ്മുടെ പഴയ മനുഷ്യൻ അവനോടു കൂടെ ക്രൂശിക്കപ്പെട്ടു എന്ന് നാം അറിയുന്നു. അങ്ങനെ മരിച്ചവൻ പാപത്തിൽ നിന്നും മോചനം പ്രാപ ിച്ചിരിക്കുന്നു (6:5, 6).

5–ാം വാക്യത്തിൽ പൗലൊസ് പറയുന്നു നാം മരണത്തിന്റെ സാദൃശ ത്തിൽ ക്രിസ്തുവിനോടുകൂടാണെന്ന് മാത്രമല്ല നാം അവോനോട് ഏകീഭവി ച്ചവരായി എന്ന്. അതുകൊണ്ട് നാം അവന്റെ പുനരുത്ഥാനത്തോടും ഏകീഭ വിക്കുമെന്നും പറയുന്നു. 6–ാം വാക്യത്തിൽ പൗലൊസ് പറയുന്നത് ‘‘നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിയ്ക്കപ്പെട്ടു എന്നാണ്. അത് നാം ഇനീ പാപത്തിന് അടിമപ്പെടാതെ നീതിയ്ക്കു ജീവിക്കേണ്ടതിനാണ്. തൽഫലമായി നാം ഇനി പാപത്തിന് അടിമയല്ല.’’

ആ ഉപദേശരൂപത്തെ നാം അനുസരിക്കുമ്പോൾ ദൈവം നമ്മിലും നമുക്കു വേണ്ടിയും ചെയ്യുന്നത് എത്ര വലിയ അത്ഭുതകരമാണ്. വെറുതെ ഒരു ‘രൂപ’ ത്തിൽ കൂടി കടക്കുക എന്നല്ല പൗലൊസ് അർത്ഥമാക്കുന്നത്.

പിന്നെയോ *ഹൃദയപൂർവ്വം* ആ ഉപദേശരൂപത്തെ അനുസരിച്ചാൽ (6:17) എന്നാണ് പൗലൊസ് പറഞ്ഞത്. അവൻ കർത്താവിൽ വിശ്വസിക്കുന്നില്ലെങ്കിൽ കർത്താവിന് അവനെ സമർപ്പിക്കുന്നില്ലെങ്കിൽ അവൻ സ്നാനപ്പെടുന്നില്ല- ശരീരം നനയുന്നു എന്നു മാത്രം.

നമ്മുടെ അനുസരണം ഹൃദയത്തിൽ നിന്നാണെങ്കിൽ നാം സ്നാനപ്പെടു ബോൾ പൗലൊസ് പറഞ്ഞ കാര്യം നമ്മിൽ സംഭവിക്കും. സ്നാനപ്പെടുന്നതിനു *മുൻപ്* നാം പാപത്തിന്റെ അടിമയായിരുന്നു (6:17). സ്നാനപ്പെട്ട *ശേഷമോ* നാം പാപത്തിൽ നിന്നും സ്വാതന്ത്ര്യം പ്രാപിച്ച് നീതിക്കു ദാസന്മാരായിതീരുന്നു (6:18).

സ്നാനത്തിന് കർത്താവിന്റെ മരണം അടക്കം ഉയിർത്തെഴുനേല്പ ുമായുള്ള ബന്ധം വീണ്ടും കാണുക. കർത്താവിന്റെ മരണം, അടക്കം, പുനരുത്ഥാനം ഇവയെ കൂടാതെ ഒരു അറിവുമില്ല. നിങ്ങൾക്ക് സ്നാനത്തെ സംബന്ധിച്ച് യാതൊന്നും അറിയുകയില്ല. കേട്ടിട്ടേയില്ല എന്ന് സങ്കൽപ്പിക്കുക. രണ്ടാളുകൾ വെള്ളത്തിലേക്കിറങ്ങുന്നു. ഒരാൾ മറ്റൊരാളെ വെള്ളത്തിൽ താഴ്ത്തു ന്നതു കാണുന്നു. ഇത് നിരർത്ഥകമായ ഒരു പ്രവർത്തിയായി തോന്നു ന്നില്ലേ? സ്നാനത്തെ യേശുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ബന്ധിപ്പിക്കുമ്പോൾ മാത്രമെ അതിനു എന്തെങ്കിലും വിലയുള്ളൂ.

ചിലപ്പോൾ എന്നോട് ആളുകൾ ചോദിക്കാറുണ്ട് ‘‘സഭാവിഭാഗങ്ങൾ നടത്തുന്ന സ്നാനത്തിന് എന്താണ് തെറ്റ്?’’ എന്ന്. അതിനുത്തരം ആ സ്ന ാനം സ്നാനത്തിന് യേശുവിന്റെ മരണ, കബറടക്ക, പുനരുത്ഥാനത്തോടുള്ള ബന്ധത്തെ നശിപ്പിക്കുന്നു എന്നാണ്.

കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുന്നു. എന്നാൽ കുഞ്ഞുങ്ങൾ പാപത്തിൽ മരിച്ചവരല്ല, അവർ പാപത്തിന് മരിക്കുന്നുമില്ല. അങ്ങനെ ക്രിസ്തു വിന്റെ *മരണത്തോടുള്ള* ബന്ധം ഇല്ലാതാകുന്നു.

ചില ആളുകൾ ജനങ്ങളുടെ മേൽ വെള്ളം തളിച്ചിട്ട് അതിനെ സ്നാനം എന്നു വിളിക്കുന്നു. എന്നാൽ വെള്ളം തളിയിക്കുന്നത് കുഴിച്ചിടപ്പെ ടുന്നതിന്റെ ശരിയായ ചിത്രമല്ല. തന്മൂലം ക്രിസ്തുവിന്റെ *അടക്കോ ടുള്ള* ബന്ധം നഷ്ടപ്പെടുന്നു.

കൂടാതെ വെള്ളത്തിൽ മുക്കുന്ന ചിലർ സ്നാനത്തിനു മുൻപേ അവർ രക്ഷിയ്ക്കപ്പെട്ടവരാകണമെന്ന് നിർബന്ധിക്കുന്നു. അവർ ജീവന്റെ പുതു ക്ക സ്നാനത്തിന് മുൻപു ആകുന്നു, പിൻപിലല്ല. ആ സ്നാനത്തിൽ ക്രിസ്തുവിന്റെ *ഉയർത്തെഴുന്നേല്പുമായുള്ള* ബന്ധം നഷ്ടപ്പെടുന്നു.

പൗലൊസിന്റെ 6:1–11 വരെയുള്ള വാക്യങ്ങളെക്കുറിച്ചു ബാർക്ലേ പറയുന്ന തിങ്ങനെ. സ്നാനം പൗലൊസിന്റെ കാലത്തു സാധാരണ നമ്മുടെ ഇടയിൽ കാണുന്നതുപോലെയുള്ളതുമായി വളരെ വ്യത്യാസമുണ്ട്. പൗലൊസിന്റെ കാലത്ത് സ്നാനം എന്നാൽ മുതിർന്ന ആളുകളെയാണ് സ്നാനപ്പെടുത്തിയി രുന്നത്. വിശ്വാസം ഏറ്റുപറച്ചിലുമായി വളരെ അടുത്ത ബന്ധം ഉണ്ടായിരുന്നു. അത് ആളിനെ മുഴുവനായി വെള്ളത്തിൽ മുക്കുന്നതായിരുന്നു.[63] ഇന്നത്തെ സ്നാനം റോമർ 6ൽ പറയുന്ന സ്നാനത്തേക്കാൾ വ്യത്യാസമുള്ളതാകുന്നു. എന്നാൽ ആരാണ് വ്യത്യാസം വരുത്തിയത്. ദൈവമല്ല മനുഷ്യരാണ്. പത്രൊസ് പറഞ്ഞു നാം മനുഷ്യരെക്കാൾ ദൈവത്തെ അനുസരിക്കേണ്ടതാ കുന്നു (പ്രവൃത്തി. 5:29).

*സമാപനം.* ക്രിസ്തു മരിച്ച് അടക്കപ്പെട്ട് ഉയർത്തെഴുന്നേറ്റ സ്ഥലങ്ങൾ സന്ദർശിയ്ക്കുന്നതിൽ അനേകർക്ക് സന്തോഷമുണ്ട്. അവൻ മരിച്ച് അടക്കപ്പെട്ടുകിടന്ന കല്ലറയിൽ പ്രവേശിക്കുന്നത് ഒരു വലിയ അനുഭവം തന്നെയാണ്. ആ തണുത്ത കട്ടിയായ സ്ലാബിൽ കിടന്നിട്ട് എഴുന്നേറ്റുവരുന്നത് ക്രിസ്തു ചെയ്തതുപോലെയാണ് ചെയ്യുന്നത്. അങ്ങനെയുള്ള ഒരു സന്ദർശനം നമുക്ക് പലർക്കും സാദ്ധ്യമല്ല. എന്നാൽ ദൈവം അതിലുമധികമായ സന്തോഷം തരുന്ന ഒരനുഭവം സാദ്ധ്യമാക്കിയിട്ടുണ്ട്. നിങ്ങൾക്ക് അവന്റെ മരണത്തോടു ചേരുവാൻ സ്നാനമേൽക്കാം. അവനെ കല്ലറയിലേക്ക് താഴ്ത്തിവച്ചതുപോലെ നിങ്ങൾക്കും വെള്ളത്തിലേക്കു താഴാം. നിങ്ങൾക്ക് അവിടെ നിന്ന് എഴുന്നേറ്റുവന്ന് ജീവന്റെ പുതുക്കത്തിൽ നടക്കാം. അവൻ പുനഃരുത്ഥാനം ചെയ്ത ശരീരവുമായി കല്ലറയിൽ നിന്നും പുറത്തുവന്നതുപോലെ!

അവസാനമായി ഞാൻ ചോദിക്കട്ടെ. ആ ഉപദേശ രൂപത്തെ *നിങ്ങൾ* ഹൃദയപൂർവ്വം അനുസരിച്ചുവോ? ഇല്ലെങ്കിൽ അതു ചെയ്യുവാൻ ഞാൻ നിങ്ങളെ തിടുക്കപ്പെടുത്തുന്നു. ഇന്നു തന്നെ ചെയ്യുക.

**സ്നാനം ഒരു ദിവ്യമായ ചട്ടം (6:3, 4)**

ചില എഴുത്തുകാർ സ്നാനത്തെ പൗലൊസിന്റെ സ്നാനത്തെക്കുറിച്ചുള്ള ഉപദേശത്തെ വിലകുറച്ചുകാണുന്നു. അത് മറ്റുചില മതാചാരങ്ങളിൽ നിന്നും യഹൂദന്മാരുടെ ആചാരപരമായ ശുദ്ധീകരണ നിയമങ്ങളിൽ നിന്നും വന്നതാണ് എന്നും മറ്റും പറയാറുണ്ട്. എന്നാൽ അവയും പുതിയനിയമസ്നാനവും തമ്മിൽ വളരെ വ്യത്യാസമുണ്ട്. വിശ്വാസിക്ക് അതൊക്കെ പറഞ്ഞിട്ട് കാര്യമില്ല. റോമർ 6 എഴുതുവാൻ പൗലൊസിനെ പരിശുദ്ധാത്മാവ് പ്രേരിപ്പിച്ചു. ബൈബിളിലെ സ്നാനം മനുഷ്യരിൽ നിന്നല്ല ദൈവത്തിൽ നിന്നാണ്.

**വീണ്ടും സ്നാനം ആവശ്യമോ? (6:3, 4)**

റോമർ 6ലെ പൗലൊസിന്റെ സ്നാനത്തെക്കുറിച്ചുള്ള ഉപദേശം ചർച്ച ചെയ്യുമ്പോൾ വീണ്ടും സ്നാനം ആവശ്യമോ എന്ന ചോദ്യം ഉയർത്താറുണ്ട്. സ്നാനത്തെക്കുറിച്ചുള്ള കാര്യങ്ങൾ ഒന്നും മനസ്സിലായിരുന്നില്ലെങ്കിൽ വീണ്ടും സ്നാനം ഏല്ക്കണമോ? ശരിയായ അധികാരപ്പെട്ടുള്ളതല്ലാത്ത സ്നാനം നടന്നത് വീണ്ടും നടത്തണമോ? വീണ്ടും മുങ്ങുക എന്ന പദമാണെനിക്കിഷ്ടം. അപ്പൊസ്തല പ്രവർത്തി 19:1-5-ൽ ചിലർ ശരിയായി മനസിലാക്കാതെ സ്നാനപ്പെട്ടവരെ വീണ്ടും സ്നാനപ്പെടുത്തിയതായി വായിക്കുന്നുണ്ട്.

ശരിയായ അധികാരമില്ലാത്ത *സ്നാനം* ഏറ്റ ചിലർ വീണ്ടും സ്നാനപ്പെടണമോ എന്നു ചോദിക്കുമ്പോൾ ഞാൻ പറയാറുണ്ട് "നിങ്ങൾ പുതിയനിയമത്തിലെ രീതിയനുസരിച്ചാണ് സ്നാനപ്പെടേണ്ടത്" എന്ന്. പിന്നീട് അവന്റെ സ്നാനം പൗലൊസും വേറെ ആത്മ നടത്തിപ്പിൽ നടത്തിയ സ്നാനങ്ങളും അനുസരിച്ച് താരത്മ്യം ചെയ്യുവാൻ പറയും. അതായത് അവന്റെ സ്നാനം 6:17ലെ ഉപദേശരൂപവുമായി ചേരുന്നുണ്ടോ എന്നു നോക്കും (വാക്യം 3, 4). ഒരാൾ ചെറിയ കുട്ടിയായിരിക്കുമ്പോൾ വെള്ളം തളിച്ചു സ്നാനപ്പെടുത്തിയതോ, നേരത്തെ ലഭിച്ചിരുന്ന രക്ഷയ്ക്കുവേണ്ടി പിന്നീട് സ്നാനപ്പെട്ടതോ ആണെങ്കിൽ വീണ്ടും ചെയ്യണമെന്നത് വേഗം നിശ്ചയിക്കാം.

ചിലർ കുറെക്കൂടെ പ്രയാസമുള്ള ചോദ്യം ചോദിച്ചേക്കാം. നേരത്തെ മുങ്ങി സ്നാനപ്പെട്ടു. പാപക്ഷമ പ്രാപിച്ചതിന്റെ ബാഹ്യ അടയാളമായി

(പ്രവർത്തി. 2:38): എന്നാൽ റോമർ 6 പഠിച്ചപ്പോൾ അതിൽ കൂടുതൽ സ്നാനത്തിൽ അടങ്ങിയിട്ടുണ്ട്. സ്നാനപ്പെടാൻ തക്ക അറിവ് ലഭിച്ചിട്ടില്ല. ഒരാൾക്ക് അങ്ങനെയൊരു ആഗ്രഹമുണ്ടെങ്കിൽ അയാളെ നിരാശപ്പെടുത്തുന്നതു ശരിയല്ലല്ലോ. ഇങ്ങനെയൊക്കെയുള്ള പലരെ ഞാൻ പുനഃർസ്നാനപ്പെടുത്തിയിട്ടുണ്ട്. അതു ചെയ്യുന്നതിനു മുൻപായി ഇതുപോലെയൊരു പ്രാർത്ഥന പ്രാർത്ഥിക്കാറുണ്ട്:

> കർത്താവേ നീ (പേര്) യാളിന്റെ ഹൃദയം അറിയുന്നു. അവന്റെ കഴിഞ്ഞ സ്നാനം വിലയുള്ളതോ എന്ന് നീ അറിയുന്നു. ആണെങ്കിൽ ഈ മുക്കൽ അവന്റെ ആഗ്രഹത്തിന്റെ അടയാളമായി - നീയുമായുള്ള ബന്ധത്തിൽ എല്ലാം ശരിയായും ഉചിതമായും ഇരിപ്പുണ്ട്. എന്നാൽ അവന്റെ സ്നാനത്തിൽ എന്തെങ്കിലും കുറവുണ്ടെങ്കിൽ ഇത് അവൻ നിനക്കു കീഴ്പ്പെടുന്നതിന്റെ തെളിവായി സ്വീകരിയ്ക്കണമേ. എന്തെന്നാൽ അവൻ നിന്റെ വിശ്വസ്ത പൈതലാവാനാഗ്രഹിക്കുന്നു.

അതേ സമയം സഭാംഗങ്ങളായിട്ടുള്ളവരെ വീണ്ടും സ്നാനം ചെയ്യിക്കുവാൻ ഞാൻ ഒരിയ്ക്കലും *പ്രോത്സാഹിപ്പിയ്ക്കയില്ല*. അവരുടെ സ്നാനത്തെക്കുറിച്ചുള്ള അറിവ് വായനയാലും പഠനത്താലും വിസ്തൃതമായെന്നുവരാം (റോമ. 6:3–6) ഒന്നാമതായി കർത്താവിന്റെ മഹാകല്പനയനുസരിച്ച് സ്നാനത്തിനുശേഷവും നാം അറിവിലും ജ്ഞാനത്തിലും വർദ്ധിച്ചുവരണമെന്നാണല്ലോ കല്പന (മത്താ. 28:18–20). രണ്ടാമത് സഭ സ്ഥാപിച്ച് രണ്ടു ദശാബ്ദങ്ങളെങ്കിലും കഴിഞ്ഞിട്ടാണ് റോമാലേഖനം എഴുതപ്പെട്ടത്. ഈ ഭാഗങ്ങൾ അറിയാതെ ആയിരങ്ങൾ–പതിനായിരങ്ങൾ–ലക്ഷങ്ങൾ സ്നാനപ്പെട്ടിട്ടുണ്ട്. അന്നു ജീവിച്ചിരുന്ന എല്ലാ ക്രിസ്ത്യാനികളും ഇതു പഠിച്ചശേഷം വീണ്ടും സ്നാനപ്പെടണമെന്നു പറയാൻ സാധിയ്ക്കുകയില്ല.

നാം വിവാഹം കഴിയ്ക്കുമ്പോൾ വിവാഹ പ്രതിജ്ഞയിലെ എല്ലാ കാര്യങ്ങളും അറിയാതെയാണല്ലോ വിവാഹം കഴിയ്ക്കുന്നത്. കാലം കഴിയുമ്പോൾ എല്ലാകാര്യങ്ങളും വേണ്ടവണ്ണം മനസ്സിലായിവരുമ്പോൾ വീണ്ടും വിവാഹം കഴിയ്ക്കണമെന്നർത്ഥമാക്കുന്നില്ലല്ലോ. നാം വിവാഹ ജീവിതത്തിൽ കൂടുതൽ പക്വമതികളായിത്തീരുകയാകുന്നു. റോമർ 6:3–6 വരെയുള്ള കാര്യങ്ങൾ നമ്മുടെ അറിവിനെ വർദ്ധിപ്പിക്കയും സ്നാനപ്പെട്ടപ്പോൾ സംഭവിച്ചതിനെക്കുറിച്ച് നന്ദിയും സന്തോഷവും വർദ്ധിയ്ക്കുവാനിടയാക്കുകയും ചെയ്യും. അതുകൊണ്ട് നിങ്ങൾ വീണ്ടും മുഴുകൽ സ്നാനം ഏൽക്കണമെന്നില്ല. നിങ്ങൾ ഒരു ക്രിസ്ത്യാനിയായി വളരുന്നു എന്നാണർത്ഥം.

**ക്രിസ്ത്യാനി എന്തറിയുന്നു (6:3, 6, 9, 16)**

ക്രിസ്തുവിലുള്ള പുതിയ ജീവിതം ജീവിയ്ക്കുവാൻ നാം ചില പ്രധാന വസ്തുതകൾ *അറിയേണം*. ‘‘അറിയുക,’’ ‘‘അറിഞ്ഞുകൊണ്ടിരിക്കുന്നു’’ എന്നതാക്കോൽ വാക്കുകൾ താഴെ പറയുന്ന വാക്യങ്ങളിൽ കാണുന്നു:

> നാം എല്ലാവരും അവന്റെ മരണത്തിൽ പങ്കാളികളാവാൻ സ്നാനം ഏറ്റിരിക്കുന്നു (6:3)
> നമ്മുടെ പഴയ മനുഷ്യൻ അവനോടുകൂടെ ക്രൂശിക്കപ്പെട്ടു (6:6).

പാപ ശരീരത്തിനു നീക്കം വരേണ്ടതിന് (6:6).
നാം ഇനി പാപത്തിന്റെ ദാസന്മാരല്ല (6:6 കാണുക 6:16).

ക്രിസ്തുവിലുള്ള നമ്മുടെ പുതുജീവിതം "ക്രിസ്തുവിന്റെ മരണത്തിന്മേലുള്ള ജയത്തിന്മേലാണ്" അടിസ്ഥാനപ്പെട്ടിരിക്കുന്നത്. യേശു ഉയർത്തെഴുന്നേറ്റിരിക്കുന്നത് ഇനി ഒരിക്കലും മരിക്കാതിരിക്കുവാനാണ് (6:9).

### "ആവശ്യമുണ്ട്: മരിച്ചിട്ട് ജീവിക്കുന്നവരെ" (6:11)

അമേരിക്കയിൽ പഴയ പശ്ചിമ ഭാഗത്ത് പോസ്റ്ററുകൾ പ്രദർശിപ്പിക്കപ്പെട്ടു. അപകടകാരികളായ നിയമനിഷേധികളെ പിടിയ്ക്കുവാനുള്ള ആളുകൾക്ക് പ്രതിഫലം വാഗ്ദാനം ചെയ്തുകൊണ്ടുള്ള പോസ്റ്ററുകൾ. ചിലപ്പോൾ അവ ഇങ്ങനെ എഴുതി. ആവശ്യമുണ്ട് ജീവനോടെയോ മരിച്ചവരോ. റോമാലേഖനത്തേക്കുറിച്ചുള്ള തന്റെ വ്യാഖ്യാന പുസ്തകത്തിൽ ജിം ടൗൺസെൻഡ് എഴുതി. അവശ്യമുണ്ട് ജീവിച്ചിരിക്കുന്നവരെയും മരിച്ചവരെയും.[64] ദൈവത്തിനും നമ്മെ മരിച്ചവരായി മാത്രം ആവശ്യമില്ല. നമ്മെ ജീവിക്കുന്നവരായും ആവശ്യമുണ്ട്. നാം പാപത്തിനു മരിച്ചവരായിരുന്നാൽ പോരാ ദൈവത്തിനു ജീവിക്കുന്നവരായും തീരണം.

### പാപത്തെ സ്ഥാനത്യാഗം ചെയ്യിക്കുന്നത് (6:12)

ചിലർ ചിന്തിക്കുന്നത് അവരുടെ ശാരീരിക പ്രേരണകൾ വളരെ ശക്തിയുള്ളതായതിനാൽ അതിനോട് എതിർത്തുനില്ക്കുന്നത് അസാദ്ധ്യാമാകുമെന്നാണ്. അത് അങ്ങനെയല്ല എന്ന് പൗലൊസ് പറയുന്നു. വിശ്വാസത്താലും അനുസരണത്താലും പാപത്തിന്റെ അടിമത്വത്തിൽ നിന്നും നിങ്ങൾ സ്വാതന്ത്ര്യം പ്രാപിച്ചു. ഇപ്പോൾ ദൈവത്തിന്റെ സഹായത്താൽ (8:13) നിങ്ങൾക്ക് പാപത്തോട് ഇല്ല: എന്നു പറവാൻ സാധിയ്ക്കും. നിങ്ങളുടെ മർത്യശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കാതെവണ്ണം വാഴാതെയിരിക്കുവാൻ സാധിയ്ക്കും. ഓരോരുത്തർക്കും അവരവരുടേതായ ബലഹീനതകളുണ്ട്. ചിലർക്ക് മദ്യപാനത്തോടും മറ്റുമുള്ള ആസക്തിയായിരിക്കും. അതൊരു ദൂഷണം പരത്തുന്ന പ്രകൃതിയായിരിക്കാം. വേറെ ചിലരിൽ നിയമവിരുദ്ധമായ ലൈംഗികതയായിരിക്കാം. എനിക്ക് അമിത ഭക്ഷണത്തിനാലുള്ള ഒരു ബലഹീനതയുണ്ട്. നിന്റെ ബലഹീനത എന്തുതന്നെയായിരുന്നാലും അതിന് അടിമപ്പെടേണ്ടതില്ലെന്ന് ഓർത്തുകൊള്ളുക. അതിന്റെ മോഹങ്ങളെ അനുസരിക്കാതെയിരിക്കുവാൻ കഴിയും. നീ പരീക്ഷിയ്ക്കപ്പെടുമ്പോൾ ദൈവം നിനക്കായി ഒരു രക്ഷാവഴി തുറന്നുതരും (1 കൊരി. 10:13):

### പുതിയ യജമാനന്റെ കീഴിൽ (6:15-23)

അമേരിക്കൻ ഐക്യനാടുകളിൽ, ചില സ്ഥലങ്ങളിൽ വലിയ അടയാളംസ്ഥാപിച്ചിരിക്കുന്നതു വലിയ ബിസിനസ്സ് കേന്ദ്രങ്ങളിലായിരിക്കും: ഈ വാക്കുകൾ പുതിയ മാനേജ്മെന്റിന്റെ കീഴിൽ എന്ന് ഏഴുതിയിരിക്കും. അതിന്റെയർത്ഥം അവിടെ നടക്കുന്ന കാര്യങ്ങൾക്ക് പുതിയ ജയമാനൻ അഥവാ പുതിയ ഉടമസ്ഥനാണ് എന്നത്രെ. അതിന്റെ ഉദ്ദേശം ആളുകൾക്ക് അതിൽ നിന്നും *കൂടിയ* പ്രയോജനമോ നല്ല സേവനമോ ലഭിയ്ക്കുമെന്നായിരിക്കും. റോമർ 6:15–23 പൗലൊസ് നമ്മുടെ ജീവിതത്തിന്മേൽ ഫലത്തിൽ ഈ

കാര്യം ആണ് പ്രസ്താവിച്ചിരിക്കുന്നത്. കഴിഞ്ഞകാലത്ത് നമ്മുടെ ജീവിതം കൈകാര്യം ചെയ്യുന്നത് പാപവും സാത്താനുമായിരുന്നു. എന്നാൽ നമ്മെ ഒരുവൻ വിലയ്ക്കുവാങ്ങി (1 കൊരി. 6:20). ഇപ്പോൾ നാം *ദൈവീക* മാനേജ്മെന്റിന്റെ കീഴിലാണ്. ഈ വസ്തുത നമ്മുടെ ജീവിതത്തെ സ്വാധീനിക്കണം. ദൈവം നമ്മിൽനിന്നും അധികം പ്രതീക്ഷിക്കാത്ത ലോകവും അധികം പ്രതീക്ഷിക്കുന്നു. കാരണം നാം ഇപ്പോൾ ഒരു പുതിയ ഉടമയുടെ വകയാണ്.

**നീതിയുടെ ദാസന്മാർ (6:19)**

പൗലൊസ് 6:19-ൽ ഇങ്ങനെ എഴുതി "നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിനായി അശുദ്ധിക്കും അധർമ്മത്തിനും അടിമകളാക്കി സമർപ്പിച്ചതുപോലെ ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിനായി നീതിക്ക് അടിമകളാക്കി സമർപ്പിപ്പിൻ".[65] ഞാൻ പൗലൊസിന്റെ പ്രബോധനം വായിച്ചപ്പോൾ ചിലയാളുകൾ ഏകാഗ്രതയോടെ പണം, പ്രശസ്തി അധികാരം എന്നിവയ്ക്കായി പ്രയത്നിക്കുന്നതിനെ ഓർക്കുകയാണ്. അതിനോടു ചേർന്ന് ചിലർ അരമനസ്സോടെ ക്രിസ്ത്യാനിത്വത്തെ സമീപിക്കയും ചെയ്യുന്നതിന്റെ വൈരുദ്ധ്യത്തെ കാണുന്നു. ചിലർക്ക് പാപത്തോട് ഇളക്കമില്ലാത്തതും തകർക്കാൻ സാധിക്കാത്തതുമായ കടപ്പാട് പാപത്തോടുണ്ടെന്നും നീതിയോട് താല്ക്കാലികവും ഐഛികവുമായ ഒരു കടപ്പാടുമാത്രമെ ഉള്ളു എന്നും വെളിപ്പെടുന്നു. എന്നാൽ അതിനെതിരാണ് വേണ്ടത്.[66] ഒരു മനുഷ്യൻ പൗലൊസിന്റെ വെല്ലുവിളിയുടെ സാരം മനസ്സിലാക്കിയിട്ട് അവന്റെ ജീവിതം കർത്താവിന് സമർപ്പിച്ചിട്ട് പറഞ്ഞു "ഞാൻ ഒരു പാപിയായിരുന്നതുപോലെ തന്നെ ഒരു വിശുദ്ധനാകുവാനും ആഗ്രഹിക്കുന്നു" എന്ന്.[67]

**മരണത്തിന് എതിരെ ജീവൻ (6:23)**

മരണത്തിനെതിരെ ജീവൻ എന്നുള്ളതിന്റെ ഫലങ്ങൾ ചിന്തിക്കാം (6:23). ഒരു ദിവസം നിങ്ങൾക്ക് ഏതാണ് ലഭിക്കുന്നത്. ഏതു *ലഭിക്കാനാണ്* നിങ്ങൾ ആഗ്രഹിക്കുന്നത്? നിങ്ങൾ ആരെ സേവിയ്ക്കുമെന്നു ഇന്നുതിരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമുണ്ടെന്ന് പറഞ്ഞിരിക്കുന്നു. എന്നാൽ ഒരിക്കൽ തിരഞ്ഞെടുത്തുകഴിഞ്ഞാൽ, പിന്നീട് നിങ്ങളുടെ തെരഞ്ഞെടുപ്പിന്റെ ഫലം തെരഞ്ഞെടുക്കുവാൻ സ്വാതന്ത്ര്യമില്ല.

ചിലർ പാപത്തിന്റെ അടിമകളാണ്. പക്ഷേ അവർ അതു അറിയുന്നില്ല. വേറെ ചിലർ ദൈവത്തിന്റെ അടിമകളാണെങ്കിലും അതുപോലെ വർത്തിക്കുന്നില്ല. പാപത്തിന്റെ അടിമകളായിരിക്കുകയും അത് മനസ്സിലാക്കാതെയും ഇരിക്കുന്ന ചിലരാണ് അവരുടെ ജീവിതത്തെ ഒരിക്കലും ദൈവത്തിന് കീഴ്പെടുത്തിയിട്ടില്ലാത്തത്. ഈ പാഠത്തിൽ പൗലൊസിന്റെ പ്രാഥമികമായ കരുതൽ പാപത്തിന് മരിച്ചവർ എങ്കിലും അതനുസരിച്ച് ജീവിക്കാത്തവരെക്കുറിച്ചാണ്. നീ ഒരു ക്രിസ്ത്യാനി ആകുന്നു എങ്കിൽ നീ ദൈവത്തിന്റെ അടിമയാണെന്ന് മറക്കരുത്. ദൈവത്തെ പ്രസാദിപ്പിയ്ക്കുന്ന ഒരു നീതിയുള്ള ജീവിതം നയിപ്പാൻ ദൈവം നിന്നെക്കുറിച്ച് ആഗ്രഹിക്കുന്നു.

**കൃപയാലുള്ള രക്ഷ (6:23)**

ദൈവകൃപയാലുള്ള രക്ഷ എന്നതിനെക്കാൾ മഹത്തായ ഒരു വിഷയവും ഇല്ല. തിരുവെഴുത്തുകളിൽ അതിനെ പ്രഖ്യാപിച്ചിരിക്കുന്ന വിളംബരം ചെയ്യ

പ്പെട്ടിരിക്കുന്നു. വിശേഷിച്ച് റോമർ 6:23, എഫെസ്യർ 2:8-10 മുതലായ ഭാഗങ്ങളിൽ. പാട്ടുകളിലും കീർത്തനങ്ങളിലും എന്നിട്ട് ആ വിഷയത്തെക്കുറിച്ച് കാര്യമായ കുഴഞ്ഞു മറിഞ്ഞ സ്ഥിതി നിലനിൽക്കുന്നു.

കൃപയാലുള്ള രക്ഷ എന്തല്ല എന്ന് ചർച്ചചെയ്യുവാൻ ധാരാളം സമയം എടുക്കാം. ഉദാഹരണമായി രക്ഷപെടുവാൻ മനുഷ്യൻ ഒന്നും ചെയ്യേണ്ട എന്ന് അത് പഠിപ്പിക്കുന്നില്ല. രക്ഷ പ്രാപിപ്പാൻ ഞാൻ എന്തുചെയ്യേണം എന്ന് പാപികൾ നിലവിളിച്ചപ്പോൾ (പ്രവർത്തി. 2:37) നിങ്ങൾ ഒന്നും ചെയ്യേണ്ട. നിങ്ങൾ കൃപയാൽ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്ന് പത്രൊസ് പറഞ്ഞില്ല. പിന്നെയോ "നിങ്ങൾ മാനസാന്തരപ്പെട്ടു നിങ്ങളുടെ പാപങ്ങളുടെ മോചനത്തിനായി ഓരോരുത്തൻ യേശുക്രിസ്തുവിന്റെ നാമത്തിൽ സ്നാനമേല്പിൻ (പ്രവർത്തി. 2:38) രക്ഷ ദാനമാണ്. എന്നാൽ ഒരു ദാനം സ്വീകരിക്കപ്പെടണം. ഉപയോഗിയ്ക്കപ്പെടണം. ഇത് നാം വിശ്വാസത്താൽ ചെയ്യുന്നു. എന്ന് വേദപുസ്തകം പഠിപ്പിക്കുന്നു (എഫെസ്യർ 2:8). ഒരു ജീവനുള്ള പ്രവർത്തിയ്ക്കുന്ന അനുസരണമുള്ള വിശ്വാസം (മത്തായി. 7:21, ഗലാ. 5:6, യാക്കൊബ് 2:26) നമ്മുടെ പ്രാഥമികമായ ഉദ്ദേശം, കൃപയാലുള്ള രക്ഷ എന്നത് എന്താണ് അതിന്റെ അർത്ഥം എന്താണ് എന്നതാണ്.

കൃപ എന്ന വാക്കിന്റെ അർത്ഥം അർഹിയ്ക്കാത്ത ദൈവാനുഗ്രഹം എന്നാണല്ലോ. നമുക്ക് സമ്പാദിപ്പാൻ കഴിയാത്തതു. ഒരു എഴുത്തുകാരൻ പറഞ്ഞിരിക്കുന്നത് കൃപ നമുക്ക് ഏറ്റവും ആവശ്യമുള്ളതും നാം അർഹിക്കാത്തതുമാണ് എന്നത്രെ. ഇതിന് ഉദാഹരണമായി അദ്ദേഹം ഒരു കഥ പറഞ്ഞു. ചെറിയ കുട്ടികളെ പഠിപ്പിച്ചുകൊണ്ടിരുന്ന ഒരു അദ്ധ്യാപകൻ കൃപ എന്ന വാക്കിനെ നിർവ്വചിക്കുവാൻ ശ്രമിച്ചിട്ട് അവർക്കു മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. ചില ദിവസങ്ങൾക്കുശേഷം അദ്ധ്യാപകന്റെ തലയിൽ ഒരു മഞ്ഞുകട്ട ഇടിയ്ക്കുവാനായി. അത് കുട്ടികളിലൊരാൾ എടുത്ത് എറിഞ്ഞതായിരുന്നു. ആദ്യം അദ്ധ്യാപകന് കോപം വന്നു എങ്കിലും കുട്ടികളെ മനസ്സിലാക്കുവാനുള്ള ഒരു അവസരം വീണുകിട്ടിയതിനാൽ സന്തോഷിച്ചു. ആ കുട്ടി ഒരു മീൻ പിടിയ്ക്കുന്ന ചൂണ്ടയുടെ കോൽ ആവശ്യമുണ്ടെന്നറിഞ്ഞ് ഒരു ചൂണ്ടൽ കമ്പ് അവന്റെ വീട്ടിൽ കൊണ്ടുപോയി കൊടുത്തു. കുറെ കഴിഞ്ഞ് ആ കുട്ടി ലജ്ജാമുഖനായി അദ്ധ്യാപകന്റെ വീട്ടിൽ ചെന്ന് ഇത് എനിക്ക് സ്വീകരിക്കാൻ സാധിക്കയില്ല എന്നു പറഞ്ഞു. അതിന് അദ്ധ്യാപകൻ അതെനിക്കറിയാം എന്നാൽ ഇത് ഒരു സമ്മാനമായി *കൃപയാൽ* നല്കിയിരിക്കുന്നു. ഇത് *നിനക്കാവശ്യമുണ്ട്* എന്നാൽ നീ ഇതിന് *അർഹനല്ല.*[68]

കൃപ എന്നാൽ അർഹിക്കാത്ത ദാനമാണ്. നമുക്ക് സമ്പാദിയ്ക്കാൻ സാദ്ധ്യമല്ലാ, പിൻപേ പറയുന്ന കാര്യങ്ങൾ ചിന്തിക്കുമ്പോൾ ഇതു മനസ്സിൽ സൂക്ഷിക്കാം.

*മനുഷ്യന് തന്നെത്തന്നെ രക്ഷിപ്പാൻ കഴിയുകയില്ല.* ഒന്നാമത് രക്ഷ കൃപയാൽ ആണ്. എന്നുപറഞ്ഞാൽ മനുഷ്യ പാപത്തിനാൽ നഷ്ടപ്പെട്ടിരിക്കയാണ് തന്നത്താൻ രക്ഷപെടാൻ സാധിക്കില്ല. ഈ കാര്യം മനുഷ്യന്റെ ദുരിതങ്ങളുടെ ചുവട്ടിൽ കൊള്ളുന്നു. അതിന്റെ നിഗളത്തിൽ നമുക്കു ചെയ്യുവാൻ കഴിയുന്നതിനെക്കുറിച്ച് നാം നിഗളിക്കുന്നു. നമുക്ക് ചന്ദ്രനിലേക്ക് ആളെ അയക്കാം. വലിയ കമ്പ്യൂട്ടറുകളുണ്ടാക്കി സങ്കീർണ്ണമായ കണക്കുകൾ സെക്കന്റുകൾ കൊണ്ട് തീർക്കാൻ സാധിയ്ക്കും ഒരു ഔൺസ് റേഡിയോ ആക്റ്റീവ് മെറ്റീരിയൽ കൊണ്ട് വലിയ എനർജി ഉണ്ടാക്കാൻ സാധിക്കും. എന്നാൽ ഒരു കാര്യം നമുക്ക് ചെയ്യുവാൻ സാധിക്കില്ല. നമുക്ക് തന്നെ നമ്മെ രക്ഷിക്കുവാൻ കഴി

യുകയില്ല. റോമർ 3:23 പറയുന്നത്. ‘‘എല്ലാവരും പാപം ചെയ്ത് ദൈവതേജ സില്ലാത്തവരായിത്തീർന്നു.’’ റോമർ 6:23 അതിനോടു ചേർത്തു പറയുന്നു. ‘‘പാപത്തിന്റെ ശമ്പളം മരണമത്രെ’’ നാം എത്ര നല്ലവരായിരുന്നാലും നാം ദൈവത്തിന്റെ ശിക്ഷക്കാണ് നമ്മുടെ *അർഹത*. അത് ആത്മീക മരണമാണ്.

*ദൈവം നമ്മെ സ്നേഹിക്കുന്നു.* കൃപയാലുള്ള രക്ഷ എന്നാൽ ദൈവം നമ്മുടെ നഷ്ടപ്പെട്ട അവസ്ഥ കണ്ട് നമ്മെ സ്നേഹിച്ചു. അത്ഭുതകരമായ വാക്യം പ്രധാനമായി പറയുന്നത് *ദൈവം ലോകത്തെ സ്നേഹിച്ചു* എന്നാണ് (യോഹ. 3:16).

*ദൈവം തന്റെ പുത്രനെ നമുക്കായി തന്നു.* യോഹ. 3:16 തുടരുന്നു. ‘‘ദൈവം തന്റെ ഏകജാതനായ പുത്രനെ തന്നു. എബ്രായർ 2:9-ൽ നാം വായിക്കുന്നത് അല്പസമയത്തേക്ക് ദൂതന്മാരിലും അല്പം ഒരു താഴ്ചവന്നവനായ യേശു മരണം അസ്വദിച്ചതുകൊണ്ട് അവനെ മഹത്വവും മാനവും അണിഞ്ഞവനായി നാം കാണുന്നു. അവിടെ *ദൈവകൃപയാൽ* എല്ലാവർക്കും വേണ്ടി മരണം ആസ്വദിപ്പാൻ വന്ന യേശുവിനെയാണ് മഹത്വവും മാനവും അണിഞ്ഞവനായി കാണുന്നത്.

അല്പനിമിഷങ്ങൾ ക്രൂശിന്മേൽ കിടക്കുന്ന യേശുവിനെ ചിന്തിക്കുക. നമുക്കായി മരിക്കുകയാണ്. അടുത്ത കാലങ്ങളിലായി വധശിക്ഷ ഒഴിവാക്കണമെന്നു വാദിക്കുന്നവർ തൂക്കുകയറിൽ മരിക്കുന്നതിന്റെ രീതികൾ വിശദരമായി പറഞ്ഞുതന്നിട്ടുണ്ട്. വെടിവെച്ചുകൊല്ലുക, വൈദ്യുതി കസേരയിൽ, ഗ്യാസ് ചേംബറിൽ ഇവയൊക്കെ വേഗം തീരുന്നതും അതിനാൽ ദയയോടുകൂടിയതുമാണ്. ക്രൂശീകരണത്തോട് തുലനം ചെയ്യുമ്പോൾ വളരെ ദയയോടുകൂടിയതാണ്.

അതിഭയങ്കരമായ വേദന, വർദ്ധിച്ചുവരുന്ന പനി, ശ്വാസംകിട്ടാൻ പെടുന്ന പാട്, ഇവയെല്ലാം താൻ സഹിച്ച *ആത്മീയ* വേദനയോടും ദുഃഖത്തോടും കൂടി യേശു അനുഭവിച്ച് അവൻ കാൽവറിയിൽ മരിച്ചു. യേശു കുരിശിൽ അനുഭവിച്ച വേദന നമുക്ക് സങ്കൽപ്പിക്കുവാൻ സാദ്ധ്യമല്ല. എന്തിനവൻ അങ്ങനെ മരിച്ചു. തിരുവെഴുത്തുകളിൻ പ്രകാരം ക്രിസ്തു *നമ്മുടെ പാപങ്ങൾക്കുവേണ്ടി* മരിച്ചു (1 കൊരി. 15:3).

*നമുക്ക് രക്ഷപെടാം.* അതുകൊണ്ട് കൃപയാലുള്ള രക്ഷ എന്നുപറഞ്ഞാൽ അവസാനം നമുക്കു *രക്ഷപെടാം* എന്നാണ്. നമുക്കു നൽകുവാൻ കഴിയാത്തത് ദൈവം നൽകി. കൃപയുടെ അവസ്ഥ കാണുക. മനുഷ്യവർഗ്ഗത്തിന് രക്ഷ ആവശ്യമായിരുന്നു. പക്ഷേ അവർക്ക് അതിന് അർഹത ഇല്ലായിരുന്നു. മനുഷ്യവർഗ്ഗത്തിന് രക്ഷ *സമ്പാദിപ്പാൻ* കഴിവില്ലായിരുന്നു. അതു നേടുവാൻ സാദ്ധ്യമല്ലായിരുന്നു രക്ഷ പ്രവർത്തികളുടെ ഫലമായി ലഭിയ്ക്കുന്നതല്ല ആരും അതിൽ പ്രശംസിയ്ക്കുവാൻ പാടില്ല (എഫെ. 2:9). നാം രക്ഷപ്പെടണമെങ്കിൽ അത് *കൃപ* മൂലം മാത്രമായിരിക്കണം.

പ്യൂരിട്ടന്മാർ ഇംഗ്ലണ്ടിൽ ഒരു വിപ്ലവം നടത്തുവാൻ ഒരുങ്ങുമ്പോൾ തന്റെ നിലപാടു ഉപേക്ഷിച്ചുപോയ ഒരാളെ ഒലിവർ ക്രോംവെല്ലിനു മുമ്പിൽ കൊണ്ടുവന്നു ഒരു മടിയും കൂടാതെ അവനെ കൊല്ലുവാൻ ഒലിവർ ക്രോംവെൽ ആജ്ഞാപിച്ചു. അതെ ദിവസം സന്ധ്യാസമയം തന്നെ ശിക്ഷ നടക്കട്ടെ എന്നു പ്രഖ്യാപിച്ചു. ആ മനുഷ്യന്റെ പ്രിയപ്പെട്ടവൾ ക്രോംവെല്ലിനോടു ശിക്ഷ പുനഃപരിശോധിയ്ക്കണമെന്നപേക്ഷിച്ചു. സാദ്ധ്യമല്ല എന്ന് മറുപടി.

അടുത്തതായി അവൾ ഗ്രാമത്തിൽ ഓരോ ദിവസവും സന്ധ്യാസമയത്ത് മണിയടിക്കുന്ന ആളിനെ കാണുവാൻ പോയി. അവന് ചെവികേൾക്കാൻ പാടില്ലാത്തവനായിരുന്നു. എങ്കിലും അന്നത്തെ ദിവസം മണിയടിക്കരുതെന്ന് ഒരു വിധത്തിൽ അയാളെ മനസിലാക്കിച്ചു. അയാളും അവളുടെ അപേക്ഷ

നിരസിച്ചു. ഒടുവിൽ അവൾ ആ മണിസൗധത്തിന്റെ ഇരുട്ടിൽ കൂടി കയറി ച്ചെന്നു. അവൾ ആ മണിയുടെ ഇരുമ്പുകൊണ്ടുള്ള നാവിന്മേൽ അവളുടെ മൃദുവായ ചൂടായ കൈത്തലങ്ങൾ മുറുകെപ്പിടിച്ചു. സമയത്ത് ആ കപ്യാർ മണിയുടെ കയർ വലിച്ചു. അവൾ ആ പട്ടണത്തിനു മുകളിലായി തൂങ്ങി നിന്നു. ക്രോംവെല്ലിന്റെ ആളുകൾ മണിശബ്ദം മുഴങ്ങാൻ കാത്തുനിന്നു. ഫലമില്ല. മണി മുഴങ്ങിയില്ല. അവർക്ക് അയാളെ കൊല്ലുവാനും സാധിച്ചില്ല.

മണി മുഴങ്ങാത്തതിന്റെ കാരണം ക്രോംവെൽ അന്വേഷിച്ചു. ആ പെൺകുട്ടി മുമ്പിൽ കൊണ്ടുവരപ്പെട്ടു. അവളുടെ കൈകൾ മുറിഞ്ഞ് രക്തം ഒലിച്ച് ചതഞ്ഞ് ഒടിഞ്ഞു കാണപ്പെട്ടു. നിന്റെ സ്നേഹം ഈ പ്രയോജനമില്ലാത്ത ഓടിപ്പോയവനെ രക്ഷിച്ചിരിക്കുന്നു. അവനെ കൊണ്ടുപോകൂ. നിന്റെ സ്നേഹം അവനെ വീണ്ടെടുത്തിരിക്കുന്നു.

ഈ സമാന്തരകഥ പൂർണ്ണ അർത്ഥം തരുന്നില്ല. എന്നാൽ നിങ്ങൾ ദൈവ മുമ്പാകെ ന്യായം വിധിക്കപ്പെട്ടു നില്ക്കുകയാണെന്നു സങ്കല്പ്പിക്കുക. നീ നിനക്കാവുന്നിടത്തോളം എല്ലാം നന്നായി ചെയ്തിട്ടുണ്ട്. കഴിവുള്ളിട ത്തോളം എല്ലാം അനുസരിച്ചിട്ടുമുണ്ട് എന്നാൽ നിന്റെ ഏറ്റവും നല്ല ശ്രമം പോരാ, നിങ്ങൾ നിങ്ങൾക്കാവോളം ദൈവേഷ്ടം ചെയ്തിട്ടുണ്ടെങ്കിൽ യേശു നിന്റെ പക്ഷത്തുണ്ട് എന്നു ചിന്തിക്കുന്നത് എത്ര സന്തോഷകരം. യേശു തന്റെ ആണിതറയ്ക്കപ്പെട്ട കൈകളാലും വിലാപ്പുറത്തെ മുറിവുകളോടും നെറ്റിയിലെ മുറിവുകളോടും കൂടെ നിനക്കു ചെയ്യുവാൻ സാധിയ്ക്കാത്തത് സാധിപ്പാൻ മരിച്ചവൻ നമ്മോടു കൂടെയിരിക്കും.

*ദൈവം നമ്മെ തുടർന്നും സഹായിച്ചുകൊണ്ടിരിക്കുന്നു.* ക്രിസ്ത്യാനി യാകുവാൻ മാത്രമല്ല ദൈവകൃപ നമുക്കാവശ്യമുള്ളത് ക്രിസ്തീയ ജീവിതം നയിപ്പാനും നമുക്ക് കൃപ ആവശ്യമാണ്. നാം നമ്മുടെ കഴിവുകളനുസരിച്ച് അവനുവേണ്ടി ജീവിച്ചാൽ ആ *കൃപ* തുടർന്നും ലഭിക്കും. പൗലൊസിനെ ജഡത്തിൽ ഒരു ശൂലം ഉണ്ടായിരുന്നു. ദൈവം പൗലൊസിനോട് ''എന്റെ കൃപ നിനക്കു മതി എന്നു പറഞ്ഞു'' (2 കൊരി. 12:9). 2 പത്രൊസ്. 3:18-ൽ പത്രൊസ് നാം അവന്റെ കൃപയിലും പരിജ്ഞാനത്തിലും *വളരണ*മെന്നു പറഞ്ഞു.

*സമാപനം.* നിഷേധാർത്ഥത്തിൽ പറഞ്ഞാൽ കൃപയാലുള്ള രക്ഷ ''ദൈവ മെല്ലാം ചെയ്തുകൊള്ളും നാം ഒന്നും ചെയ്യേണ്ടതില്ല'' എന്നു പഠിപ്പിക്കുന്നില്ല. കൃപയാൽ രക്ഷിക്കപ്പെടണമെങ്കിൽ ദൈവം പറയുന്നത് നാം ചെയ്യണം. നാം യേശുവിൽ വിശ്വസിക്കണം (യോഹ 3:16). നമ്മുടെ പാപങ്ങളെക്കുറിച്ച് അനുതപിക്കണം (ലൂക്ക് 13:3). നമുക്ക് യേശുവിലുള്ള വിശ്വാസം ഏറ്റുപറയണം. (മർക്കൊ. 10:32) പാപങ്ങളുടെ മോചനത്തിനായി വെള്ളത്തിൽ മുഴുകൽ സ്നാനമേല്ക്കണം. (പ്രവൃത്തി 2:38) വിശ്വസ്തരായി ക്രിസ്തീയ ജീവിതം നയിക്കണം (റോമർ 2:10).

ഇതെല്ലാം ചെയ്താലും കൃപയാലുള്ള രക്ഷ വ്യക്തമായി സമ്മതിക്കുന്നത് നാം അപ്രയോജന ദാസന്മാരാണെന്നാണ് (ലൂക്കോ. 17:10). എന്നാൽ ദൈവം തന്റെ ഏക ജാതനായ പുത്രനെ നമുക്കായി മരിക്കുവാൻ ഏൽപിക്കുവാന്ത ക്കവണ്ണം നമ്മെ സ്നേഹിച്ചു നാം രക്ഷിക്കപ്പെടേണ്ടതിന് *കൃപയാലുള്ള* ഈ രക്ഷയെന്താണെന്നു മനസ്സിലാക്കി അതിനെ അഭിനന്ദിക്കുവാൻ കഴിഞ്ഞാൽ നാം ദൈവത്തെ അനുസരിക്കുവാൻ മടിക്കുകയില്ല. നമ്മുടെ ജീവിതം അവന നായി നൽകും!

ന്യൂഓർലിയൻസ് പട്ടണത്തിൽ പഴയകാലത്തെ അടിമചന്ത ഇന്നും സൂക്ഷി

ച്ചിട്ടുണ്ട്. അവിടെ ഒരു ഭാഗം ഉണ്ട്. അവിടെ മനുഷ്യരെ മൃഗങ്ങളെപോലെ നിർത്തി കച്ചവടം ചെയ്തുവന്നു. ഒരു സ്ഥലത്തു ഇങ്ങനെ എഴുതിയിരിക്കുന്നതുകാണാം. ഒരു അപരിചിതൻ ആ സ്ഥലത്തു കൂടി കടന്നുപോയി. ഒരു പ്രാവശ്യം അദ്ദേഹം കടന്നുപോകുമ്പോൾ ഒരു യുവതിയെ വില്ക്കുവാൻ തുടങ്ങുന്നതു കണ്ടു. അവൾ കരയുന്നുണ്ടായിരുന്നു. ആ വരിയിലുണ്ടായിരുന്ന പലരും നിസംഗതരായിട്ടോ ചിലർ ഒരു പ്രയാസവും കാണിയ്ക്കാതെയും കാണപ്പെട്ടു. എന്നാൽ ഈ യുവതി എപ്പോഴെങ്കിലും ലേലക്കാർ ബ്ലോക്കിൽ അടിക്കുമ്പോൾ കരഞ്ഞുകൊണ്ടിരുന്നു.

അപരിചിതൻ ചോദ്യങ്ങൾ ചോദിച്ചു. അവൾ ഒരു നല്ല ഭവനത്തിൽ വളർത്തപ്പെട്ടവളാണെന്നും ദയയുള്ള പെരുമാറ്റം ലഭിച്ചിരുന്നവളെന്നും മനസ്സിലാക്കി. എന്നാൽ അവളുടെ യജമാനൻ പാപ്പരായി അവന്റെ സ്വത്തുക്കൾ എല്ലാം വിൽക്കേണ്ടി വന്നു. അവൾക്ക് എന്തു വിലവരുമെന്നു ചോദിച്ചു. വലിയ ഒരു തുക പറഞ്ഞെങ്കിലും തൽക്ഷണം അതുകൊടുത്ത് അയാൾ അവളെ വാങ്ങി. ഉടനെ തന്നെ അയാൽ ഒപ്പുവച്ച കടലാസ് അവൾക്കുതന്നെ കൊടുത്തിട്ടു പറഞ്ഞു. ഇതു നിനക്കാണ് നീ സ്വതന്ത്രയായിരിക്കുന്നു. ആദ്യം അവൾക്ക് അതിന്റെ അർത്ഥം മനസ്സിലായില്ല. പിന്നീട് അവർ അതു മനസ്സിലാക്കി അദ്ദേഹം പോകുവാൻ തുടങ്ങിയപ്പോൾ അവൾ അയാളുടെ പാദത്തിൽ വീണ് ഞാൻ എന്റെ ആയുസിന്റെ നാളുകൾ മുഴുവനും നിന്നെ സേവിയ്ക്കും എന്നു പറഞ്ഞു. വർഷങ്ങൾ പിന്നിട്ടു. ആളുകൾ അവളുടെ സ്വമേധയായും സ്നേഹപൂർവ്വമായും ഉള്ള സേവനം കണ്ട് അതിനെക്കുറിച്ച് അഭിപ്രായങ്ങൾ പറഞ്ഞപ്പോൾ അവൾ ഇങ്ങനെ മറുപടി പറഞ്ഞു. "അദ്ദേഹം എന്നെ വീണ്ടെടുത്തു".

ദൈവം നിന്നെ സ്നേഹിക്കുന്നു. യേശു നിനക്കായി മരിച്ചു. നീ കൃപ *സ്വീകരിച്ച്* നിന്റെ സ്വന്തമായ സ്നേഹപൂർവ്വമായ അനുസരണത്താൽ അവനെ സേവിക്കുക.

---

കുറിപ്പുകൾ

[1]Richard Rogers, *Paid in Full: A Commentary on Romans* (Lubbock, Tex.: Sunset Institute Press, 2002), 86. [2]R. C. Bell, *Studies in Romans* (Austin, Tex.: Firm Foundation Publishing House, 1957), 49. [3]Dietrich Bonhoeffer, *The Cost of Discipleship*, rev. and unabr. ed. (New York: The Macmillan Co., 1963), 45. [4]Ibid., 47. [5]Jim Hylton, *Just Dying to Live* (Kalamazoo, Mich.: Master's Press, 1976), 49. [6]John R. W. Stott, *The Message of Romans: God's Good News for the World*, The Bible Speaks Today (Downers Grove, Ill.: Inter-Varsity Press, 1994), 168 (emphasis added). [7]*The Analytical Greek Lexicon* (London: Samuel Bagster & Sons, 1971), 3. [8]Douglas J. Moo, *Romans*, The NIV Application Commentary (Grand Rapids, Mich.: Zondervan Publishing House, 2000), 196. [9]Stott, 173. [10]Moo, 196 (emphasis added).

[11]F. F. Bruce, *The Letter of Paul to the Romans* , 2d ed., The Tyndale New Testament Commentaries (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1985), 128. [12]F. F. Bruce, *Commentary on the Book of Acts*, The New International Commentary on the New Testament (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1954), 77. [13]Blessings found "in Christ" are listed in Jimmy Allen, *Survey of Romans*, 7th ed. (Searcy, Ark.: By the author, 1994), 64–65. [14]William Barclay, *The Letter to the Romans*, rev. ed., The Daily Study Bible (Philadelphia: Westminster Press, 1975), 86. [15]James Macknight, *A New Literal Translation, from the Original Greek of All the Apostolical Epistles with a Commentary and Notes* (N.p.: n.d.; reprint, Grand Rapids, Mich.: Baker Book House, 1984), 84. [16]Barclay, 84. [17]Macknight, 85. [18]Anders Nygren, *Commentary on Romans* (Philadelphia: Fortress Press, 1949), 233–34. [19]Moo, 204; James D. G. Dunn, *Baptism in*

*the Holy Spirit* (London: SCM, 1970), 145. [20]Bruce, *Romans*, 129.

[21]Walter W. Wessel, Notes on Romans, *The NIV Study Bible*, ed. Kenneth Barker (Grand Rapids, Mich.: Zondervan Publishing House, 1985), 1713. [22]Leon Morris, *The Epistle to the Romans* (Grand Rapids, Mich.: Wm. B. Eerdmans Publishing Co., 1988), 249. [23]Walter Bauer, *A Greek-English Lexicon of the New Testament and Other Early Christian Literature*, 3d ed., rev. and ed. Frederick W. Danker (Chicago: University of Chicago Press, 2000), 960. [24]Since the future tense is used here ("shall . . . be"), many writers believe that Paul had in mind our resurrection when Christ returns (see 1 Cor. 15:35– 58); but the context favors the idea of our being raised from the waters of baptism. Perhaps the wording is intended to emphasize the certainty of being raised to newness of life when we are baptized. [25]Stott, 176. [26]D. Stuart Briscoe, *Romans*, The Communicator's Commentary (Waco, Tex.: Word Books, 1982), 135. "A.D." stands for the Latin phrase *Anno Domini* ("in the year of [our] Lord"). [27]Adapted from David F. Burgess, comp., *Encyclopedia of Sermon Illustrations* (St. Louis: Concordia Publishing House, 1988), 55. [28]Talmud *Shabbath* 151b. [29]Bruce Barton, David Veerman, and Neil Wilson, *Romans*, Life Application Bible Commentary (Wheaton, Ill.: Tyndale House Publishers, 1992), 118. [30]Morris, 255.

[31]W. E. Vine, Merrill F. Unger, and William White, Jr., *Vine's Complete Expository Dictionary of Old and New Testament Words* (Nashville: Thomas Nelson Publishers, 1985), 445. [32]James R. Edwards, *Romans*, New International Biblical Commentary (Peabody, Mass.: Hendrickson Publishers, 1992), 164. [33]Bauer, 458. [34]Ibid., 778. [35]Edwards, 165. [36]Vine, 329. Morris, on the other hand, argued that "nothing in the context indicates warfare" (Morris, 258, n. 62). [37]Barclay, 87. [38]J. D. Thomas, *Romans*, The Living Word (Austin, Tex.: R. B. Sweet Co., 1965), 44. [39]Jim McGuiggan, *The Book of Romans*, Looking Into The Bible Series (Lubbock, Tex.: Montex Publishing Co., 1982), 201. [40]Moo, 200.

[41]Bell, 56. [42]The law of Moses was no doubt foremost in Paul's mind in this discussion (see 7:7); but there is no definite article before the Greek word for "law," so the application is wider than just the law of Moses. [43]Rogers, 92; McGuiggan, 202; James Burton Coffman, *Commentary on Romans* (Austin, Tex.: Firm Foundation Publishing House, 1973), 238. [44]Bruce, *Romans*, 134. [45]Moo, 210. [46]Bauer, 1020. [47]It is worth noting that the word "delivered" in 1 Corinthians 15:3 is from the same Greek word that is translated "committed" in Romans 6:17. [48]Barton, Veerman, and Wilson, 125. [49]Barclay, 89. [50]Macknight, 87.

[51]Edwards, 173. [52]Halford E. Luccock, *Preaching Values in the Epistles of Paul*, vol. 1, *Romans and First Corinthians* (New York: Harper & Brothers, 1959), 43. [53]Adapted from McGuiggan, 204. [54]Barclay, 91; see Edwards, 175. [55]Once more Paul stated that God's blessings are "*in* Christ" (see comments on 6:3). [56]This idea is taken from Hylton, 49. [57]F. B. Meyer, *Back to Bethel: Separation from Sin, and Fellowship with God* (Chicago: Bible Institute Colportage Association, 1901), 78. Augustine (A.D. 354–was a noted Latin church father. [58]Briscoe, 131; Bruce, *Romans*, 127. [59]Sermon preached by Glen Pace at Judsonia church of Christ, Judsonia, Arkansas, n.d. (c. 2001). [60]Thomas, 43.

[61]Quoted by Dale Hartman, sermon preached at Eastside church of Christ, Midwest City, Oklahoma, 7 March 2004. [62]William S. Banowsky, "The Vaccine Against Death," *The Now Generation and Other Sermons* (Austin, Tex.: Sweet Publishing Co., 1969), 28. [63]Barclay, 83–84. We would correct Barclay's wording somewhat, but it comes close to expressing what New Testament baptism was. [64]Jim Townsend, *Romans: Let Justice Roll Down* (Elgin, Ill.: David C. Cook Publishing Co., 1988), 44. [65]Moo, 211. [66]Briscoe, 140. [67]Quoted in Warren W. Wiersbe, *The Bible Exposition Commentary*, vol. 1 (Wheaton, Ill.: Victor Books, 1989), 533. [68]Adapted from C. Roy Angell, *Baskets of Silver* (Nashville: Broadman Press, 1955), 49–51.